അക്ഷരവൃക്ഷം

കുട്ടികളുടെ അവധിക്കാല
സർഗ്ഗസൃഷ്ടികൾക്കൊരിടം



# കോവിഡ് 19
# കവിതകൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള
ലോക്ഡൗൺ പശ്ചാത്തലത്തിൽ
വീടുകൾക്കുള്ളിൽ അവധിക്കാലം ചെലവഴിച്ച
കുട്ടികളുടെ സർഗ്ഗാത്മക രചനകൾ



കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

## അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം

# കോവിഡ് 19
# കവിതകൾ


കേരളസർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

**ഏപ്രിൽ 2020**

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Cover: N. T. Rajeev, GHSS, Thariode, Wayanad
Layout: Dileep R. S, Mahadevan C. and Sudheer A.
Printed at SCERT Press
© Department of Education, Government of Kerala



**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**കേരള സർക്കാർ**

**സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം–695 001**

നം.395/പ്രസ്/സി.എം.ഒ/2020.

ഏപ്രിൽ 17, 2020.

## സന്ദേശം

പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിയ അക്ഷരവൃക്ഷം പദ്ധതി സഫലമായിരിക്കുന്നു. കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ അധ്യയനം മുടങ്ങിയ വിദ്യാലയങ്ങൾ ഇപ്പോഴും വിദ്യാർത്ഥികൾക്കൊപ്പമുണ്ട് എന്ന സന്ദേശമാണ് ഈ പദ്ധതി നൽകുന്നത്. വിദ്യാഭ്യാസത്തിന്റെ മുഖ്യധർമ്മം പുതിയ തലമുറയെ സ്വതന്ത്രചിന്തയും ഭാവനയുമുള്ളവരായി വികസിപ്പിച്ചെടുക്കുക എന്നതാണ്. നാം നമ്മുടെ വിദ്യാർത്ഥികൾക്ക് പകർന്നു നൽകുന്ന അറിവുകളും കഴിവുകളുമെല്ലാം അവർക്ക് അവരായി വളരാനും സമൂഹത്തിന്റെ നന്മയ്ക്കായി പൊരുതാനും വേണ്ടിയുള്ളതാണ്. അക്ഷരവൃക്ഷം പദ്ധതിയുടെ ഭാഗമായി പതിനായിരത്തോളം വിദ്യാർത്ഥികൾ പരിസ്ഥിതി, ശുചിത്വം, രോഗപ്രതിരോധം എന്നീ മർമ്മപ്രധാനമായ വിഷയങ്ങളിൽ അവരുടെ മനസ്സിനെയും ചിന്തയെയും വ്യാപരിപ്പിക്കുകയും കഥകളിലൂടെയും കവിതകളിലൂടെയും ലേഖനങ്ങളിലൂടെയും അവ പ്രകടിപ്പിക്കുകയും ചെയ്തു എന്നറിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്.

വിദ്യാർത്ഥികൾ അയച്ചുനൽകിയ രചനകളിൽ നിന്ന് വിദഗ്ധ സമിതി തിരഞ്ഞെടുത്ത എല്ലാ രചനകളും സ്കൂൾ വിക്കിയിലൂടെയും പുസ്തക രൂപത്തിലും പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു എന്ന് അറിയുന്നു. ആദ്യ വാല്യമാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്. പദ്ധതിയിൽ പങ്കാളികളായ എല്ലാ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. ഇത്തരം ഒരാശയം മുന്നോട്ടുവയ്ക്കുകയും അത് സഫലമാക്കാനായി നിരന്തരം പ്രവർത്തിക്കുകയും ചെയ്ത പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ എല്ലാവർക്കും ആശംസകൾ.

**പിണറായി വിജയൻ**

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in

# അക്ഷരവൃക്ഷം പൂവണിഞ്ഞു



മാവനരാശി അത്യപൂർവമായി അഭിമുഖീകരിക്കേണ്ടി വന്ന മഹാമാരികളിൽ ഒന്നായ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ താൽക്കാലികമായി അടച്ചിടുകയും എല്ലാവിധ ഔപചാരിക അക്കാദമിക പ്രവർത്തനങ്ങൾക്ക് പ്രതിബന്ധം ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിലാണ് **'അക്ഷരവൃക്ഷം'** എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചത്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പരിസ്ഥിതി, ശുചിത്വം, രോഗപ്രതിരോധം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി കഥ, കവിത, ലേഖനം എന്നിവ രചിച്ചു കൊണ്ടാണ് അവർ പദ്ധതിയുടെ ഭാഗമായത്. ഇംഗ്ലീഷിലും മലയാളത്തിലും രചനകൾ അയയ്ക്കാൻ അവസരം നല്കി. സ്കൂൾ സംവിധാനങ്ങൾ, കൈറ്റുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ എന്നിവയെല്ലാം കുട്ടികളുടെ സഹായത്തിനെത്തി. അങ്ങനെ ശേഖരിച്ച രചനകളിൽ നിന്നും കോവിഡ് 19 നെ അടിസ്ഥാനമാക്കി തെരഞ്ഞെടുത്ത കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവയുടെ ആദ്യഭാഗമാണ് കേരളത്തിലെ പൊതുസമൂഹത്തിനു മുമ്പിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. തുടർന്ന് ഏറെ താമസിയാതെ പരിസ്ഥിതി, ശുചിത്വം, ആരോഗ്യം എന്നിവയെ അധികരിച്ചുള്ള രചനകൾ പ്രസിദ്ധീകരിക്കുന്നതാണ്.

വിദ്യാർത്ഥികളുടെ സർഗ്ഗഭാവനകൾ കോർത്തിണക്കിക്കൊണ്ടുള്ള ഈ സമാഹാരം സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിന് എന്നും അഭിമാനം പകരുന്നതാണ്. പുതിയ ചിന്തകളും ഭാവനയും ഇതിൽ സമന്വയിക്കുന്നു. കേരളത്തിന്റെ ശോഭനമായ ഭാവി ഇതിൽ നമുക്ക് ദർശിക്കാം. അറിവ്, പ്രതിരോധം, മുൻകരുതൽ, കൂട്ടായ പ്രയത്നം എന്നിവയിലൂടെയാണ് പ്രതിസന്ധി ഘട്ടങ്ങളെ നാം അതിജീവിച്ചത്. ഒരു പകർച്ചവ്യാധിക്കും

ദുരന്തത്തിനും കീഴ്പ്പെടുത്താനാകാത്തതാണ് തലമുറകളുടെ ആത്മധീരതയിലൂടെ ഉയിർകൊള്ളുന്ന കേരളത്തിന്റെ കരുത്ത് എന്ന് വിളംബരം ചെയ്യുന്നവയാണ് ഈ സമാഹാരത്തിലെ രചനകൾ. പ്രസിദ്ധീകരണയോഗ്യം എന്ന് വിദഗ്ദ്ധസമിതി സാക്ഷ്യപ്പെടുത്തിയിട്ടുള്ള എല്ലാ രചനകളും സ്കൂൾ വിക്കിയിലൂടെ ലോകത്തെവിടെയുമുള്ള മുഴുവൻ വായനക്കാർക്കും ലഭ്യമാക്കുന്നതാണ്.

രചനകൾ അയച്ച് പദ്ധതിയോട് സഹകരിച്ച എല്ലാ വിദ്യാർത്ഥികളേയും അഭിനന്ദിക്കുന്നു. പദ്ധതിക്കു വേണ്ട പശ്ചാത്തല പ്രവർത്തനങ്ങൾ അർപ്പണമനസ്സോടെ നിർവ്വഹിച്ച അദ്ധ്യാപകർ, കൈറ്റ് ജീവനക്കാർ, എസ്.സി.ഇ.ആർ.ടി. ജീവനക്കാർ, എസ്.എസ്.കെ. ജീവനക്കാർ എന്നിവർക്കും ആശംസ രേഖപ്പെടുത്തട്ടെ. വിദ്യാർത്ഥികളുടെ രചനകൾ സൂക്ഷ്മമായി പരിശോധിച്ച് പ്രസിദ്ധീകരണത്തിന് സജ്ജമാക്കാൻ പ്രയത്നിച്ച വിദഗ്ദ്ധസമിതി അംഗങ്ങളേയും നന്ദി അറിയിക്കുന്നു.

ആശംസകളോടെ,

**പ്രൊഫ.സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**എ. ഷാജഹാൻ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ സെക്രട്ടറി

**ജീവൻബാബു.കെ. ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**കെ.അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**ഡോ.എ.പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ

# കൊറോണലോകം

ലോകം മുഴുവനും
തിരക്കിലാണ്
ആർക്കും ആരെയും
ഒന്ന് നോക്കാനും
നോക്കിയിട്ടൊന്നു ചിരിക്കാനും
നേരമ്പോക്കൊന്ന് പറയാനും
നേരമില്ല..

കൊറോണ വന്നൊരു
കാലം നോക്കെ...
നേരമില്ലാത്തവർക്കൊക്കെ
നേരമായല്ലോ..

ഫാസ്റ്റ് ഫുഡില്ല
ഫാഷൻ ഷോയില്ല
വേഷം കേട്ടൊന്നും
ഭേഷായിട്ടില്ല...
അമ്മയ്ക്കും അച്ഛനും
നേരമുണ്ട് ഞങ്ങളെ
നോക്കാനും നേരമുണ്ട്...

കൂടപ്പിറപ്പുകൾക്ക്
കരുത്തു നൽകാൻ
ഒപ്പമല്ല മുന്നിൽതന്നെയല്ലേ
നല്ല ലക്ഷ്യബോധമുള്ളോരു
സർക്കാരുമുണ്ടുകൂടെ...

തമ്മിലുള്ള അകലം
കൂട്ടേണ്ടതുണ്ട്
ഒറ്റയ്ക്ക്ക്കിരിക്കുവാൻ
ശ്രമിക്കേണ്ടതുണ്ടിപ്പോൾ
ഒറ്റക്കെട്ടായിട്ടകറ്റും കൊറോണയെ....



**കനിഹ**
9 E
ഗവ. എച്ച്.എസ്.എസ്. അയ്യൻ കോയിക്കൽ
ചവറ ഉപജില്ല, കൊല്ലം

# നല്ല നാളേയ്ക്കായ്

മഹാമാരിയെ തടുക്കാനായ്
വിട്ടുനിൽക്കാം കൂട്ടരെ
വിട്ടുനിന്ന് കൂട്ടുകൂടി
വേണ്ടതൊക്കെ ചെയ്തിടാം
ലോക നന്മ വന്നുചേരാൻ
നല്ല നാളെ പുലർന്നിടാൻ
കൈ കഴുകൽ ശീലമാക്കി
കൂട്ടം കൂടാതിരുന്നെന്നാൽ
ശുദ്ധമായ ശുചിത്വത്തെ
മൊത്തമായി ഗണിച്ചെന്നാൽ
കയറുകില്ലൊരു വൈറസും
കടക്കുകില്ലൊരു രോഗവും
അകലങ്ങളിൽ ഒന്നായ്
അതിജീവിക്കാം നമുക്കൊന്നായ്
അതിജീവിക്കാം

**ഭാഗ്യ**
3 D ഗവൺമെൻറ്, മോഡൽ ഗേൾസ് എച്ച്.എസ്.എസ് പട്ടം
തിരുവനന്തപുരം നോർത്ത് ഉപജില്ല
തിരുവനന്തപുരം

# സമകാലീനം

ഞാനും അനിയത്തിയും കൂടി വീട്
തല കുത്തി നിർത്തുമ്പോൾ
അമ്മയുടെ ആത്മഗതം:
'ഈ കൊറോണ എപ്പോൾ കഴിയുമെൻറീശ്വരാ'
'അവധിക്കാലം തുടങ്ങാൻ പോകുന്നതേയുള്ളൂ...
ഇപ്പോഴേ നീ തകർന്നോന്ന് 'അച്ഛൻ.
അടുക്കളപ്പുറത്തെ സ്വന്തം വീട്ടിൽ നിന്നും പണി കഴിഞ്ഞ്
അനിയത്തി വരുമ്പോൾ അമ്മ വീണ്ടും ചോദിച്ചു.
'ഏതാണ് ഈ ഭൂതം'?
ഭൂതം ചിരിച്ചു കൊണ്ട് ചോദിച്ചു ,'അച്ഛാ എന്നെ കുളിപ്പിക്കാമോ'
പഴയ പുസ്തകങ്ങളും കുപ്പിവളകളും അടുക്കി വയ്ക്കുമ്പോൾ
ആറാം ക്ലാസിൽ ഒളിപ്പിച്ചു വച്ച
ഒരു മയിൽപ്പീലിത്തുണ്ട് ഞാൻ കണ്ടു.
'അനന്തമായി പറന്നുനടക്കാനാണെനിക്കിഷ്ടം.
എന്നെ ഒന്നു പറത്തി വിട്ടുകൂടേ'
ആ മയിൽപ്പീലി എന്നോടു ചോദിച്ചു.
'പുറത്തു കൊറോണയാണ്
കുറച്ചു ദിവസം കഴിയട്ടേ 'ഞാൻ പറഞ്ഞു.
'ആയിക്കോട്ടേ.. പക്ഷേ എന്നെ മറക്കരുത് 'എന്നു മയിൽപ്പീലി
അതു കേട്ട് അവിടെയിരുന്ന കുറേ വളപ്പൊട്ടുകൾ
മെല്ലെ ചിരിച്ചു ഞാൻ മെല്ലെ പുറത്തേക്കിറങ്ങി
'ഫേസ് മാസ്ക് ഉണ്ടോ'?
അതിർ വരമ്പുകളിലെ ചെമ്പരത്തിപ്പൂക്കൾ
എന്നോട് ചോദിച്ചു.
ഞങ്ങൾക്കും പേടിയാണ്
മെല്ലെ വീഴുന്ന ജലകണങ്ങളിലേക്ക്
ചെമ്പരത്തി പാളി നോക്കി
'മഴയല്ല, സാനിറ്റൈസറാണ്".
സാമൂഹിക അകലം പാലിച്ചുകൊണ്ട്
കാറ്റ് പറഞ്ഞു.

**ദേവതീർഥ**
9 ബി ജി എച്ച് എസ് എസ് മാതമംഗലം
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# സീൻ കോൺട്ര

വാറുണ്ണിയുടെ തോക്കോ
മുരുകന്റെ ശൂലമോ
പ്രയോഗിക്കാൻ പുലിയല്ല!
ഡോക്ടർ സണ്ണിയെ വിളിച്ച്
ഹിപ്നോട്ടൈസ് ചെയ്യിക്കാൻ
മനോരോഗിയായ ഗംഗയല്ല!
മേപ്പാടനെയോ കത്തനാരെയോ
വിളിച്ചൊഴിപ്പിക്കാൻ
ആകാശഗംഗയുമല്ല
ദാസനും വിജയനുമായിരുന്നേൽ
പവനായി മതിയായിരുന്നു!
പിന്നെയുള്ളത് പ്രതാപചന്ദ്രന്റെ
ഡയലോഗാ
കേട്ടോടാ തോമാച്ചാ, എനിക്കങ്ങ്
ഡൽഹിയിലുമുണ്ടെടാ പിടി
രാഷ്ട്രീയക്കാരനായിരുന്നേൽ
വിരണ്ടേനെ
ഇതുപക്ഷേ വൈറസായിപ്പോയി
ദൃശ്യത്തിലെ ജോർജുകുട്ടി കളിക്കണം
ബുദ്ധിപൂർവ്വം കരുതലോടെ
പടരാതെ സോപ്പിട്ട് തേച്ച്മാച്ച് കളയണം

**ആദിത്യൻ ബി.കെ**
8 B
ജി എച്ച് എസ് എസ് ആയാപറമ്പ്
ഹരിപ്പാട് ഉപജില്ല, ആലപ്പുഴ

# പൊട്ടക്കൊറോണ

കാണാമറയത്തിരിക്കും കൊറോണ,
കാണാതെ പേടിപ്പെടുത്തും കൊറോണ,
കാണാതെ കേറിപ്പരക്കും കൊറോണ,
കാണാപ്പരലോകമേകും കൊറോണ !

കാശുള്ളവരെന്നുമില്ലാത്തോരെന്നും,
കാക്കക്കറുമ്പർ, വെളുത്തോരുമെന്നും,
കാക്കാതെയെല്ലാരുമൊന്നായി നമ്പും
കാലന്റെലോകത്തെ വാഴ്ത്തും കൊറോണ!

ഇല്ലാ മരിക്കാനെനിക്കൊട്ടുമിഷ്ടം,
നല്ലോരുജന്മം തുലക്കില്ലഞങ്ങൾ ;
വല്ലാതെവന്നു വിറപ്പിക്കുമെങ്കിൽ
തെല്ലുംമടിക്കില്ല നിന്നെത്തുരത്താൻ !

ലോകംമുഴുവൻ വസിക്കുംമനുഷ്യർ
കൈകാൽകൾ നന്നായ് ശുചിത്വംവരുത്തി
പൂകാതെരോഗാണുദേഹത്തിലെങ്ങും
വൈകാതെതന്നെ നശിപ്പിക്കുമല്ലോ !

വീട്ടിന്നകംപൂകിയെല്ലാരുമൊപ്പം
പൂട്ടും കൊറോണയെ വ്യാപിച്ചിടാതെ;
ഒട്ടുംജയിക്കാതെ നീതോറ്റു മണ്ടും
പൊട്ടക്കൊറോണേ, മനുഷ്യന്റെ മുന്നിൽ !

**ഗൗരി എസ്**
10
ഹയർ സെക്കന്ററി സ്ക്കൂൾ, കൂത്താട്ടുകുളം
കൂത്താട്ടുകുളം ഉപജില്ല
എറണാകുളം

# അന്നും ഇന്നും

അന്നു നാം കണ്ട റോഡിന്
വലിയ തിരക്കായിരുന്നു
പക്ഷെ ഇന്നതിന്
വലിയ നിശ്ശബ്ദതയാണ്

പണ്ട് ഞാനെടുത്തിരുന്ന
വായു ശുദ്ധമാണെന്നാണ്
എല്ലാവരും പറഞ്ഞിരുന്നത്
പക്ഷെ ഇന്നിതിനെ വല്ലാതെ
ഞാൻ ഭയക്കുന്നു

വീട്ടിലിരിക്കാതെ എല്ലാവരും
തെരുവിലേക്കിറങ്ങുമായിരുന്നു.
എന്നാൽ ഇന്ന് എല്ലാവരും
വീടിനകത്തുണ്ട്.

വായടച്ച് മൂക്കടച്ച് ഒന്നും
കൈതൊടാതെ വാങ്ങാൻ
പരിശീലിക്കയാണ് ഞാൻ
കൊച്ചു പൈതലിനെപ്പോലെ
പുതിയ ലോകത്തിൽ ജീവിക്കാൻ
അതൊക്കെ വേണം; പഠിക്കണം

വീട്ടിലടച്ചിരിപ്പ് എന്തു ബുദ്ധിമുട്ടാണല്ലേ
പുറംലോകത്തേക്ക് പോകാനാവാത്തത്
എന്തുകഷ്ടമാണല്ലേ?
വൈകാതെ കൂട്ടിലെ തത്തയെ പറത്തിവിടണം
സ്നേഹക്കൂട്ടിലടച്ച ലൗബേർഡ്സിനേയും

ഇന്നു നാം നേരിടുന്നതോരോന്നും
കാലത്തിൻ പരീക്ഷണമാണെന്നോർക്കണം
ഒരോ പരീക്ഷണവും ജീവിതത്തിലെ
ഓരോ പാഠമാണെന്നോർക്കണം

ഓർക്കുക നാം എല്ലാം ഓർക്കുക
ഓർക്കുക നാം എല്ലാം ഓർക്കുക
ഓർത്തതെല്ലാം മറക്കാതിരിക്കണം
ഇല്ലെങ്കിൽ നമ്മളും ഒരോർമ്മയാകും...

**ആര്യ എൻ എസ്**
8 H , എസ്.ഡി.പി.വൈ കെ.പി.എം.എച്ച്.എസ്
വൈപ്പിൻ ഉപജില്ല, എറണാകുളം

# ഒരുമിക്കാം നേടാം

കൊറോണ ലോകം വാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ.
ആപത്തെല്ലാർക്കും വന്നിടും കാലം.
ആധികൾ വ്യാധികൾ എല്ലാം വന്നേ
മനുജ മരണങ്ങൾ കേൾക്കാനുണ്ടേ
മാലോകരെല്ലാം ഒരുമിക്കുമ്പോൾ
ഒരു മീറ്റർ അകലം പാലിച്ചീടേണം.
കൊറോണ എന്ന മഹാമാരിയെ
കൈകൾ കഴുകി അകറ്റീടേണം.
ഊരിൽ ഇറങ്ങേണ്ടി വന്നാൽ മാലോകർ
മുഖാവരണങ്ങൾ ധരിച്ചീടേണം.
ഒറ്റക്കെട്ടായി നമുക്ക് ചേരാം
കൊറോണ രോഗത്തെ തുടച്ചുനീക്കാം.
മാലോകരെല്ലാം മനസ്സുവെച്ചാൽ
പഴയ പ്രതാപം തിരിച്ചെടുക്കാം...

**ശ്രീഹരി സുരേഷ്**
2 B
ഗവ.യു പി സ്കൂൾ ചിറയിൻകീഴ്
ആറ്റിങ്ങൽ ഉപജില്ല
തിരുവനന്തപുരം

# ആശ്വാസനൗക

ലോകം വിറയ്ക്കുന്നു മഹാമാരി-
യാം രോഗം പരന്നിടുന്നു
വിരസത വിരുന്നെത്തും റോഡുകളും
വിജനത പകുത്ത നഗരങ്ങളും
തളരുമാ ഹൃത്തുമായി മർത്യർ
നാലുചുമരുകൾക്കുള്ളിലകപ്പെടുന്നു.
പതറും മനസ്സുമായാശുപത്രി -
ക്കിടക്കയിൽ ജീവിതം മല്ലിടുന്നു.
അന്ധകാരത്തെ ചുമലിൽ പേറി
വന്നെത്തിടുന്നു,വിരുന്നുകാരൻ
അവന്റെയട്ടഹാസങ്ങൾക്കു കാതുകൂർപ്പിച്ചുവോ
കൊറോണയെന്നാ മഹാവ്യാധി
മരണവിത്തു വിതറുമ്പോൾ
മെഴുകായി മാറുന്ന മനുഷ്യൻമാർ
ഓരോ നിമിഷവും നീങ്ങിടുമ്പോൾ
ഉരുകി വററീടുന്ന ജീവിതങ്ങൾ
തീരാതെതീരുന്ന വിങ്ങലുകൾ
മനസ്സിൽ തറയ്ക്കുന്ന യാതനകൾ
അതിലലിഞ്ഞു തീർന്നീടുന്ന ജീവിതങ്ങൾ
നാലുചുമരുകൾക്കുള്ളിൽ, ബന്ധിച്ച കവാ-
ടത്തിനരുകിൽ കഴിഞ്ഞുകൂടുന്നു നാം.
എങ്ങും ചിതറിപ്പായും, മുഖംമൂടികള-
ണിഞ്ഞു യാത്ര ചെയ്തിടുമാ മാനവർക്ക്
തണൽവിത്തു വിതറുന്ന പോലീസുകാർ
സ്വജീവിതം മറ്റുള്ളവർക്കായി
നീക്കി പ്രവർത്തിച്ച ജീവനക്കാർ
ഇനിയെങ്കിലും നാമൊന്നറിഞ്ഞീടുക
ജീവന്റെ വിലയതെത്രമാത്രം
ആരോഗ്യമാം വിത്തു വിതറുക നാം
ശുചിത്വമാം ജലമൊഴിച്ചീടുക നാം
നമുക്കാശ്വാസ നൗകയിലേറി നീങ്ങാം
നമുക്കാശ്വാസ നൗകയിൽ പേറി നീങ്ങാം

**സുഹാന ഫാത്തിമ.എസ്**
9
ഗവ. എം.ജി. എച്ച് എസ്സ് എസ്സ് ചടയമംഗലം
ചടയമംഗലം ഉപജില്ല, കൊല്ലം

# കൊറോണ വൈറസ്

കൊറോണയെന്നൊരു വൈറസ്
നമ്മുടെ നാട്ടിൽ കുടിയേറി . .
തൊട്ടാൽ കൂടും വൈറസ്
കേൾക്കാൻ ഭയമാണീ വൈറസ്
കൂട്ടം കൂട്ടാൻ പാടില്ല
കൈ കൊടുക്കാനും പാടില്ല ,
കരുതൽ വേണം എപ്പോഴും
ജാഗ്രത വേണം നല്ലോണം
കൈകൾ കഴുകൂ എപ്പോഴും
മാസ്കുകൾ മുഖത്ത് വെച്ചോളു
വീട്ടിൽ തന്നെ കഴിഞ്ഞോളു
യാത്രകൾ തീരെ ഒഴിവാക്കീടൂ
സർക്കാർ നിയമം പാലിക്കാം
കൊറോണയെനാട്ടിൽ
നിന്നൊടിക്കാം .....

**അബിദ് മുഹമ്മദ്**
1
ഗവ. എൽ. പി. എസ്. മുക്കുടിൽ
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം



# കാറ്റിലും ഭീതിയുടെ ഗന്ധം

കാറ്റിലും ഭീതിയുടെ ഗന്ധം
ലോകമൊട്ടാകെ നിശ്ചലമാകുന്നു,
മഹാമാരി തൻ വേട്ടയിൽ, എങ്ങും ഭീതിയുടെ നിഴലുകൾ,
ഭയക്കും നിശബ്ദത
പുഞ്ചിരി തുളുമ്പിയ മുഖമാകെ,
ദു:ഖത്തിൻ നീലിമ പരക്കുന്നു.

ഒരോ നിമിഷവും ജീവന്റെ കണികകൾ,
അറ്റുപോകുന്നൊരാ നോവുകളും,
നൊന്തു പിടയുന്നീ തോരോ ഹൃദയവും ,
നോവുമായി മുന്നോട്ട് നീങ്ങിടുന്നു.

കൊറോണ, കൊറോണ, കൊറോണ,
എവിടയും കേൾക്കുന്നതീ വാക്കുകൾ മാത്രം,
ദൈവമേ ലോകത്തെ കാത്തുകൊള്ളേണമേ,
രക്ഷിക്കണേ ഞങ്ങളെ ഈ മഹാമാരിയിൽ നിന്നും.

കേരളത്തെ ലോകത്തിൻ നെറുകയിൽ എത്തിച്ച,
ജീവകാരുണ്യ പ്രവർത്തകർ,
മാലാഖമാരാം നേഴ്സുമാർ,
ജീവൻ ത്യജിച്ച് കർമ്മനിരതരാകുന്നു,

മുന്നോട്ടു നീങ്ങുവിൻ മാനവരേ,
മഹാമാരി തൻ കെട്ടിനെ തച്ചുടയ്ക്കു,
പതറി വീഴാതെ തളരാതെ ജാഗ്രതയോടെ നാം മുന്നേറുക.

ഈ പുറംലോകം ഒന്നു കാണുവാൻ പാദങ്ങളറ്റ മർത്യാ നീ എത്ര
കൊതിച്ചിട്ടു ണ്ടാകണം.
ഈ പുറംലോകം ഒന്നു കാണുവാൻ എല്ലാ അനുഗ്രഹവും നിറഞ്ഞ
മനുഷ്യാ നീ
ഒരിക്കലെങ്കിലും ചിന്തിച്ചിട്ടുണ്ടോ ? ഈ ദുഃഖാർത്തരെ?
ഇതാ ചിന്തിച്ചീടുക നീ എല്ലാം തകർത്ത ഈ മഹാമാരിയെ.

ചിന്തിച്ചീടുക നിൻ സഹജീവികളെ നീട്ടുക നീ നിൻ സ്നേഹ കരങ്ങൾ
വരൂ നമുക്ക് കൈകോർക്കാം ഒന്നിച്ചൊന്നായ് പ്രവർത്തിക്കാം.
കൊറോണ എന്ന ഈ മഹാമാരിയെ തകർത്തീടാം.
വീണ്ടെടുക്കാം നമുക്ക് നമ്മുടെ ഇന്നലെകളെ.
അനുഭവിച്ചീടാം നമുക്ക് നമ്മുടെ സ്വാതന്ത്ര്യത്തെ

**വ്യാസ്**

8 B ഗവണ്മെന്റ് എച്ച് എസ് എസ് കുളത്തുമ്മൽ
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# കൊറോണക്കാലം

ഒരു നുള്ളു കണ്ണീരു വാർത്തു കൊണ്ടി ലോക-
വ്യഥയോട് ചേരുന്നു നാമേവരും
ഭയമല്ല കരുതലെന്നടിയുറച്ചാൽ നാളെ -
അതി ജീവനത്തിൻ കഥ പറയാൻ

സൃഷ്ടിച്ച - സ്രഷ്ടാവ് പോലും പകച്ചുപോയ്
നിൻ ചെയ്തികൾ കണ്ടു കണ്ണടച്ചു
സർവ്വതും വെട്ടിപ്പിടിക്കുവാൻ നീ നേർത്ത-
സമവാക്യമൊന്നതിൽ പിറവി കൊണ്ടു.

നിൻ ബന്ധനത്തിന്റെ ചുരുളഴിച്ചിന്നവർ
അന്തക വേഷമോ കെട്ടിയാടി
ഈ മഹാമാരിതൻ വിധിയോർത്തു കരയുവാൻ
മനുജാ അനർഹൻ നീ ഇതു നിൻ കർമ്മ ഫലം

വൻമതിൽ താണ്ടിയാ കോട്ടകൾ തച്ചുടച്ചി-
ന്നവനിന്നെന്റെ മണ്ണിലും തേരോട്ടമായി
ഒരു ചുംബനം പോലും നൽകുവാൻ കഴിയാതെ
ചത്താലും തീരാത്ത പാപിയായി

അകന്നിരിക്കാം രക്തബന്ധങ്ങൾ ഒക്കെയും
ഇരുളിന്റെ മറനീങ്ങും ഒരു പുലരി വരെയും
വാഴ്ത്തിപ്പുകഴ്ത്തിടാമി ആതുര സേവകർ നീതിതൻ പാലകർ തൻ-
കർത്തവ്യ ബോധവും സ്നേഹവും കരുതലും
ലോകാ: സമസ്താ സുഖിനോ ഭവന്തു :

**കീർത്തന.ആർ**
7 G ഗവൺമെൻറ്, ഗേൾസ് എച്ച്.എസ്. എസ്, കോട്ടൺഹിൽ
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# ലോക്ക്

ലോക്കിലായിന്നു ലോകവാസികൾ
ആപ്പിലായതോ
ആശുപത്രികൾ !
അതിനൊപ്പം കുറേ പാവങ്ങളും !
കളിചിരികൾ മാഞ്ഞുപോയ്
വിദ്യാലയമുറ്റങ്ങൾ
നിശ്ശബ്ദമായ്
ക്ലാസ്സുകൾ വിജനമായ് !
മുത്തശ്ശിക്കഥകൾക്ക്
ഡിമാന്റേറി
മുത്തശ്ശനൊത്ത്
കളിചിരിയായി
കുഞ്ഞുങ്ങൾക്കിത്
ലോക്കേയല്ല!
കുസൃതികൾ അൺലോക്കാക്കി
സന്തോഷനിമിഷങ്ങളെ
വീടുകളിലിന്നാനന്ദപ്പേമാരി
മങ്ങിയ ബന്ധങ്ങൾക്ക് നിറം വെച്ചു തുടങ്ങി
ലോക്ക് വീണ കവലകൾ
ഏകാന്തതയുടെ
നോവ് പേറി
ലോക്കിനിടയിലും വിലസുന്നവർ
ലാത്തിയടിവാങ്ങി
ലോക്കപ്പിലായി!
ദേഹങ്ങളകലം തീർത്തുവെങ്കിലും
നന്മതൻ ലോക്കുകൾ
തുറന്നൂ ഒരായിരം
കരുണയായ്,കരുതലായ്,
കാരുണ്യ വർഷമായ്
സ്നേഹത്തിൻ മാതൃക തീർത്തു നമ്മൾ....
അകലങ്ങൾ തീർക്കുന്നൊരു മഹാമാരിക്കും
മാനവ നന്മയെ
ലോക്കിടാനാവില്ല.

**അഫ്നാൻ അൻവർ.ഒ**
7 std ജി.ഒ.എച്ച്.എസ്സ്.എസ്സ്. എടത്തനാട്ടുകര
മണ്ണാർക്കാട് ഉപജില്ല, പാലക്കാട്

# വരൂ ചങ്ങലമുറിക്കാം

വരിക വരിക സഹജരേ
കൺതുറക്കൂ സഹജരേ
കരളുറച്ച് കരളുകോർത്ത്
ചെറുത്തിടാമീ മാരിയെ
ഭയപ്പെടാതെ കരുതലോടെ
ഒരുമയോടെ നിന്നിടാം
തകർത്തിടാം മുറിച്ചിടാം
കൊറോണതൻ കണ്ണിയെ
മാസ്ക് കൊണ്ട് മുഖംമറച്ച്
അണുവിനെ തുരത്തിടാം
സോപ്പ്കൊണ്ട് കൈകഴുകി
കണ്ണിയെ മുറിച്ചിടാം
അണുവിമുക്തമാക്കുവാനായ്
സാനിറ്റൈസർ നൽകിടാം
യാത്രകൾ കുറച്ചിടാം
സമ്പർക്കവും കുറച്ചിടാം
തൊട്ടാൽ പൊള്ളുമീ കൊറോണ
തൊട്ടുകളി വേണ്ടേ വേണ്ടേ
പാലിക്കണം പാലിക്കണം
നമ്മളീ നിയന്ത്രണങ്ങൾ
തകർത്തിടാം തകർത്തിടാം
തകർത്തിടാമീ മാരിയെ
വീട്ടിൽ തന്നിരുന്നിടാം
ഒത്തുചേരൽ കൂട്ടം കൂടൽ
ആലിംഗനം കൈകൊടുക്കൽ
ഒന്നുമേ നമുക്കുവേണ്ട
തുടച്ചു നീക്കിടാം നമ്മുക്കീ
കൊറോണ മൃത്യു ഭീതിയെ
കരളുകോർത്ത് ഒരുമയോടെ
തെളിമയോടെ നിന്നിടാം
ഏകരായി ശുദ്ധരായി
ഈശ്വരനെ പ്രാർത്ഥിക്കാം
കൊറോണ ബാധിതർക്കായ്
കൊറോണയോട് പൊരുതിടുന്ന
സഹജീവികൾക്കായ്
ഈ നല്ല ലോകത്തിനായ്
വരൂ വെളിച്ചം പരത്തിടാം
കൊറോണയെ തുരത്തിടാം

**ദേവിക റെജി**
XA മദർതെരേസ ഹൈസ്ക്കൂൾ
മുഹമ്മ
ചേർത്തല ഉപജില്ല, ആലപ്പുഴ

# ലോക്ഡൗൺ – അക്ഷരമാല

**അ**കലം പാലിക്കാം
**ആ**ൾക്കൂട്ടം ഒഴിവാക്കാം
**ഇ**ടയ്ക്കിടെ കൈകൾ സോപ്പിട്ട് കഴുകാം
**ഈ**ശ്വര തുല്യം ആരോഗ്യപ്രവർത്തകർ
**ഉ**പയോഗിക്കൂ മുഖാവരണം
**ഊ**ഷ്മളമാക്കൂ കുടുംബബന്ധങ്ങൾ
**ഋ**ഷിവര്യൻമാരെ പോലെ ധ്യാനം ചെയ്യാം
**എ**പ്പോഴും ശുചിത്വം പാലിക്കാം
**ഏ**ർപ്പെടാം കാർഷികവൃത്തിയിൽ
**ഐ**ക്യത്തോടെ നിയമം പാലിക്കാം
**ഒ**ഴിവാക്കാം യാത്രകൾ
**ഓ**ടിച്ചു വിടാം കൊറോണയെ
**ഔ**ഷധത്തേക്കാൾ പ്രധാനം പ്രതിരോധം
**അം**ഗബലം കുറയാതെ നാടിനെ കാത്തിടാം

**റോഷൻ**
3 B എൽ.എം.എസ് എൽ.പി.എസ്., പനച്ചമൂട്,
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# ഒത്തുചേർന്ന്

ഒത്തു ചേർന്ന ഭാരതം
ഒത്തു കൂടി കേരളം
കോവിഡെന്ന മാരിയെ
തുരത്തുവാൻ ശ്രമിച്ചു നാം

കോവിഡിന്റെ മുന്നിൽ ഇന്നു
ലോകമോ പകച്ച നേരം
ഒട്ടുമേ പകച്ചിടാതെ
പൊരുതി നാം ജയിച്ചിടും

ജാതിഭേദ വർഗവൈര
വർണമേതുമേകളഞ്ഞ്
ലോകനന്മയാഗ്രഹിച്ച്
പൊരുതി നാം ജയിച്ചിടും.

ദൈവത്തിന്റെ സ്വന്തം നാട്
കേരളമാം നാടിത് (2)

കർമനിരതരായവർക്കു
മുന്നിലായ്
പിന്തിരിഞ്ഞു പാഞ്ഞിടുന്നു
കോവിഡെന്ന മാരിയും

അശരണർക്കും അഗതികൾക്കും
ആശ്രയം കൊടുത്തുകൊണ്ട്
നേടി നമ്മൾ മാനവർക്ക്
രോഗശാന്തി ഇന്നിതാ............

**യദു കൃഷ്ണൻ**
4 E, ഗവ.എൽ.പി.എസ്.പിരപ്പൻകോട്
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# ജാഗ്രതൈ
## (ഓട്ടൻതുള്ളൽ)

കൂട്ടരെ നിങ്ങൾ കേട്ടീടേണം
കാര്യമതായി കണ്ടീടേണം
ചൈനയിൽ നിന്നും കേൾക്കും വാർത്തകൾ
ആർക്കും തന്നെ ഭൂഷണമല്ല
അമേരിക്കയുമിറ്റലിസ്പെയിനും
വൈറസ് ബാധയതേറ്റു വലഞ്ഞു.
മരണകിരീടം ചൂടി വരുന്നൊരു
വൈറസ് പരത്തും രോഗം നിരവധി...
ജലദോഷം, പനി, ശ്വാസംമുട്ടും
ലക്ഷണമങ്ങനെ മാറിമറിഞ്ഞ്...
ഓർത്താൽ തന്നെ ഭയമാകുന്നു.
പിടിപെട്ടീടിൽ ജീവിതമുണ്ടോ?
ചൈനയിലാദ്യം രോഗം വന്നു
ജീവൻ അനവധി നഷ്ടപ്പെട്ടു
ഒടുവിൽ ശാസ്ത്രം കണ്ടെത്തുന്നു
വൈറസ് കൊലയാളി 'കൊറോണയെന്ന് '
പ്രതിവിധി കാണാതോടി നടന്നു.
ഡോക്ടർമാരും നേഴ്സുമാരും
നിരവധിയനവധി ജീവിതമയ്യോ
ശ്വാസം മുട്ടി നിശ്ചലമായി...
കൈവഴി പലവഴി ചാടിക്കേറൂ..
വൈറസ് നമ്മുടെ ചുറ്റിലുമായി...
വൈറസ് പരത്തും രോഗമിതയ്യോ
ഒഴിവാക്കാനും കഴിയുകയില്ലേ?
കൂടെ കൂടെ കൈകഴുകേണം
പരിസരമാകെ വെടിപ്പാക്കേണം
ചുമ്മാ കറങ്ങി നടക്കാതങ്ങനെ

വീട്ടിലടങ്ങിയൊതുങ്ങിയിരിക്കൂ...
അതിസമ്പർക്കം പാടില്ലിനിമേൽ
ഒരു കൈ അകലം കാക്കുക നിങ്ങൾ.
അങ്ങാടീലേക്കാണോ പോക്ക്
മാസ്ക് ധരിച്ചേ പോകാവൂ..
വ്യക്തിശുചിത്വം ഭവനശുചിത്വം
കാക്കണമിനിമേൽ ആരോഗ്യം
നിയമം നന്നായി കാത്തീടേണം
നാടിൻ നന്മയെ കരുതുക നാം...
വസൂരി കണ്ടു പ്ലേഗും കണ്ടു
സുനാമി, ഓഖി, പ്രളയങ്ങൾ
എന്നിട്ടും പേടിച്ചില്ലാ നാം...
ഒറ്റക്കെട്ടായ് നിന്നില്ലേ?
കൊറോണ വൈറസ് തോറ്റോടാനായ്...
ഒറ്റക്കെട്ടായ് വീട്ടിലിരിക്കാം...
നാടിൻ നന്മയെ കരുതിയിരിക്കാം
ജാഗ്രതയോടെ വീട്ടിലിരിക്കാം...

**ശാരു എസ്സ്**
10 B ചെറുപുഷ്പം ഗേൾസ് എച്ച് എസ്സ് എസ്സ് വടക്കഞ്ചേരി
ആലത്തൂർ ഉപജില്ല
പാലക്കാട്

# കലി തുള്ളുന്നൊരു മാനവരേ

കലി തുള്ളുന്നൊരു മാനുഷരേ നാം
ക്ഷിപ്രം അന്ധത മാറ്റീടേണം
കൊറോണ എന്നൊരു ഭീകരനെ നാം
ഉടനെത്തന്നെ തുരത്തീടേണം
ലോകം നിശ്ചലമാണെന്നോർക്കുക
പാതകളെല്ലാം വിജനവുമാണ്
വണ്ടികളില്ല പണിയതുമില്ല
പള്ളിക്കൂടം തീരെയില്ല
കണ്ടാലൊട്ടറിയാത്തോരാം നാം
കൊണ്ടറിയേണം ഇന്നിതു നൂനം
ഇനിയാ പഴയൊരു കാലത്തേക്കായ്
എത്താനിനി നാം ശങ്കിക്കേണം
ഏഷണി പലതും കേട്ടിട്ടിനിയും
കലഹിക്കേണ്ടവരല്ല നമ്മൾ
കണ്ടും കേട്ടും പാഠങ്ങൾ നാം
അറിയാനിനിയും ഒരുപാടുണ്ട്
അരുതേ ഇനിയും
അരുതായ്മകളൊന്നും
എല്ലാം നമ്മുടെ നന്മയ്ക്കല്ലേ

**ശ്രേയ കെ**
8 എ
ഇ എം എസ് ജി എച്ച് എസ് എസ്,പാപ്പിനിശ്ശേരി
പാപ്പിനിശ്ശേരി ഉപജില്ല
കണ്ണൂർ

# കേരള പോലിസ്

ജനതാ ജനതാ രക്ഷകരായ്
പോലീസുണ്ടേ റോഡരികിൽ
കോവിഡ് വിമുക്തമായൊരു നാടിൻ
സ്വപ്ന കൂട്ടിൽ കാവലുമായ്(2)(സ്വപ്ന)

കോവിഡ് തരിയെ തുടച്ചു നീക്കാൻ
ജയ് ജയ് പോലീസ് ജയ് ജയ് പോലീസ്
പോലീസ് ചട്ടത്തോടെ കരേറു
നിർദേശങ്ങൾ പാലിക്കൂ (2) (നിർദേ)

ഒത്തുപിടിച്ചു മുന്നേറാൻ
അകലം പാലിച്ചീടുക നാം
ഒത്തൊരുമിച്ചു ജയിച്ചീടാൻ
മാസ്ക്കുകൾ വച്ചു നടന്നീടൂ (2)(മാസ് ക്കു)

സ്വന്തം സദനം വിട്ടിവിടെ
ത്യാഗം സഹിച്ചു നിൽക്കുന്നു
സ്വന്തം കാര്യം നോക്കാതെ
നിയമം കാക്കാൻ നിൽക്കുന്നു (2) (നിയമം)

നമ്മുടെ നന്മയ്ക്കായിവിടെ അവർ
ചുടുവെയിലേറ്റിട്ടെരിയുന്നു
നമ്മുടെ നല്ലതിനായല്ലോ അവർ
ഉപദേശങ്ങൾ നൽകുന്നു (2) ( ഉപദേ)

അഹോരാത്രം മുന്നേറുന്നൊരു
പോലീസുണ്ടേ റോഡരികിൽ
വീട്ടിലിരിക്കൂ വീട്ടിലിരിക്കു
സ്വന്തം രക്ഷയുറപ്പാക്കൂ (2) (സ്വന്തം)

നമ്മുടെ രക്ഷകരായിവിടെ
നിയമ പാലകരുണ്ടല്ലോ
നമുക്കു വേണ്ടി നമുക്കു വേണ്ടി
അവരുണ്ടിവിടെ രക്ഷകരായി (2) (അവരു)

**അപർണ്ണാ രാജ്**
6 A
എ.എം.യു.പി.എസ് അയിരൂർ
വർക്കല ഉപജില്ല, തിരുവനന്തപുരം

# മാരിത്തോറ്റം

മധ്യവേനൽ അവധിക്കാലം
തേൻ മധുരം പൊഴിയും കാലം
നാട്ടുമാവിൻ ചോട്ടിൽ തമ്മിൽ
കൂട്ടുകൂടും കുസൃതിക്കാലം

കൊന്നപ്പൂങ്കുലകൾ കാറ്റിൽ
പൊന്നുതിർക്കും മേടക്കാലം
സുന്ദരമാ സുരഭിലകാലം
സ്മരണകളായ് മാറിയ കാലം

കാലം കലി പൂണ്ടൊരു കാലം
കാരാഗൃഹമാസക്കാലം
കളിചിരികൾ മായും തൊടിയിൽ
ഭീതിദമാം നിഴൽ വിളയാട്ടം

വിഷമാരി പെയ്തുറയുന്നു
മരണത്തിൻ വിത്തെറിയുന്നു
ഈ താപക്കടലല താണ്ടാൻ
സുഖശീതള സൗഖ്യം നുകരാൻ

മെയ്യകലം പാലിച്ചീടാം
മനസ്സാൽ ദൃഢബന്ധിതരാകാം
ഉല്ലാസം വിടരും വേനൽ
അവധിക്കായ് കാവലിരിക്കാം

**നന്ദകിഷോർ കെ**
9 B
ബി എ കെ എ എസ് ജി വി എച്ച് എസ്സ് എസ്സ് പയ്യന്നൂർ
പയ്യന്നൂർ ഉപജില്ല
കണ്ണൂർ

# REALIZATION

All those expeditions,
All those inventions,
All those developments
have always made us proud;
You and me
Soaring up the sky of achievements...
But that day when I saw people around me,
those who I care for
those who love me
were dying and,
' I ' the powerful creation of nature couldn't do a single thing...
In that moment of helplessness
I realized ...
That not always could I ace the race
by increasing the pace
And that realisation brought
me and you;
back to the the moss laden soil
that the first showers had
scented with hope .
I learned to dance with the wind,
sing with the bird ,
and to let go;
let go of my grudges
and to live;
live my life to the fullest...

**മേഘാനായർ**
10 എ
എ.കെ.എൻ.എം.എം.എ.എം.എച്ച്.എസ്. കാട്ടുകുളം
ചെർപ്പുളശ്ശേരി ഉപജില്ല, പാലക്കാട്

# കൊറോണ

ഒരു കാലവും ഒരുപാട് –
കാലത്തേക്കില്ല
ഈ സമയവും കടന്നുപോകും.
നാലാൾ മുന്നേ ഗമയിൽ നടന്നവർ
വീടിന്റെ നാലു ചുമരുകൾക്കുള്ളിലായി.
ഒന്നിനും സമയമില്ലാത്ത മനുഷ്യർ
സമയം കളയുവാൻ പാടുപെടുന്നു
ഇത്തിരി നേരം വീട്ടിലിരിക്കാതെ
സമ്പാദിക്കാനായി ഓടിനടന്നവർ
ഞാനെന്ന ഭാവം കൊണ്ടുനടന്നവർ
പകലും രാത്രിയും മാത്രമായല്ലോ
വിശക്കുന്നവനെ തല്ലിക്കൊന്ന –
നാട്ടിൽ
വിശക്കുന്നവനെ ഇന്ന് –
തേടിയലയുന്നു
ശരീരം നോക്കാതെ പണത്തിന് –
വേണ്ടി
പാഞ്ഞുനടന്നു മനുഷ്യർ.
പണമല്ല ശരീരമാണ് വലുതെന്ന്
കാണിച്ചു തന്നു കാലം
പണം കൊടുത്താലും കിട്ടാത്ത –
ദിനങ്ങൾ
ഇനിയുള്ള ദിവസങ്ങളിൽ നമ്മെ
ഓർമപ്പെടുത്തിക്കൊണ്ടിരിക്കും
കോറോണയെന്ന മഹാമാരിക്ക് –
മുന്നിൽ
നിസ്വാർഥം പരിശ്രമിക്കുന്നവരോട്
എന്നും നമ്മൾ കടപ്പെട്ടിരിക്കും.
മനുഷ്യൻ മനുഷ്യനെയിത്രയും –
പേടിച്ച
കാലമുണ്ടായിട്ടില്ല മുൻപ്.
എനിക്കും എന്റെ നാടിനും വേണ്ടി
ഒറ്റക്കെട്ടായി ഒറ്റയ്ക്കിരിക്കാം....

**ഗൗരിദേവ് എ ആർ**
9 ഡി
എസ് എസ് പി ബി എച്ച് എസ് എസ് കടയ്ക്കാവൂർ
വർക്കല ഉപജില്ല, തിരുവനന്തപുരം

# ഭൂമിയുടെ പ്രതികാരം

ഒരിക്കലീ ഭൂമിയൊരു
പറുദീസയായിരുന്നു
സസ്യജാലങ്ങളും ,പക്ഷിമൃഗാദികളും
കൂടെ മനുഷ്യരും ഒന്നായി
വാണിരുന്ന കാലം
ഭൂമി തൻ സുവർണകാലം
എങ്ങനെയോ സ്വാർത്ഥ മോഹം
മനസ്സിൽ വേരുന്നിയ മനുജൻ
സ്വന്തമാക്കിയെല്ലാം
പക്ഷികൾക്കും മൃഗക്കൂട്ടങ്ങൾക്കും
സ്വസ്ഥമായ് വാഴേണ്ടിടങ്ങളെല്ലാം
ആർത്തി മൂത്തവർ സ്വന്തമാക്കി
പണമാണ് വലുതെന്ന്കരുതി
അവർ പലതും മറന്നു തിന്മ ചെയ്തു
പിന്നെ പരസ്പരം കൊന്നും ചതിച്ചും
സമ്പത്തുകൂട്ടി
ഭൂമി ഒരറ്റത്ത് ചുട്ടുപൊള്ളി
വറുതിയിലായി
മറ്റൊരിടത്ത് പ്രളയമായി കുത്തിയൊലിച്ചുപോയി
മഞ്ഞുറഞ്ഞും, ഉരുകിയൊലിച്ചും
കാറ്റു വീശിക്കൊടുങ്കാറ്റായി മാറിയും
സുനാമിത്തിരയായും, ഓഖിയായും
വന്നു പലപ്പോഴായി
ഭൂമി തൻ മുന്നറിയിപ്പുകൾ
ഒന്നു വന്നു പോയി മറയുമ്പോഴേയ്ക്കും
ദുരിത ദു:ഖങ്ങൾ മറന്നു
പിന്നെയുമവർ തമ്മിൽതലയറുത്തു
അങ്ങനെയൊരു നാൾ

കണ്ണാൽ കാണാൻ കഴിയാത്തൊരു സൂക്ഷ്മജീവി
പേര് കൊറോണയത്രേ....'
വന്നിരിക്കുന്നു സർവസംഹാരിയായി
മർത്യൻ പുഴുക്കളെപ്പോൽ ചത്തുവീഴുന്നു
അപ്പോളവനൊന്നായി നിൽക്കുന്നു
മഹാമാരിയെ പ്രതിരോധിക്കാൻ
എങ്ങും നിറയുന്നു സ്നേഹത്തിൻ
കരുതലുകൾ
ജാതി വേണ്ടാ മതം വേണ്ടാ..
മാനവർക്ക് സ്നേഹത്തിൻ ഭാഷ മാത്രം
തിരിച്ചറിയുന്നവർ...
ഇതൊക്കെയും ഭൂമിതൻ പ്രതികാരമാവാം.
ഇനിയൊരു സ്നേഹകവചം പണിത്
നമുക്കൊന്നായി തുരത്തിടാമീ
മഹാമാരിയെ
സ്നേഹിക്കാം ഭൂമിയെ
അതിലെ സകല ചരാചരങ്ങളേയും....
സ്നേഹിക്കപ്പെടുന്നവരൊന്നും
നശിപ്പിക്കപ്പെടില്ലെന്നു പ്രത്യാശിക്കാം.
..

**ആര്യ എ ആർ**
10 എ
എൽ.എഫ്.എച്ച്.എസ്. അന്തിയൂർക്കോണം
കാട്ടാക്കട ഉപജില്ല
തിരുവനന്തപുരം

# കൊറോണ

ലോകം മുഴുവൻ ഭീതിയിലാഴ്ത്തി
കൊറോണ വൈറസ് വന്നല്ലോ
പിറന്ന മണ്ണിൽ നാശം വിതച്ച്
അയൽ രാജ്യങ്ങളിൽ ചേക്കേറി.

ആയിരങ്ങൾ ചത്തിട്ടും
കൊറോണയങ്ങനെ വിലസുന്നു.
കേരളത്തിലുമെത്തീട്ടുണ്ടേ,
റാന്നിയിലാണേ ലാന്റിംഗ്.



പനിയും ചുമയും ശ്വാസതടസ്സം
തൊണ്ടവേദന ലക്ഷണങ്ങൾ
വൃത്തീം വെടിപ്പുമില്ലെങ്കിൽ-
കൊറോണ നമ്മേം പിടികൂടും.

ചുമയും തുമ്മലും പൊതുജനമധ്യേ
ഹസ്തദാനവും വേണ്ടേവേണ്ട
കൈയും മുഖവും സോപ്പിൽകഴുകൂ
വൈറസ് ബാധയെ ഒഴിവാക്കൂ
ഭയപ്പെടേണ്ടാ സോദരരേ,
ജാഗ്രതയോടെ ജീവിക്കൂ.

ചിക്കൻ ഗുനിയേം നിപ പനിയേം
തരണം ചെയ്യാൻ കഴിഞ്ഞെങ്കിൽ,
ആത്മധൈര്യം കൈമുതലാക്കൂ,
കോവിഡ്-19 ഗോബാക്ക് ഗോബാക്ക്

**ആദിലക്ഷ്മി. പി**
4
എൽ എം എസ്സ് എൽ.പി എസ്സ് ചാത്തന്നൂർ
ചാത്തന്നൂർ ഉപജില്ല, കൊല്ലം

# LET'S FIGHT ' COVID '

Wash your hands,
Don't go out .
If you must then
Mask it.
Lest you leave in an
unwanted casket.
Avoiding the street
and self Isolation,
Is the best medicine.
Think that every life
is precious.
Can't go to hotels,or
cinema theater's
This is not nonsense.
Avoid social contact
Enjoy the covid time
with your family.
If we have had with
Covid 19,
We should gonna go
Wash our hands.

'STAY HOME !

STAY SAFE !'

**അനുമോൾ ജെയിംസ്**
8 എ
ഐ.ജെ.എം.എച്ച് .എസ്.എസ്.കൊട്ടിയൂർ
ഇരിട്ടി ഉപജില്ല, കണ്ണൂർ

# പ്രതിരോധമാണ് പ്രതിവിധി

അധികാരമാം ചിറകിലേറി
അമരുന്നൊരി വ്യാധിയെ തളച്ചിടാം
വിജയവീഥി മുഴക്കിടാം
വീരമായ് കരുതലായ്
കരുതി മരണമാം വിത്തെറിഞ്ഞ്
മർത്യനെ പുൽകുന്നൊരി
കിരാതനെ തകർത്തിടാം
കരുതലായ് സമരമായ് കരുതിടാം
കൈകൾ തമ്മിൽ കോർത്തിടാതെ
കരളു നാം കോർത്തിടും
ഉടലുകൊണ്ട് അകന്ന് നാം
ഉയിരുകൊണ്ട് അടുത്തിടും
സമരമാകും ഈ വഴിയിൽ
സ്നേഹമോടെ വാണിടും
കൈകൾ ഇടയ്ക്ക്
കഴുകിടാനും ഓർത്തിടാം
പുഞ്ചിരി തൻ നല്ല നാളേക്കായ്
പരസ്പരം അകന്നിടാം
വീടിന്നുള്ളിൽ ഒതുങ്ങി നിന്ന്
വീരനായ് നാടിനെ കാത്തിടാം
പ്രളയത്തെയും നിപ്പയെയും തകർത്ത നാം
പിൻതിരിയുകയില്ല ഒരിക്കലും
അതിജീവനം പഠിച്ച നാം
അതീജീവനം നേടി വിജയിച്ചിടും
പ്രതിരോധിച്ച് ചെറുത്തിടാം
പ്രതിരോധമാണ് പ്രതിവിധി
കരുതലായ് നിറഞ്ഞിടാം
ഒന്നാണ്, ഒറ്റക്കെട്ടാണ് നാം.

**എയ്ഞ്ചൽ തെരേസ**
9 D
ഐ.ജെ.എം.എച്ച് .എസ്.എസ്.കൊട്ടിയൂർ
ഇരിട്ടി ഉപജില്ല, കണ്ണൂർ

# CHALLENGE

Has always been enthusiastic
on every challenging task.
Nothing left behind in this universe.
The conquering aptitude lead him.
With the deep thought process, and
Anxiety to find reason behind,
Every phenomena of the universe,
From Copernicus to Einstein and to Stephen Hawkings
Inventions and discoveries
Built tremendous confidence in a human being
The fusion of science and technology with civilization leads the human being,
To a new emerging world, and
The human confidence and ultra civilization
Transformed into a kind of nasty pride.
Human conquered every field, and
Left nothing to conquer,
Exploited everywhere
Crossing the escape velocity
Crossed the borders of space Stamped the surface of moon
Explored and exploited....every sphere of earth
From cloning to genetic engineering
Successfully grabbed the entire world
but, now we are facing, a war
The third world war
but it's not between countries and not with arms,
Yes, it's with a virus,
Yes it's Coronavirus
Yes, the entire world knelt down before this
Yes, we need to fight
Yes, we need to develop a vaccine
Yes, indeed we will
Yes, our challenging aptitude will certainly make it
Yes, that day is not far
Yes, definitely we will overcome it
Yes, for the time being
Yes, let's be inside the home
Yes, we will throw you away COVID-19

**ROWAN JOSE P.H** (X-E)
ഔവർ ലേഡി ഓഫ് ഫാത്തിമ ജി എച്ച്.എസ്. കുമ്പളങ്ങി
മട്ടാഞ്ചേരി ഉപജില്ല, എറണാകുളം

# കൊറോണ

വരിക വരിക സഹജരേ
വലിയ സഹന സമയമായി
കതകടച്ച്കൈകൾകഴുകി
കൊറോണയെതുരത്തിടാം
2
കല്യാണങ്ങൾ കൂടിടേണ്ട ഉത്സവങ്ങൾ കൂടിടേണ്ട
കൂട്ടമായി കൂട്ടമായിചേർന്ന് ചേർന്ന് പോയിടേണ്ട
2
മൂക്കുപൊത്തി തുമ്മുക
വായപൊത്തി ചുമയ്ക്കുക
മാസ്കുകൾ ധരിക്കുക
നാടിനായി നമ്മളും
2
ധീരമായിനേരിടാം ഭീകരക്കൊറോണയേ
യാത്ര വേണ്ട ഷോപ്പിംഗ് വേണ്ട
വീടിനുള്ളൽ കൂടിടാം
വീടിനുള്ളിൽ കൂടിടാം
വീടിനുള്ളിൽ കൂടിടാം
വീടിനുള്ളിൽ കൂടിടാം

**ജീവൻ ബിജു**
6
കുന്നുവാരം യു പി എസ് ആറ്റിങ്ങൽ
ആറ്റിങ്ങൽ ഉപജില്ല
തിരുവനന്തപുരം

# തടവറ

അച്ഛനും അമ്മയും അനിയനോടൊത്തു ഞാൻ
നാലു ചുവരിൻ നടുത്തളത്തിൽ
പൊടിപടലമേൽക്കാതെ ചെറുവെയിൽ കൊള്ളാതെ
കൂര തൻ കീഴിൽ ഇരുന്ന നേരം
വിശ്രമമില്ലാതെ കൂരതൻ കോണിലായ്
വിഡ്ഢിപ്പെട്ടി പിറുപിറുത്തു
ആധിയെ നേരിടാൻ മഹാവ്യാധിയെ നേരിടാൻ.
മാലാഖമാർ അവർ മുന്നിലുണ്ട്
ഊണും ഉറക്കവുമില്ലാതെയായൊരു
സേനയാം പോലീസുകാരുമുണ്ട്.
പറയാതെ അറിയാതെ നാടിന് കാവലായ്
ഒരു മനസ്സോടെ നാം കൂടെ നിൽക്കാം
കൊറോണയെ തുരത്താൻ നാം കൂടെ നിൽക്കാം

**അഖിലേഷ്.ആർ**
5 A
കെ വി എസ് എൻ ഡി പി യു. പി. എസ് ഉളിയക്കോവിൽ
കൊല്ലം ഉപജില്ല, കൊല്ലം

# കടമ

എന്നും കൈകൾ കഴുകേണം
വെളിയിലിറങ്ങാൻ മാസ്കിടണം
കൂട്ടുകാരേ നാട്ടുകാരേ
ഇതൊക്കെ നിങ്ങൾ മറന്നിടല്ലേ

വീട്ടിലിരുന്ന് കളിച്ചോളൂ
കറങ്ങി നടക്കാൻ പോകല്ലേ
ഇന്നിതു നിങ്ങൾ കേട്ടാലോ
നാളെ നമുക്ക് സന്തോഷിക്കാം

**അൻവിയ സുമേഷ്**
1 A
കെഐഎഎൽപിഎസ് കാഞ്ഞങ്ങാട്
ഹോസ്ദുർഗ്ഗ് ഉപജില്ല, കാസർഗോഡ്

# കോവിഡ്

ഏതു ദേശത്തു നിന്നോ നീ
ഉത്ഭവം കൊണ്ടു കോവിഡേ
നീയെന്തേയിങ്ങനെയിന്നീ
കാട്ടുതീ പോലെ പടർന്നു.
നിൻ സ്പർശനത്തിലൂടിപ്പോൾ
ഞങ്ങൾ കിതച്ചു നിൽക്കുന്നു.
ശ്വാസം നിലച്ചു പലരും
മരണം വരിച്ചു മറഞ്ഞു .
സമയമില്ലെന്ന് നടിച്ചു
സമയം കളയാൻ പഠിച്ചു.
ഭൂമിയെ നിശ്ചലമാക്കി
അന്ധകാരത്തിലടക്കി.
ഉള്ളിൽ നീ കേറിക്കഴിഞ്ഞാൽ
തമ്മിലകന്നേ കഴിയൂ.
ഭക്ഷണം ദുർലഭമാക്കി
സ്വാതന്ത്ര്യവും അന്യമായി.
കോവിഡെ നീയെന്താണിത്ര
കോപിതനായി തുടരുന്നു

**സൗരവ് കൃഷ്ണ എസ് എൻ**
7 A
കെ .പി .എം .എച്ച്.എസ്. കൃഷ്ണപുരം
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# കോവിഡ് 19

ഇരുട്ടിൽ അജ്ഞാതനായൊരുവൻ .....
നടന്നെത്തിയീ ഭൂവിൽ ....!
അജ്ഞതയാലറിയാതിരുന്നു നാം....
കണ്ണിനറിയാത്തയാ കൊലയാളിയെ .....!
ശാസ്ത്രം പറഞ്ഞുവിത്......
കിരീടമണിഞ്ഞ 'കൊറോണ'യെന്ന്....

ലോകമെങ്ങും പരന്നു.....
വേഗത്തിൽ വിതച്ചു മരണം !
പതിനായിരങ്ങളെ കൊന്നുകൊണ്ട്
പിന്നിൽ നിന്നു പൊട്ടിച്ചിരിച്ചവൻ.....
തോരാതെ കണ്ണീരൊലിച്ചു മൂടി-
-കെട്ടിയ മുഖത്തിനുള്ളിൽ.....!

മനുഷ്യർ നമ്മക്കായ്...
തമ്മിലകന്നു..., മനസ്സാലടുത്തു...
ജാതി , മതമെല്ലാം മറന്നു....
നാടും വീടും വിജനതയിൽ.....

ഇതുകണ്ടും മടങ്ങാത്തയവനെ
തുരത്തുവാൻ
ഗൃഹത്തിലിരുന്നു നാം
പ്രതീക്ഷയോടെ പലദിനം....

ശാസ്ത്രം ഭയന്ന
വില്ലനെ നാം
നേരിടും നിർഭയം....

നേരോടെ നന്ദിപറയട്ടെ...!
കരുണയുടെ.....
തൂവെള്ളകുപ്പായത്തിനുള്ളിലെ...
കനിവിന്റെ ഉറവിടങ്ങൾക്ക് ,
പാരിലെ മാലാഖമാർക്ക്...,
കാക്കിക്കുള്ളിലെ കാവൽക്കാർക്ക്,

പണ്ടേ പ്രകീർത്തിച്ചതൊക്കെയും....
ഓരോന്നായ് നേരിടാതൊക്കുമോ
മനുഷ്യാ?

പണ്ടേ പ്രവർത്തിച്ചതൊക്കെയും
മരിക്കട്ടെ....!
നാളെയുടെ നന്മ ജനിക്കട്ടെ...
ഇനിയൊരു ദുരന്തവും ....
പിറക്കാതിരിക്കാൻ...
പ്രാർത്ഥിക്കാം...!
തളരേണ്ട.... ആകുലരാവേണ്ട....
നേരിടാമെന്തും...!

കരളുറപ്പോടെ ഒന്നായ്...

**കൃഷ്ണേന്ദു**
9 B
കർണ്ണകിയമ്മൻ എച്ച്.എസ്സ്. മൂത്താൻതറ
പാലക്കാട് ഉപജില്ല, പാലക്കാട്

## MIND IT AGAIN AND AGAIN

Plants bloom,
Flowers dance,
Rivers flow,
Sun rises,
Moon shines,
Stars twinkle,
And the birds sing.
Everything goes on as it was,
Except human.
He is locked down,
But the world continues.

**സിതാര മനയിൽ**
4 A
എം ആർ ആർ എം എച്ച് എസ് എസ് ചാവക്കാട്
ചാവക്കാട് ഉപജില്ല, തൃശ്ശൂർ

# ഉത്തരം പറയൂ

എന്റെ ചോദ്യത്തിനുത്തരം പറയൂ ടീച്ചറമ്മേ
എന്നിനി സ്കൂളുകൾ തുറന്നീടും
ഞങ്ങൾ കുട്ടികൾ വിഷമത്തിലാണേ
എന്നിനി സ്കൂളിൽ പഠിക്കാൻ കഴിയും
എന്നിനി ടീച്ചറെ കാണാൻ കഴിയും
എന്നിനി കൂട്ടുകാരോടൊപ്പം കളിക്കും
ഇതിനെല്ലാം കാരണം കൊറോണയാണേ
ഇതെന്നിനി നമ്മെ വിട്ടുപോകും?
ഉത്തരം പറയൂ ടീച്ചറമ്മേ

**നിരഞ്ജന സുരേഷ്**
1 എ, ഗവ. യു.പി.എസ്.ചിറയിൻകീഴ്
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# കൊറോണക്കാലം

സ്കൂളുമടച്ചു കളിയും നിന്നു
വീടിനകത്തോ ഇരുന്നു മടുത്തു
അവിടെ പോകരുതിവിടെപോകരുത്
എവിടെയുമെവിടെയും വിലക്കുകൾ മാത്രം
എന്താണിതിനു കാരണമെന്ന്
ചോദിച്ചപ്പോളമ്മ പറഞ്ഞു
കൊറോണയെന്നൊരു വൈറസാണ്
അവനാണെങ്കിൽ ഭീകരനാണ്
എങ്ങനെ ഓടിക്കാമീ വൈറസിനെ
ഒന്നേ വഴിയുള്ളൂ കേട്ടുകൊള്ളൂ
കൈകൾ കഴുകിടൂ
മാസ്ക് ധരിച്ചിടൂ
അകലം പാലിച്ചിടൂ രോഗമകറ്റാൻ

**ബദരീനാഥ് എ**
1 എ, ഗവ.യു.പി.എസ്.ചിറയിൻകീഴ്
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# മഹാമാരി

പോരാടുവാൻ നേരമായിന്നു കൂട്ടരെ
പ്രതിരോധ മാർഗത്തിലൂടെ
കണ്ണി പൊട്ടിക്കാം നമുക്കീ ദുരന്തത്തി -
നലയടികളിൽ നിന്നു മുക്തി നേടാം.
ഒഴിവാക്കിടാം സ്നേഹസന്ദർശനം
നമുക്കൊഴിവാക്കിടാം ഹസ്തദാനം
അല്പകാലം നാം അകന്നിരുന്നാലും
പരിഭവിക്കേണ്ട പിണങ്ങിടേണ്ട.
പരിഹാസരൂപേണ കരുതലില്ലാതെ നടക്കുന്ന
സോദരെ കേട്ടുകൊൾക
നിങ്ങൾ തകർക്കുന്നതൊരു ജീവനല്ല
ഒരു ജനതയെ തന്നെയല്ലേ !
ആരോഗ്യരക്ഷയ്ക്കു നൽകും നിർദേശങ്ങൾ
പാലിച്ചിടാം മടിക്കാതെ
ആശ്വാസമേകുന്ന ശുഭവാർത്ത കേൾക്കാൻ
ഒരു മനസ്സോടെ ശ്രമിക്കാം.
ജാഗ്രതയോടെ ശുചിത്വ ബോധത്തോടെ
മുന്നേറിടാം ഭയക്കാതെ
ശ്രദ്ധയോടീ നാളുകൾ സമർപ്പിക്കാം
ഈ ലോകനന്മയ്ക്ക് വേണ്ടി!

**ശ്രേയാലക്ഷ്മി ആർ എസ്സ്**
5 എ
ഗവ.യു പി സ്കൂൾ ചിറയിൻകീഴ്
ആറ്റിങ്ങൽ ഉപജില്ല
തിരുവനന്തപുരം

# വിരുന്നുകാർ

ലോകം മുഴുവൻ രോഗം മൂലം
പള്ളിക്കൂടമടച്ചല്ലോ
നമ്മുടെ പള്ളിക്കൂടമടച്ചല്ലോ
കളിയും ചിരിയും എല്ലാം മങ്ങി
വീട്ടിലിരുന്നു ഒററക്കായ്
വീട്ടിലിരുന്നു ഒററക്കായ്
വേനൽക്കാലം വിരുന്നിനായി
പൂച്ചക്കുട്ടികൾ എത്തി
വീട്ടിൽ പൂച്ചക്കുട്ടികൾ എത്തി
ചക്കി എന്നും ചങ്കരനെന്നും
അമ്മ അവർക്ക് പേരിട്ടു
എന്റെ അമ്മ അവർക്ക് പേരിട്ടു
ചക്കിപ്പൂച്ചേ വാ വാ വാ
ചക്കേം മാങ്ങേം തന്നീടാം
ചക്കേം മാങ്ങേം തിന്നാലോ
പശിയില്ലാതെ ഉറങ്ങീടാം

**അമർത്ത്യജിത്ത്**
1
ഗവ എൽ പി എസ് തെങ്ങുംകോട്
പാലോട് ഉപജില്ല
തിരുവനന്തപുരം

# പ്രതിരോധം എന്ന പോരാട്ടം

പോരാടിടാം കൂട്ടരേ, പ്രതിരോധിച്ചിടാം
ഈയന്ധകാരത്തെ

കണ്ണിപൊട്ടിക്കാം, നമുക്കീ ദുരന്തത്തിനലയടികളിൽ
നിന്ന് മുക്തി നേടാം

ഒഴിവാക്കിടാം സ്നേഹസന്ദർശനം, നമ്മുക്കൊഴിവാക്കിടാം
ഹസ്തദാനം

അല്പകാലം നാം അകന്നിരുന്നാലും പരിഭ്രാന്തരാകേണ്ട,
പിണങ്ങിടേണ്ട

കണ്ണി പൊട്ടിക്കാം, കാട്ടുതീ പോലലങ്ങലയടിക്കുമി ദുരന്തത്തെ
തവിച്ചിടാം

പാലിച്ചിടാം മടിയേതുമില്ലാതെ ആരോഗ്യരക്ഷതൻ
ചട്ടങ്ങൾ

പരിശ്രമിച്ചിടാം ഒരുമസ്സോടെ, കാതോർക്കാം
ശുഭവാർത്തക്കായി

സമർപ്പിച്ചിടാം, ശ്രദ്ധയോടീ നാളുകൾ ഈലോക
നന്മക്ക് വേണ്ടി

**പാർവതി ബി ആർ**
6 A
ഗവ എച്ച് എസ് ചിറക്കര
ചാത്തന്നൂർ ഉപജില്ല, കൊല്ലം

# യുദ്ധം

യുദ്ധം....യുദ്ധം ഇത്
ലോകമഹായുദ്ധം.
കണ്ണീർച്ചാലുകൾ തീമഴ
പെയ്യുംയുദ്ധം.
യുദ്ധം യുദ്ധം ഇത്
ലോകമഹായുദ്ധം.
കൊറോണ കോവിഡ്
പടവെട്ടുന്നൊരു കൊലവിളി യുദ്ധം.
ആയിരമായിരം മൈലുകൾതാണ്ടിയ
അതിരില്ലാത്തൊരു യുദ്ധം.
പിടിച്ചുകെട്ടാൻ തുടച്ചുനീക്കാൻ
അഴിയാവള്ളികൾ കെട്ട്
പിണഞ്ഞൊരു യുദ്ധം.
പാത്ത് പതുങ്ങിയ വൈറസ്
പടയുടെ
നെഞ്ച് പിളർക്കേ തല്ലാം
നമ്മുടെ വൃത്തികൾ ശുദ്ധികൾ
കൊണ്ട് മെതിക്കാം.

നമുക്ക് ജീവിക്കാം.......
നമുക്ക് ജീവിക്കാം......

**ആകാശ്. പി**
9
ഗവ. എം.ജി. എച്ച് എസ്സ് എസ്സ് ചടയമംഗലം
ചടയമംഗലം ഉപജില്ല
കൊല്ലം

# മഹാമാരി

ഒരു പ്രോട്ടീൻ പാളിക്കുള്ളിൽ നിന്ന് നീ
ലോകയുദ്ധം പ്രഖ്യാപിച്ചപ്പോൾ
തോറ്റുപോകാതിരിക്കാൻ കൂടി
ഞങ്ങളെ പഠിപ്പിക്കുകയായിരുന്നു
ആയിരം യുദ്ധചരിത്രങ്ങൾ പോലും
പഠിപ്പിക്കാത്ത മഹത്തായ പുസ്തകം
സ്വയം ഞങ്ങളുള്ളിൽ എഴുതിപ്പഠിച്ചിരിക്കുന്നു
ഭൂഖണ്ഡങ്ങളും രാജ്യങ്ങളും
വെറും പേരുകൾ മാത്രമായി
സർവ്വനാശത്തിന്റെ ആയുധങ്ങൾ
ഇനിയാവശ്യമില്ലാത്ത വിധം
അകത്തളങ്ങളിലാണ്ടു പോയി
ആഡംബരത്തിന്റെ അവസാനവാക്കും
നീർക്കുമിളയ്ക്ക് പോലും സമമല്ലെന്ന
നിലപാട് തറയിലുറച്ചു പോയി
ഞങ്ങൾ മതങ്ങളുടെ വേലിക്കെട്ടുകൾ
തകർത്തെറിഞ്ഞു
കേവലസ്നേഹമെന്ന മതവും ഭാഷയും
സംസ്ക്കാരവും അനാദിയിലെന്ന പോൽ
ഒരുൾചിരാതിന്റെ ശാന്തിയായ്
ഞങ്ങളിലുരുവമായുണർന്നു

**അളകനന്ദ കെ എച്ച്**
9 എ
ജി എച്ച് എസ് എസ് കണിയാമ്പറ്റ
വൈത്തിരി ഉപജില്ല, വയനാട്

# കൊറോണ കേരളത്തിൽ

കേരളം എൻെറ നാട്
ദൈവങ്ങളുടെ സ്വന്തം നാട്
നാട്ടിൻ പുറങ്ങളാൽ
സമൃദ്ധിയുടെ കൊച്ചു നാട്
ലോകത്തിൽ എവിടെ ചെന്നാലും
കേരളത്തെക്കുറിച്ചറിയാം
ഈ നാട്ടിൽ ജാതിയും മതവും ഇല്ല
ഈ നാട്ടിൽ കള്ളവും ചതിയും ഇല്ല
ഇങ്ങനെ സമാധാനത്തിൽ
കേരളം മുന്നേറുമ്പോൾ
കൊറോണ വൈറസ്
കേരളത്തിലും വന്നു
ആൾക്കാർക്ക് പേടിയായി
കൊറോണ വളർന്നു
കേരളത്തിൻെറ വളർച്ചയിൽ
കൊറോണ തടസ്സമായി
നമ്മളെല്ലാവരും കോവിഡിൻെറ -
ഭീതിയിലായി
തുരത്തിടാം തുരത്തിടാം കൊറോണ എന്ന മാരിയെ
നമ്മളെ ഒതുക്കുവാൻ വരുന്ന ദുഷ്ടശക്തിയെ
രോഗമുള്ള ദേശവും രോഗിയുള്ള ദേശവും
അകലെയാക്കിനിർത്തിടാം ജാഗ്രത പുലർത്തിടാം
രോഗലക്ഷണങ്ങൾ കണ്ടാൽ ദിശയിൽ
നിങ്ങൾ വിളിക്കുവിൻ
ദിശയിൽ നിന്നും വന്നിടും ആംബുലൻസും ഡോക്ടറും
സോപ്പു കൊണ്ട് കൈകൾ നമ്മൾ അണുവിമുക്തമാക്കുക
തുമ്മലോ ചുമയോ വന്നാൽ മാസ്ക്കെടുത്ത് കെട്ടുക
ഒത്തു ചേർന്നു നേരിടാം കോവിഡെന്ന വ്യാധിയെ
ഒത്തു ചേർന്ന് തുരത്തിടാം കോവിഡെന്ന മാരിയെ

**അലൻ സാദിക്**
4 D
ഗവ എൽ.പി.എസ്സ് കോട്ടൺഹിൽ
തിരുവനന്തപുരം സൗത്ത് ഉപജില്ല
തിരുവനന്തപുരം

# കൊറോണ

ലോകമാകെ കൊറോണ
പരിസരമാകെ കൊറോണ
അകലത്തേതോ നാട്ടിൽനിന്നും
തുടങ്ങിയ മഹാമാരി കൊറോണ.

രാജ്യമാകെ കൊറോണ
സംസ്ഥാനങ്ങളിലും കൊറോണ
വൃത്തിയായി നടന്നാൽ നമുക്ക്
തടയാമീ കൊറോണയെ.

പുറത്തിറങ്ങാതെ വീട്ടിലിരുന്നാൽ
തടയാം നമുക്ക് കൊറോണയെ
സോപ്പിട്ട് കൈ കഴുകിയാൽ നമുക്ക്
തടയാം കൊറോണയെ.

മാതൃകയാണ് കൊച്ചു കേരളം
ലോകത്തിന് തന്നെ മാതൃക
കൊറോണ തടയാൻ നടത്തിയ
കേരളത്തിന്റെ ചുവടുകൾ

സ്വദേശികൾക്കും പരദേശികൾക്കും
അതിഥി തൊഴിലാളികൾക്കും
പ്രവാസികൾക്കും പാവങ്ങൾക്കും
അനാഥർക്കും അഗതികൾക്കും
താങ്ങായ് നിന്ന കേരളം
നല്ലവരാണീ ജനങ്ങളും
നല്ലവരാണീ ജനനേതാക്കളും
മാതൃകയാണ് നമ്മുടെ കൊച്ചു കേരളം
കൊറോണ ലോകം വാഴുമീ നാളിലും.

**ഫൈറൂസ് ഹസ്സൻ**
2 D
ഗവ. എൽ പി എസ് തോന്നക്കൽ
കണിയാപുരം ഉപജില്ല
തിരുവനന്തപുരം

# കോവിഡിനെ അകറ്റാം

കൊറോണയെ നേരിടാൻ പ്രതിരോധമാണുത്തമം
സോപ്പും വെള്ളവും ഉപയോഗിച്ച്
ഇടയ്ക്കിടക്ക് കൈകൾ കഴുകീടാം
കൈകൾ കൊണ്ട് ചെവിയിലും മൂക്കിലും
വായിലും തൊടുന്നത് ഒഴിവാക്കീടാം
സംസാരിക്കുമ്പോൾ മാസ്ക് ഉപയോഗിച്ചീടാം
തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും
തുണി ഉപയോഗിച്ച് മറച്ചീടാം
അനാവശ്യമായി പൊതുസ്ഥലങ്ങൾ
സന്ദർശിക്കുന്നത് ഒഴിവാക്കീടാം
വായുവിലൂടെയും വൈറസ് പകർന്നീടാം
രോഗബാധിതരിൽ നിന്നും
അകലം പാലിച്ചീടാം
പഴങ്ങളും പച്ചക്കറികളും
നന്നായി ഭക്ഷിച്ചീടാം
ലക്ഷണം കണ്ടാൽ ഡോക്ടറെ
സമീപിക്കാൻ മടിക്കേണ്ടതില്ല
കൊറോണയെ ഭയക്കേണ്ടതില്ല
കരുതൽ മതി എന്നിരുന്നാലും
ശുചിത്വമൊരു ശീലമാക്കൂ
മഹാമാരിയെ അകറ്റി നിർത്താം.

**സ്വാതി എസ്സ്**
3
ഗവ. എൽ പി എസ് തോന്നക്കൽ
കണിയാപുരം ഉപജില്ല
തിരുവനന്തപുരം

# കൊറോണ ഔട്ട്

പട നയിച്ചു ഭയമകറ്റി ഞങ്ങൾ വരുന്നേ
നാടു നീളെ കൊല നടത്തും
മാരിയെ തടുത്തിടാൻ
മാരിയെ തടുത്തിടാൻ

ഭയപ്പെടില്ല നാം
പേടിച്ചോടുകില്ല നാം
കരുതലുള്ള കേരളം
കരുത്തു കാട്ടിടും

തുടർച്ചയായ് തുടർച്ചയായി
കൈകൾ രണ്ടും കഴുകിടും
കൊറോണ എന്ന ഭീകരനെ
തുടച്ചു ഞങ്ങൾ നീക്കിടും
പദവിയും പ്രതാപവും
പാരിൽ എന്തു നല്കിടും
മാന്യ ഹൃദയമുള്ള നല്ല
മാനവനായ് മാറിടൂ

ഭയപ്പെടില്ല നാം
പേടിച്ചോടുകില്ല നാം
കരുതലുള്ള കേരളം
കരുത്തു കാട്ടിടും

കരുതലോടെ ലോക്ക് ഡൗണിൻ
നിയമമെല്ലാം നോക്കിടാം
പൊതുവിടങ്ങളിൽ പെരുത്തു
സൂക്ഷ്മത പാലിച്ചിടാം
തുമ്മലിൽ ചുമക്കലിൽ
തൂവാലയാൽ മറച്ചിടാം
പിന്നെയൊന്നു ചേർന്നിരിക്കാൻ
ഇന്നകന്നിരുന്നിടാം

ഭയപ്പെടില്ല നാം
പേടിച്ചോടുകില്ല നാം
കരുതലുള്ള കേരളം
കരുത്തു കാട്ടിടും

മധുര ദിനം തിരികെയെത്തി
ലോകമാകെ ശാന്തി വരാൻ
മനസ്സുരുകി പ്രാർത്ഥനയിൽ
കൂട്ടുകാരെ മുഴുകിടാം
കൂട്ടുകാരെ മുഴുകിടാം
കൂട്ടുകാരെ മുഴുകിടാം

**അൽ സാബിത് ഐ.എസ്**
ഗവ. എൽ.പി.എസ്, പാച്ചല്ലൂർ
തിരുവനന്തപുരം സൗത്ത് ഉപജില്ല
തിരുവനന്തപുരം

# കൊറോണ

കൂട്ടുകാരേ കൂട്ടുകാരേ ലോകം മുഴുവൻ ഞെട്ടുന്നു
കൊറോണയെന്നൊരു രോഗത്താൽ
ഭയപ്പെടേണ്ട, ജാഗ്രത വേണം
നമ്മൾ ഒന്നായി ശ്രദ്ധിച്ചാൽ
മാസ്ക് ധരിച്ചും കൈ കഴുകിയും അകലം നമ്മൾ പാലിച്ചാൽ
തൂത്തെറിയാം തുരത്തിടാം
കൊറോണയെന്നൊരു രോഗത്തെ
ഡോക്ടർ മാമൻ പറയുന്നു
പോലീസ് മാമൻ പറയുന്നു.
സർക്കാർ ഒന്നിച്ചൊന്നായി
പറയുന്നു
നമ്മൾ ഒന്നായി ശ്രദ്ധിച്ചാൽ
തൂത്തെറിയാം തുരത്തീടാം കൊറോണയെന്നൊരു രോഗത്തെ

**അമൽ എസ് നായർ**
2
ഗവ.എൽ.പി.എസ്.വട്ടിയൂർക്കാവ്
തിരുവനന്തപുരം നോർത്ത് ഉപജില്ല
തിരുവനന്തപുരം

# കൊറോണക്കാലം

കരുതലാണ് കരുതലാണ് ഈ സമയം വേണ്ടത്
തുരത്തണം തുരത്തണം കൊറോണയെന്നമാരിയെ
കളിച്ചിടേണ്ട പുറത്തിറങ്ങി കളിച്ചിടേണ്ട കൂട്ടരേ
വെറുതെയുള്ള യാത്രകൾ ഒക്കെയും നിറുത്തിടാം
കുടിക്കണം കുടിക്കണം വെള്ളമേറെയെപ്പൊഴും
കഴിക്കണം പഴങ്ങളും ഇലക്കറികളൊക്കെയും
ഹസ്തദാനമെന്നരീതി നമുക്കുവേണ്ട പകരമായ്
കൈകൾ കൂപ്പി തൊഴുതുനൽക ആദരവു കൂട്ടരേ
കഴുകണം കഴുകണം സോപ്പുകൊണ്ടുകൈകളെ
അണുവിമുക്തമാക്കി ഈ മാരിയെ ചെറുത്തിടാം
പൊതുസ്ഥലത്ത് പോയിടുമ്പോൾ മാസ്കു നാം ധരിക്കണം
മുന്നിൽ നിന്ന് പടനയിച്ച് കൂടെയുണ്ട് സർക്കാരും
ആദരിച്ചിടേണമാ ആരോഗ്യസേവകരെ നാം
അകന്നിരുന്ന് ഒരുമയോടെ നാടിനായ് പൊരുതിടാം

**അനഘാശാലു**
4 B
ഗവ. എൽ. പി. എസ്. വിളപ്പിൽ
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# OUR FIGHT

Break the chain,
Break the chain
And stop the
Covid-19 away
Stay at home and
wash your hands
every now and
then
Keep your Kith and
Kin
a little distance
away
But keep them in
your mind with
a lovely heart
Always use a
face mask
whenever in a
public place
whenever you
sneeze or cough
make sure a
handkerchief
We all are soldiers
in the battle
against a common foe
Let us Fight ,
Let us Fight
Let us Fight till we
win

**സായ ആർ എസ്**
4 B
ഗവ എൽ പി എസ് മടവൂർ
കിളിമാനൂർ ഉപജില്ല
തിരുവനന്തപുരം

# ഓർമ്മയിലെ പുഞ്ചിരി

പടിഞ്ഞാറു തേടിപ്പോകും കതിരോൻ തലയ്ക്കുമീതെ
കരുണയില്ലാതെ വാഴുമൊരുച്ചനേരം
ദേവദൂതർ തൂവെള്ളത്തേരോടി വന്നൂ മുറ്റത്തപ്പോൾ
സ്വർഗ്ഗരാജ്യവാതിൽ കൊട്ടിയടയ്ക്കുവാനായ്.

വിജനവീഥികൾ താണ്ടിയെത്തീ ആശുപത്രിയൊന്നിൽ
ഭയാശങ്കകൾ തണുപ്പിന്മേലേറിവന്നു
സ്വപ്നജാലകത്തിലൂടെ വർത്തമാനം വീക്ഷിച്ചുകൊ-
ണ്ടർധബോധാവസ്ഥയിൽ ഞാനെങ്ങോ പായുന്നൂ.

ഐസൊലേഷൻ വാർഡിലൊന്നിൽ കിടന്നുകൊണ്ടെൻ കണ്ണുകൾ
അർധരാത്രി ബാല്യകാലം തേടിപ്പറന്നൂ.
പനിച്ചു പൊരിയുമെന്റെ തിരുനെറ്റി തണുപ്പിക്കു-
മമ്മതൻ പുഞ്ചിരി തന്റെ സുഖമറിഞ്ഞു.

ജാലകത്തിലൂടെൻ മേലേയ്ക്കലിവിൻ നൂലെറിഞ്ഞുകൊ-
ണ്ടാദിത്യൻ വരവായ്... നേരം പുലരുകയായ്...
ക്ഷീണിതനാമെന്നെ നോക്കിക്കളിയാക്കും കാറ്റിനെ ഞാ-
നൊറ്റയ്ക്കിരുന്നുള്ളിന്നുള്ളിൽ പഴിപറഞ്ഞു.

മൂടിപ്പുതച്ചെന്റെ മുറിയ്ക്കുള്ളിലെത്തും മനുഷ്യർതൻ
കണ്ണുകളിലെൻ ഭാവി ഞാൻ വായിച്ചെടുത്തു.
പേടിവേണ്ടെന്നോതുംനേരം കൂരിരുട്ടിൻ കാട്ടിൽ
വഴികാട്ടികളെ കണ്ടെത്തുന്നൊരുവനെപ്പോൽ ഞാൻ

സൂചിമുന കുത്തിമടങ്ങുമ്പോൾ മൊഴിയുന്ന കൊച്ചു-
വാക്കുകളിൽ പോലും ഞാനാശ്വാസം കണ്ടെത്തി.
സുഖം തേടിയലയുമ്പോൾ,ആഴികളിലുഴലുമ്പോൾ
കൺമുന്നിലെ സ്വർഗ്ഗം കാണാമൂഢർ നാമെല്ലാം.

രോഗശാന്തി നേടി ഞാനെൻ വീട്ടിലേയ്ക്കു മടങ്ങുമ്പോൾ
യാത്രയയ്ക്കാനായവർ അണിനിരന്നു.
മന്നിലെ മാലാഖമാർതൻ കനിവിൻ വദനങ്ങളിൽ
അമ്മതൻ പുഞ്ചിരി ഇന്നു വീണ്ടും കണ്ടൂ ഞാൻ.

**വിസ്മയ.വി.എസ്**

9 C ഗവ. മോഡൽ ഗേൾസ് എച്ച് എസ് എസ് പട്ടം
തിരുവനന്തപുരം നോർത്ത് ഉപജില്ല
തിരുവനന്തപുരം

# വേനലിൻ ഭയം

വേനലിൻ അതിഥിയായ് വന്നുവോ ?
ആതിഥേയരാം നാം നിന്നെ ഭയക്കുന്നു
ഈ നൂറ്റാണ്ടിൽ നീ മഹാമാരിയായ് എത്തിയല്ലോ
മർത്ത്യനെ മുൾമുനയിൽ നിർത്തി
പരീക്ഷണത്തിൽ അടിമയാക്കി
ബാലരാം ഞങ്ങൾക്ക് ചിരിയില്ല,
കളിയില്ല, വിനോദമില്ല
കൈയിലെടുക്കാൻ സങ്കടം, സങ്കടം, സങ്കടം മാത്രം
കോവിഡേ നിന്റെ ഈ ചാഞ്ചാട്ടത്തിൽ
ആടിയുലഞ്ഞതോ ബാല്യചിത്തം
സ്നേഹമെന്ന മൂന്നക്ഷരത്തെ നാം ഓർത്തതില്ല
കുടുംബമെന്ന ലോകത്തെയും നാം മറന്നിരുന്നു
തിരക്കോട് തിരക്കായിടുമ്പോൾ
തിരിഞ്ഞു നോക്കണമെന്നാരും ഓർത്തതില്ല
അതിനു മറു മഹാമാരിയായി
സംഹാരതാണ്ഡവമാടിടുന്നു
കൈ കഴുകി മുഖവും വായും മൂടിക്കെട്ടി
തലയെടുപ്പുള്ളവനും താഴെത്തട്ടിലുള്ളവനെയും
ഒരുപോൽ നിർത്തി
വീടിനുള്ളിൽ മുഖത്തോട് മുഖം നോക്കിയിരുപ്പായി
സമയമില്ല സമയമില്ല എന്നോതിയ നിനക്കിന്നു
സമയം മാത്രം ബാക്കിയായി
എന്തുചെയ്യാം എന്തുചെയ്യാം എന്ന ചിന്തകൾ
മാത്രം നിന്റെ കാതിൽ മുഴങ്ങിടുമ്പോൾ
ചിന്തകളിൽ നമുക്ക് നന്മകൾ ഉതിർത്തിടാം
മാനവരാശിയെ സംരക്ഷിക്കാം
ഉറ്റവരെ സംരക്ഷിച്ചീടാം
പ്രകൃതിയെ നമുക്ക് ഒന്നായ് സ്നേഹിച്ചീടാം
നമുക്കൊന്നായ് മുന്നേറിടാം
നമുക്കൊന്നായ് മുന്നേറിടാം
ഐക്യദാർഢ്യത്തോടെ മുന്നേറിടാം

**നസിയ എൻ**
6 C ഗവ. മോഡൽ ഗേൾസ് എച്ച് എസ് എസ് പട്ടം
തിരുവനന്തപുരം നോർത്ത് ഉപജില്ല
തിരുവനന്തപുരം

# കൊറോണക്കാലം

ജനുവരി മാസ പുലരിയിലിതാ
വന്നുലച്ചൊരു മഹാമാരി
മാനവരാശിയെ കൊന്നൊടുക്കി
കുതിച്ചുകേറും മഹാമാരി
ചൈനയും ബ്രിട്ടനും
ഇന്ത്യയും ജപ്പാനും
കൊന്നാടുക്കിയ മഹാമാരി
മരണം എന്നും മരണം
അറിയാതെ അറിയുന്ന മരണം
ചുമച്ചും പനിച്ചും വിറച്ചും
അവന്റെ വിരുതുകൾ കാട്ടുന്നു
മനുഷ്യൻ കേവലം മണ്ണാണെന്ന്
നാം ഇന്നറിയുന്നു
മൂർച്ചയേറുന്നൊരാ അവന്റെ
വികൃതികൾ ജീവനോടിന്നിതാ
പോരാടുകയായ്
ഓരോ നാളും പിന്നിടുമ്പോഴും
ഓരോ ജീവനും വിട പറയുന്നിതാ
മനുഷ്യവംശത്തെ കൊന്നൊടുക്കുന്ന
മഹാമാരി ഞങ്ങളിൽ ഇനി വേണ്ട
രാത്രിയും പകലും വിശ്രമമില്ലാതെ
പോരാടുകയായ് മനുഷ്യദൈവങ്ങൾ
കോടിക്കണക്കിന് കൊന്നൊടുക്കി നീ
ഇനിയും നിനക്ക് മതിയാവുകയില്ലേ
ദു:ഖിതരാകയാൽ രാജ്യങ്ങളെല്ലാം
ജീവരക്ഷക്കായ് കണ്ണീരൊഴുക്കയായ്
എങ്കിലുമവനെ ഓടിക്കാനായ് മനുഷ്യ -
ദൈവങ്ങൾ പായുന്നിതാ
നടന്നു തളിച്ചും പറന്നു തളിച്ചും
ഞങ്ങളും അവനെ കൊല്ലുകയായ്
ഒരുമതൻ അരുമയിൽ ഞങ്ങളൊതു-
ങ്ങുന്നു അതിജീവനം ഒരു മന്ത്രമായ്
നാം അതിജീവിക്കും

**നന്ദന എസ് ശ്രീജുകുമാർ**
8 B ഗവൺമെൻറ്, വി.എച്ച്.എസ്.എസ് പരുത്തിപ്പള്ളി
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# ഒരു കൊറോണക്കാലത്തിന്റെ ഓർമയ്ക്ക്

തടവറയ്ക്കുള്ളിൽ ഞാൻ തനിയെ കിടക്കുമ്പോൾ
ഓർമ്മകൾ ഒരു ചെറുദീപമായി തെളിയുന്നു
കാവും കടത്തുമാ മുണ്ടകൻ പാടവും വിസ്മൃതിയാം
തിരശീല മറക്കുന്നു
കോവിലിൽ അന്ന് ഞാൻ കേട്ട മണിനാദം
ഇന്നെന്റെ കർണത്തെ തഴുകാനറയ്ക്കുന്നു
ആൽത്തറ ദീപവും അമ്മന്റെ തുള്ളലും
താളത്തിലുലയുന്ന ചെറുവഞ്ചിയും
അമ്മപ്പശുവിൻ അകിട് നുണയുന്ന
ആപൈക്കിടാവ് മറഞ്ഞുപോയി
തൊടിയിലെ ചില്ലയിൽ മധുരമായി പാടുന്ന
കുയിലിന്റെ നാദം നിലച്ചപോലെ
മൗനത്തിൻ ജാലകത്തിരശ്ശീലയ്ക്കപ്പുറമോരോപതുക്കെ
നടക്കുന്നപോൽ
നിശബ്ദനായി വന്നെന്റെ ദിനരാത്രമൊക്കെയും തടവറയ്ക്കുള്ളിൽ
അടച്ച കോവിഡ്
അദൃശ്യനാണെങ്കിലും ഭീകരണനാവൻ ആരെയും കൊല്ലാൻ
മടിയില്ലാത്തോൻ
അറിവുള്ളവർ ചൊല്ലുന്നു അകലത്തിൽ നിൽക്കാൻ
ഇനിയൊരു പുലരിക്ക് പൂക്കൂട നൽകുവാൻ ഞാനെന്റെ തടവറ
ഏറ്റുവാങ്ങാൻ
ഈ നാലുചുമരുകൾക്കുള്ളിൽ കഴിഞ്ഞു ഞാൻ
നല്ലൊരുനാളെയ്ക്കു വഴിതെളിയ്ക്കാം

**അനാമിക ലാൽ**
6 A ഗുഹാനന്ദപുരം എച്ച് എസ് എസ്
ചവറ ഉപജില്ല
കൊല്ലം

# ഒന്നായ് പൊരുതാം

അറിയില്ല എനിക്കറിയില്ല ഇനിയും
നിന്റെയീ മൗന താണ്ഡവം
ആടിത്തിമിർക്കുന്ന നിന്റെയീ നർത്തനം
സംഹാര താണ്ഡവമാണോ ?
ഇനിയെന്റെ കണ്ണുനീർത്തുള്ളികളിൽ
നിന്റെയീ ദാഹത്തിൻ ശമനമുണ്ടോ ?
അമ്മതൻ മടിത്തട്ടിൽ സംഗ്രഹിക്കുന്നു നീ
ഇനിയുമീ മക്കളെ കൊന്നിടുന്നു
കാണുവാനാകില്ല നിന്റെയീ ക്രോധത്താൽ
ഇനിയെന്റെ പ്രിയരാം സോദരങ്ങളെ
ജീവനറ്റ ശരീരവുമായവർ
ഒരു നോക്ക് കണ്ടീടാനാവാതെയും
എവിടെയോ അവരൊന്നായ് ദഹിച്ചിടുന്നു
ഉറ്റവരെ പോലും അടുപ്പിക്കാതെ
നെഞ്ചുനോവിന്റെ നൊമ്പരമറിയു നീ
കീഴടങ്ങിയാലും നീ
തെറ്റുതിരുത്തുവാൻ തന്നു പ്രകൃതിയും
പ്രളയവും ,വ്യാധിയും ഒക്കെയായി
ഇനിയെങ്കിലും അറിഞ്ഞീടുമോ മനുഷ്യൻ
അഹങ്കാരമെന്നത് വെടിഞ്ഞീടുമോ ?
കീഴടങ്ങാതെ പൊരുതാം നമുക്ക്
ഒന്നായി മുന്നേറാം വയറസ്സിനെ
'ഒന്നാണ് നമ്മൾ ലോകരെല്ലാം'
'ഒന്നായ് തുരത്താം വയറസ്സിനെ'

**അബിജിത്ത് സാജ്**
4 A എ എം ജി എൽ പി എസ്, കായിക്കര
വർക്കല ഉപജില്ല, തിരുവനന്തപുരം

# കൊറോണ നാടുവാഴും കാലം

കൊറോണ നാടുവാണീടും കാലം
മാനുഷരെങ്ങുമേ ഭീതിയിലായ്
തിക്കും തിരക്കും ബഹളമില്ല
വാഹനാപകടം തീരെയില്ല
ചപ്പുചവറു വലിച്ചെറിയാൻ
നാട്ടിലെങ്ങുമേ ആളുമില്ല
ജങ്ക് ഫുഡുണ്ണുന്ന കൂട്ടരൊക്കെ
ചക്കയും കഞ്ഞിയും മാത്രമാക്കി
മലിനമായ പുഴകൾ ഓർമ്മയായി
പ്രകൃതി ഭംഗിയായി കുളിച്ചൊരുങ്ങി
എല്ലാരും വീട്ടിൽ ഒതുങ്ങി നിന്നാൽ
കള്ളൻ കൊറോണ തളർന്നു വീഴും
എല്ലാരു മൊന്നായി ചേർന്നു നിന്നാൽ
നന്നായി നമ്മൾ ജയം വരിക്കും

**ശിഖ.എൻ.സി**
5 B, ജി.എച്ച്.എസ്.എസ്.കൊട്ടോടി
ഹോസ്ദുർഗ്ഗ് ഉപജില്ല
കാസർഗോഡ്

# ഭയം വേണ്ട ജാഗ്രത മതി

പേടി വേണ്ട ജാഗ്രത മതി
ഭയന്നില്ല നാം ചെറുത്തു നിന്നിടും
കൊറോണയെന്ന ഭീകരന്റെ കഥ കഴിച്ചിടും
നിപ്പ വന്നില്ലേ!ഓഖി വന്നില്ലേ!
മലയാളി തോൽക്കില്ല തോറ്റോടില്ല
ധീരരായ് കരുത്തരായ് ചെറുത്തതോർക്കണം
പേടി വേണ്ട ഭീതി വേണ്ട പ്രതിരോധിക്കാം!
അകന്നു നിന്നിടാം തൂത്തുനീക്കിടാം,
മനസുകൊണ്ട് ഒന്നായിടാം.
തകർന്നിട്ടില്ല നാം, മനങ്ങൾ ചേർത്തിടും ,
നാട്ടിൽനിന്നുമീ വിപത്ത് അകന്നിടും വരെ.
ചരിത്രപുസ്തകത്തിൽ നാം കുറിച്ചിടും കൊറോണയെ
തുരത്തിയിട്ട് നാടുകാക്കും മക്കളെ നാമോർക്കണം.
ഒരുമയോടെ കൂടെനിന്നീ വിപത്തിനെ ചെറുത്തിടാം
ചുണ്ടിൽ നിന്നും പുഞ്ചിരികൾ മാഞ്ഞിടാതെ കാത്തിടാം.
കണ്ണിപൊട്ടിക്കാം നമുക്കീ കൊറോണതൻ മാലയെ
കാക്കാം നമുക്കീ ജീവിതത്തിൻ മാലയെ
ഭയന്നിടില്ല നാം ചെറുത്തുനിന്നിടും.
കൊറോണയെന്ന ഭീകരന്റെ കഥ കഴിച്ചിടും
കൊറോണയെന്ന ഭീകരന്റെ കഥ കഴിച്ചിടും.

**വർഷ ബി എ**
6 B ജി എച്ച് എസ് കരിപ്പൂര്
നെടുമങ്ങാട് ഉപജില്ല
തിരുവനന്തപുരം

# കരുതലിന്റെ കാലം

ഇനിയും വരല്ലേ ഈ കാലം
ഈ ആശങ്കയുള്ളൊരു കാലം
ജീവനെടുത്തൊരീ രോഗം
ഇത് കൊറോണയെന്നൊരു
രോഗം
ജാതി മതമൊന്നുമില്ല
ഇത് ജീവൻ അപഹരിചീടും
ഒന്നിച്ചു കൂട്ടായി നിൽക്കാം
ഈ വൈറസിനെ നമുക്കകറ്റാം
വ്യക്തി ശുചിത്വം പാലിക്കൂ
നമ്മൾ സുരക്ഷിതരായി ഇരിക്കൂ
വീട്ടിലിരുന്നു തടയാം
ഈ കൊറോണ എന്ന മഹാമാരിയെ
കൈകൾ കഴുകി അകറ്റാം
ഈ കൊറോണ എന്ന വൈറസിനെ
ലോകമെമ്പാടും പകരും
ഈ വൈറസിനെ നമ്മൾ തുരത്തും
ഇനിയും വരല്ലേ ഈ കാലം
ഈ കൊറോണയുടെ കാലം

**ദേവനന്ദ.എസ്**
5 C ജി.എച്ച്.എച്ച്.എസ്.പാളയംകുന്ന്
വർക്കല ഉപജില്ല
തിരുവനന്തപുരം

# കൊന്നയും കൊറോണയും

നേരം പുലരുന്ന നേരത്തു
ഞാനെൻ മിഴികളിലേകും ഭയാനകദൃശ്യം
അടച്ചിരിപ്പാണർപ്പണവും
അടുത്തുവന്ന പ്രവാസികളും
എന്തിനീ വിഷുക്കാലം
കടൽ കടന്നെത്തി നീ..
കൊന്നതൻ പൂക്കാലം
മലയാളിതൻ വിഷുവിന്
കണി തന്നെ കൊറോണാ വൈറസ്
കണിക്കൊപ്പമായ് കോറോണ..
വിഷുവിലും പടർന്നെത്തുമോ?
കേരളത്തിനപ്പുറം ലോകത്തെ തന്നെനീ
ഭീതിയിലാഴ്ത്തി രസിപ്പതില്ലേ
പ്രാർത്ഥനാഭരിതരായ് ലോകരെങ്ങും
ശുചിത്വമാണ് നിനക്കെതിരായ്
നമുക്കായുധം പ്രതിരോധവും
മനോധൈര്യവുമാണിന്ന് നമുക്കാശ്വാസം
റോഡുകൾ നിശബ്ദമാക്കി നിൻ വരവുകൊണ്ട്
ഒട്ടേറെ ദോഷവും ഗുണവുമുണ്ട്
ഇന്നു നീ കാരണം ബാക്കിയായ് പരീക്ഷയും
മാറ്റുവാൻ കഴിയുമെന്നുറപ്പുണ്ട് തീർച്ചയായ്...

**ഫാത്തിമത്തുൽ നിദ യു എം**
8 B ഇരിക്കൂർ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ
ഇരിക്കൂർ ഉപജില്ല
കണ്ണൂർ

# തിരിച്ചറിവ്

മനുഷ്യാ, നീ മറന്നിടല്ലേ പ്രപഞ്ച സത്യം
നിൻ ദുരിതം നിൻ കർമ്മഫലം
ദേവാലയങ്ങൾ നിശ്ചലം
വിപണികൾ നിശ്ചലം
ആഡംബരങ്ങൾ നിശ്ചലം വാഹനങ്ങൾ നിശ്ചലം
ആഘോഷരഹിതം പൂരപ്പറമ്പുകൾ വിഷുപ്പുലരികൾ
ആരവങ്ങളില്ലാത്ത ഉത്സവങ്ങളും ഈസ്റ്ററും പെരുന്നാളും
പല ദൈവങ്ങളിൽ ഒരു ദൈവം
മുറ്റത്തെ ചക്കയ്ക്കും മാങ്ങയ്ക്കും നറു രുചികൾ
ആൾക്കൂട്ടമില്ലാത്ത മംഗല്യം
മരുന്നിനും മായത്തിനും ശമനം
മനുഷ്യാ, നീ മറന്നിടല്ലേ പ്രപഞ്ച സത്യം
തിരിച്ചറിയുക നിൻ ബുദ്ധിശൂന്യത
വിറങ്ങലിച്ചു പോം ഒരു സൂക്ഷ്മാണുവിൻ മുമ്പിൽ
തിരിച്ചറിഞ്ഞുവോ ഓരോ ജീവന്റെ നിലയും
നില നിർത്തുക സ്നേഹ ബന്ധങ്ങൾ
പുലർത്തുക സഹജീവികളോട് കരുണ
ഭയമല്ല വേണ്ടത് ജാഗ്രത മാത്രം
പൊട്ടിച്ചെറിയുക ചങ്ങലകൾ
പാലിക്കുക വ്യക്തി ശുചിത്വം
പോരാടുക കൊറോണയ്ക്കെതിരെ

**പൂജാകൃഷ്ണ**
5 A ജി.എച്ച്.എസ്സ്.എസ്സ്. പെരിങ്ങോം
പയ്യന്നൂർ ഉപജില്ല
കണ്ണൂർ

# കൊറോണ: കാലത്തിന്റെ മുന്നറിയിപ്പ്

കാലം കൊതിച്ചതോ?
വിശ്വം മറുമൊഴിയായ് കാത്തു വെച്ചതോ
മാനുഷജീവിതഗതിയുടെ താളം
നിശ്ചലമായി കുറിച്ച മഹാമാരിയെ?

നഗ്നമാം മിഴികൾക്ക് കീഴടങ്ങാതെ
ഔഷധക്കൂട്ടിലുമൊത്തുചേരാതെ
ദ്രുതഗതിയിലൊരായിരമായി വൈറസുകൾ
പെരുകിയുയരുന്നു മർത്ത്യമേനിയിൽ.

കെണിയിൽ കുരുങ്ങി ശ്വാസകോശവും
കഠിനമായ് വലിച്ചുന്തിയകറ്റുന്നു പ്രാണവായു
ഉയിരിന്നായി തുടിക്കുമീ ഹൃദയം
കോവിഡിന്നാഗമനത്തിൽ സ്പന്ദനമേറ്റു നിൽപ്പൂ.

വായടച്ചീടുന്നു തൂവാലകൾ, കൈകൾ
തൊട്ടുരുമ്മി കഴുകീടുന്നു പലവിധം
മാനവർ തമ്മിലരികെ നിൽക്കാതെ
കുശലം പറയാതെ യാത്രകൾ ചെയ്യാതെ
സന്ദേഹമുയരുമിമകൾക്കിരകളായീടുന്നു.

ഏകതയുടെ തിരികൾ തെളിയി-
ച്ചടച്ചിട്ട മുറികൾക്കുള്ളിൽ
നോവിന്റെ കടൽത്തീരത്തനങ്ങാതെ
ജാഗരൂകരായിരിപ്പുറപ്പിക്കുന്നു നാം.

ദിനം പ്രതിയുയരുന്നു രോഗികൾ
അങ്കക്കളരിയിൽ മരിച്ചു വീഴുന്നു മാനവർ
ഇന്ന് ലോകമാകെ നിശ്ചലം
നിശ്ശബ്ദതയുടെ ഇരുണ്ട ഗോളത്തിനുള്ളിൽ
ഉയിർ തേടിയലയുന്ന കോലങ്ങളാകുന്നു നാം.

വിയർപ്പുനീരൊഴുകുന്ന പകലുകൾ
ഉറക്കമൊഴിയുന്ന രാത്രികൾ
കടമെടുത്തു പൊരുതുന്നു കഠിനമായ്
ഭൂമിയിലുണരും മാലാഖമാരും
കാക്കിക്കുള്ളിലെ വിശുദ്ധ മനസ്സും
പ്രാർഥനയുടെ ശാന്തിയിൽ നാമേവരും
ഈ യുദ്ധത്തിൽ ധീരരായ് മാറുവാൻ.

മാനവകുലത്തിന്നു വിനാശമായി മാറുവാൻ
മാനവ സ്വാർഥതയ്ക്ക് വിരാമമിടുവാൻ
ദുഷ്ക്രിയകളുടെ കാലനായ് മാറുവാൻ
കാലം കരുതിവച്ചൊരായുധമൊ ഈ കൊറോണ

ഒത്തൊരുമയുടെ ശക്തിയിൽ
പ്രതീക്ഷകൾ നൽകുവാൻ
വീണ്ടുമൊരരുണോദയത്തിനായി
കാത്തിരിക്കാം നമുക്ക് ജാഗ്രതയോടെ

**സങ്കീർത്തന പി വി**
10 എ ജി എച്ച് എസ് എസ് മാതമംഗലം
പയ്യന്നൂർ ഉപജില്ല
കണ്ണൂർ

# മഹാമാരിക്കപ്പുറം

പരീക്ഷയില്ല..
പാഠങ്ങൾ തീരുംമുമ്പ്
വിദ്യാലയം എന്ന വിഹായസ്സ് മാഞ്ഞു
വീട്ടിലാണ്,
കൂട്ടില്ല.
മുറ്റത്ത് വേനൽ തിളങ്ങുകയാണ്.
മധ്യവേനലവധിയുടെ തിളക്കമല്ലത്.
മഹാമാരിയുടെ താണ്ഡവമാണ്.
കൂട്ടുകാരെയോർത്ത്,
കൈവിട്ട കളികളെയോർത്ത്,
നടന്നു തീർക്കാൻ കൊതിച്ച
ദൂരങ്ങളെയോർത്ത്
വീടിനകത്ത് ഞാൻ
കൈകഴുകുന്നു,
തിളയ്ക്കുന്ന വേനലിനും
പടരുന്ന മഹാമാരിക്കുമപ്പുറം
എല്ലാം കഴുകാൻ
എന്റെ കൈ പോലെ
ഈ ലോകത്തെ
ശുദ്ധമാക്കാൻ
പ്രകൃതി ഉണരുമെന്ന്
എനിക്കറിയാം.
പുസ്തകസഞ്ചിയും നിറയെ ഓർമകളും
പ്രതീക്ഷകളുമായി
ഞാനപ്പോൾ മുറ്റത്തിറങ്ങും
കെട്ടിപ്പിടിച്ചൊരു പാട്ടുപാടി
ഒന്നിച്ചുപോകാം നമുക്ക്...

**അമർനാഥ്**
7 ബി ജി എച്ച് എസ് എസ് മാതമംഗലം
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# അതിജീവനം

ലോകം മുഴുവൻ വളഞ്ഞിരിക്കുന്നിതാ
കോവിഡെന്നുള്ളൊരീ ഭീകരന്മാർ
വികസിത രാജ്യമാം ഇറ്റലി പോലും
ചത്തൊടുങ്ങുന്നൂ ദിനം ദിനമായ്
നിപ്പയെ തോൽപ്പിച്ചും പ്രളയമത്
നേരിട്ടും മുന്നേറും നമ്മളിൽ മഹാമാരി
കാട്ടുതീ പോലെ പടരുന്നിതാ കൊറോണ
എന്നുള്ളൊരീ ഭീകരൻമാർ
അനുസരണക്കേടു കാട്ടും മനുഷ്യന്റെ
ജീവിതം തന്നെ അധോഗതിയായ്
ഭയമല്ല വേണ്ടത് ജാഗ്രതയാണെന്നു
പറഞ്ഞു മടുത്തു ഗവണ്മെന്റുകൾ
പ്രകൃതി ശുചിത്വവും അകലവും പാലിച്ചു
മുന്നേറി നമ്മളിവർക്കെതിരെ
ഒത്തു പിടിച്ചാൽ മലയും പോരുമെന്ന്
തെളിയിച്ച കേരള ജനതയെ മറക്കരുതേ
പ്രതിരോധ വഴികൾ അനുസരിച്ച്
ഈ കടമ്പ നമ്മൾ കടന്നിരിക്കും
ഒറ്റക്കെട്ടായി ചങ്ങല പൊട്ടിച്ച്
കൊറോണ തൻ വ്യാപനം തടഞ്ഞിരിക്കും
ഡോക്ടറും നഴ്സും തല പുകച്ചതിൻ
ഫലമായി നെഗറ്റീവ് റിസൽട്ടും കിട്ടിടുന്നു
പോലീസുകാരന്റെ വിയർപ്പിൻ ഫലമായി
നഗരത്തിൽ ആൾക്കൂട്ടം കുറഞ്ഞിടുന്നു
രാവും പകലും ഉറക്കമിളച്ചാതുര സേവനം
നടത്തുമിവർക്കെല്ലാം

കൊടുക്കാം നമുക്കൊരു വലിയ സല്യൂട്ട്
അനുസരണക്കേട് കാട്ടും മനുഷ്യനു കിട്ടുന്നു
ഒരായിരം ലാത്തിയടി
എന്നിട്ടും പോരാ എന്നുള്ളവർക്കെല്ലാം
അവസരം കിട്ടുന്നൂ ജയിലു കാണാൻ
സാനിറ്റൈസറും മാസ്കുകൾ നിർമ്മിച്ചു
ഫ്രീയായി നൽകുന്നീ കേരളീയർ
ഒറ്റക്കെട്ടായി കൊറോണയെ നേരിടാൻ
തയ്യാറായ് നിൽക്കുന്നൂ ജനതയിവിടെ
ലോകം മഴുവനും മുൾമുനയിൽ നിർത്തിയ
സാർസിനെപ്പോലുള്ള രോഗാണുക്കൾ
സാർസ് പോയെങ്കിൽ ഇവനിനി ഇല്ലെന്ന്
ഉറപ്പു നൽകുന്നു കേരളീയർ
കേരളീയർ നമ്മൾ ധൈര്യശാലികൾ
നാം തോല്പപിക്കും കൊറോണയെ.........

**ഷാദിയ ഷമീർ**
5A ജി.എച്ച്.എസ്സ്. പേഴക്കാപ്പിള്ളി
മുവാറ്റുപുഴ ഉപജില്ല
എറണാകുളം

# വമ്പൻ കൊറോണ

കൊറോണയെന്നൊരു വമ്പൻ വൈറസ്
കറങ്ങി നടപ്പൂ ലോകം മുഴുവൻ
ലോകരെ മുഴുവൻ രോഗികളാക്കാൻ
വന്നൂ വമ്പൻ കോവിഡ് 19

അങ്ങു ദൂരെയേതോ നാട്ടിൽ
പിറന്നുവല്ലോ ഈ കൊമ്പൻ
എന്നിട്ടവനോ വന്നല്ലോ
നമ്മുടെ സ്വന്തം കേരള നാട്ടിൽ

വിദ്യാലയത്തിൻ വാർഷികാഘോഷങ്ങൾ-
ക്കന്തകനായി ഈ വമ്പൻ
അവധിക്കാലവും വിഷുക്കണിയെല്ലാം
മുങ്ങിപ്പോയി ലോക്ക്ഡൗണിൽ

ജീവജാലങ്ങളെ കൂട്ടിലടച്ച
മാനവനെയോ കൊറോണ പൂട്ടി
കൊറോണ കാരണം കുറഞ്ഞുവല്ലോ
അന്തരീക്ഷത്തിൻ മലിനീകരണം

വീട്ടിലിരിക്കാം കൈ കഴുകീടാം
പാലിച്ചീടാം നിയമങ്ങൾ
ഓടിച്ചീടാം കൊറോണയെ
ഒത്തൊരുമിച്ചു പൊരുതീടാം

ലോകത്താകെ കോവിഡ് മരണം
ഏറീടുന്നു വൻതോതിൽ
നമ്മുടെ നാടാം കേരളമണ്ണിൽ
കോവിഡ് മരണം കുറവാണേ

രാപ്പകൽ മുഴുവൻ അധ്വാനിക്കും
ഡോക്ടർമാരും നേഴ്സുമ്മാരും
കൈകോർത്തീടാം അവരോടൊപ്പം
നമ്മുടെ നാടിൻരക്ഷയ്ക്കായ്

**ദിയ മിഥുൻ**
3 B ജിഎൽപിഎസ് നീലേശ്വരം
ഹോസ്ദുർഗ്ഗ് ഉപജില്ല, കാസർഗോഡ്

# മഹാമാരി

മഹാമാരി
മഹാമാരി എങ്ങും എവിടേയും
എപ്പോഴുമെത്താം..... ജാഗ്രത മാത്രം പ്രതിവിധി
ഒന്നാന്തരമൊരു മുൾവേലി കെട്ടണം
എന്നാലാരും അടുക്കില്ലല്ലോ
എന്നിട്ടെൻ കൂരയിൽ മയങ്ങേണം
മതമില്ല, നിറമില്ല, വലുതില്ല, ചെറുതില്ല
അറിയേണ്ടതൊന്നേ വയറിൻ വിശപ്പിനെ
കൊതിതീരെ മാംസപിണ്ഡങ്ങൾ കഴിക്കേണ്ട.
അഞ്ചാറു വണ്ടികൾ ഒരു വീട്ടിൽ നിന്നും
തുരുതുരാ ഓടിക്കളിക്കുന്നുമില്ല
ഓർക്കുക മനുഷ്യാ നീ
നിയമ ലംഘനം നടത്താതെ തെരുവിൽ
മാസ്കുകൾ എന്നും ധരിക്കേണം
കൈകൾ ഹാൻഡ് വാഷിൽ
ഇടയ്ക്കിടെ കഴുകേണം
ശേഷം മതി മറ്റുള്ള സ്പർശനം
നാളെയുടെ നന്മകൾ നാം ഓരോരുത്തരും
ജാഗ്രത, ജാഗ്രത, ജാഗ്രത, മാത്രം

**നൈനിക പി**
4 B ജിഎൽപിഎസ് നീലേശ്വരം
ഹോസ്ദുർഗ്ഗ് ഉപജില്ല
കാസർഗോഡ്

# അതിജീവനം

ഇത്രോളം ഉണ്ടൊരു രോഗം
കൊറോണ എന്നൊരു രോഗം
ഉണ്ടായിട്ടില്ലാകാലം
ഇതുപോലൊരു രോഗകാലം
മിണ്ടാനോ വയ്യാ പോലും
തൊടാനും വയ്യാ പോലും
കാണാനോ കിട്ടുകയില്ല
കൊറോണ വൈറസിനെ
തുമ്മാനും തുടയ്ക്കാനും
തൂവാല കരുതേണം
കരുതലായ് നാമെല്ലാം
തോഴരെ കാണുമ്പോൾ
കൈവണങ്ങീടുക തന്നെവേണം
വിസയില്ല പാസ്പോർട്ടില്ല
ഉലകം ചുറ്റും വില്ലനായ്
ലോകത്തിൽ ഭീതിയുമായ്
കാലന്റെ രൂപത്തിൽ
കോവിഡു വന്നെത്തി
മരണം കണ്ട് രസിച്ചങ്ങ്
ലോകം ചുറ്റുകയാണല്ലോ
ചിറകില്ല പറക്കാനായ്
കാലില്ല നടക്കാനായ്
എന്നാലും നീ തന്നെ
കൊലയാളി നീ തന്നെ
അതിജീവനത്തിൻ കഥയുമായ്
ഒത്തൊരുമിച്ചീടും നാമെല്ലാം
കാലിടറാതെ നിന്നിടും നാം
മനമൊന്നായുരുകി പ്രാർത്ഥിക്കാം
വഴി മാറി പോവുക കോവിഡേ....
വഴിമാറി പോവുക കോവിഡേ.....

**ഹൃതിക്**
7 E ജി.യു.പി.എസ്.കോങ്ങാട്
പറളി ഉപജില്ല, പാലക്കാട്

# നന്മയ്ക്കായ്

രോഗച്ചങ്ങല പൊട്ടിക്കാൻ
വീട്ടിൽത്തന്നെ ഇരിക്കേണം
കൈകൾ നന്നായ് കഴുകേണം
കുസൃതികൾ വീട്ടിലൊതുക്കേണം
വീട്ടിൽ കഴിയുംനേരത്തും
പുസ്തകമാണെൻ ചങ്ങാതി.

**ആദിശങ്കർ**
1 C ജിഎൽപിഎസ് പടന്നക്കാട്
ഹോസ്ദുർഗ്ഗ് ഉപജില്ല
കാസർഗോഡ്

# വൈറസ്

ഞാനിവിടെ വീട്ടിലുണ്ട്
അച്ഛനുണ്ട് അമ്മയുണ്ട്
കൈ കഴുകി കാൽ കഴുകി
മുഖം കഴുകി ഇരിപ്പാണേ
പുറത്തിറങ്ങാൻ വയ്യല്ലോ
പോലീസ് മാമൻ തല്ലുമല്ലോ
ചൈന വഴി ഇറ്റലി വഴി
കേരളത്തിൽ കൊറോണയെത്തി
മനുഷ്യരെല്ലാം വീട്ടിലെത്തി
കതകടച്ച് മാസ്ക് കെട്ടി
പുഴ ചിരിച്ചു മരം ചിരിച്ചു
കിളി ചിരിച്ചു ലാലാലാ

**Sanjay.K.P**
1 B ജിഎൽപിഎസ് പടന്നക്കാട്
ഹോസ്ദുർഗ്ഗ് ഉപജില്ല
കാസർഗോഡ്

# കൊറോണ എന്ന മഹാമാരി

എതോ നിമിഷത്തിന്റെ
അർധയാമത്തിൽ ഉയർന്നു
വന്നൊരു മഹാമാരിയെ.....
നീ വന്നുവെന്നറിഞ്ഞു. അയ്യോ
ഞങ്ങൾ മുൾമുനയോടെ മാറി

ആകാശപ്പറവകളോടൊത്തു പാറി-
നടക്കേണ്ട ഞങ്ങളെ നീ വെറും
തടവിലാക്കി....ഒതുക്കി
ഒതുങ്ങി ആത്മധൈര്യം
പോലും ചോർന്നുപോയി.

അങ്ങൊരു നാട്ടിൽ പിറന്നെങ്കിലും
ലോകങ്ങൾ താണ്ടി നടക്കുന്നു നീ
ഞങ്ങളോ വെറും തടവുകാർമാത്രം
ജീവനീർത്തുള്ളിയെ അഗ്നിയായ് മാറ്റി നീ

കൊറോണയെന്ന ഭീകരരൂപിയെ
രാജ്യപാലകരും പിന്നെ ലോകപാലകരും
മലാഖമാരാം നഴ്സുമാരും
രോഗവിമുക്തി നേടിത്തരും ഡോക്ടർമാരും
നമ്മെ കൈവിടാതെ പിടച്ചിടുന്നു
ഒന്നിച്ചിടും ഞങ്ങൾ കൈകോർത്തിടും
ഒന്നിച്ചു നേരിടും ഞങ്ങൾ മഹാമാരിയെ.....

ജാതിയില്ല മതങ്ങളില്ല
ഞങ്ങൾ ഒറ്റക്കെട്ടായ് പൊരുതി നിൽക്കും
ജാഗ്രതയോടെയിരിക്കും
കൊറോണയെന്ന വൈറസിനെ ഞങ്ങൾ
ലോകം കടത്തി പറഞ്ഞയക്കും.

**രഞ്ജിമ കെ നായർ**
IX E ഡബ്ല്യു.ഒ.വി.എച്ച്.എസ്.എസ്.മുട്ടിൽ
സുൽത്താൻ ബത്തേരി ഉപജില്ല
വയനാട്

# ഒന്നകലാം ഒത്തൊരുമിക്കാൻ

ഭീതിതൻ പാതയിൽ നീങ്ങുന്നു ലോകം
ഭീതിയാൽ മർത്യരോടുന്നു.....
പണമാണ് സാരമെന്നവർ ചൊന്നപ്പോൾ
പണം നിസാരമെന്ന് ലോകം....
മർത്യന്നഹങ്കാരം തടഞ്ഞുനിർത്തി
ഇവർ കോവിഡിൽ തലകുനിച്ചു....
ചെറുപ്രാണികളോടായി ജീവൻ പോരാടുന്ന
മാനുഷരെത്ര നിസാരൻ....
ഒന്നകലാം നമുക്കൊന്നിച്ചു നിൽക്കാൻ
ഭാവി തൻ പ്രതീക്ഷകൾ വീണ്ടെടുക്കാം
കൈകളകത്തി മനം കൊണ്ടൊരുമിച്ച്
പോരാടാം നാളേക്ക് വേണ്ടി....
പിന്നോട്ട് പോകാം പ്രകൃതിയിലേക്കായി...
പിന്നിലെ സൗഹൃദം വീണ്ടെടുക്കാം
പിന്നിലുള്ള സ്നേഹങ്ങൾ കൊണ്ട് മുന്നേറാം
ഇനിയുയരും പുലരികളിൽ നവലോകം ഉയർത്തിടാം.

**സഹലാബി കെ പി**
7 എ തേർളായി എ യു പി സ്കൂൾ
തളിപ്പറമ്പ് നോർത്ത് ഉപജില്ല
കണ്ണൂർ

# നിശ്ചലം

നിശ്ചലം നിശ്ചലം സർവ്വത്ര നിശ്ചലം
ലോകത്തെയാകെ നടുക്കിയ നിശ്ചലത
കൊറോണയെന്നൊരു കുഞ്ഞു വൈറസ്
വിത്തുകൾ വിതറുന്നു ലോകമാകെ.....
ഞെട്ടിത്തരിക്കുന്ന ലോകത്തിലിന്ന്
സ്നേഹമെന്ന രണ്ടക്ഷരം മാത്രം
ജാതിചിന്തയില്ല മതവുമില്ല
പ്രാർത്ഥനകൾ മാത്രം എങ്ങുമെങ്ങും....
കളകൂജനം മുഴക്കുന്ന പക്ഷികളും.
ഓടിക്കളിക്കുന്ന കൊച്ചു മൃഗങ്ങളും
ശുദ്ധവായുവും തെളിനീരും
ആശ്വാസമാകുന്നു ജീവിതത്തിൽ...
മരിച്ചു വീഴുന്നു മനുഷ്യർ ദിനംപ്രതി
ചലിക്കുന്നു മർത്യർ ജീവച്ഛവം പോൽ
പിറന്ന നാടിനെയോർത്തു കേഴുന്നു പ്രവാസികൾ
പറന്നുയരാൻ വഴിയില്ല നിശ്ചലത മാത്രം.
കൊറോണയെ തുരത്തും നമ്മൾ
ദൈവത്തിന്റെ സ്വന്തം നാട്ടിലാണ് നമ്മൾ
ജാഗ്രതയോടെ വീട്ടിലിരുന്ന്
മാറ്റാം നമുക്കീ നിശ്ചലത.....

**മരിയ റോസ് അഗസ്റ്റ്യൻ**
7 സി. നിർമ്മല യു.പി.സ്കൂൾ ചെമ്പേരി
ഇരിക്കൂർ ഉപജില്ല
കണ്ണൂർ

# കവിത

കൊറോണ എന്നൊരു വ്യാധി വന്നു...
മാനവരെല്ലാം ഭീതി പൂണ്ടു...
പ്രാണഭയത്താൽ വിറകൊണ്ടു.
ലോകം ഒന്നായി വിറങ്ങലിച്ചു.

കാവലിനായി മാലാഖമാരെത്തി...
ദൈവരൂപം പൂണ്ട മനുഷ്യരെത്തി...
ജാതിയും മതവും മറന്ന്
മാനവരൊന്നിച്ച് പോരാടി...

സഹനത്തിനു മുന്നിൽ..
സ്നേഹത്തിനു മുന്നിൽ..
ത്യാഗത്തിനു മുന്നിൽ..
സേവനത്തിനു മുന്നിൽ..

തോറ്റോടി മഹാമാരി..
മനുഷ്യരൂപം പൂണ്ട ദൈവങ്ങൾ...
മാനവനെ ചിറകിലൊതുക്കിയ മാലാഖമാർ...
തിരിച്ചുപിടിച്ചു ലോകത്തെ

പ്രത്യാശയുടെ കിരണം..
സ്നേഹത്തിന്റെ കിരണം..
മാനവതയുടെ കിരണം..
കെടാതെ കാക്കാം..

വരും ദിനങ്ങളിൽ കൈപിടിച്ച്...
കൂടെ കൂട്ടാം സഹജീവിയെ...
ഉള്ളു തുറന്നു സ്നേഹിക്കാം...
കാവലായി മാറാം ഈ ഭൂവിന്......

**അലീന ജോർജ്**
9 C നിർമ്മല ഹൈസ്കൂൾ കബനിഗിരി
സു. ബത്തേരി ഉപജില്ല, വയനാട്

# നേരിടാം ഒരുമിച്ച്

ഭയന്നിടില്ല നാം അതിജീവിച്ചിടും
ഈ ദുർഘടമാം വേളകൾ നാം
അതിജീവിച്ചിടും
കഥ കഴിച്ചിടും ഒന്നു ചേർന്നു നാം
കൊറോണ എന്ന ഭീകരനാം
മഹാമാരിയെ....
ജാതിയൊന്നുമില്ല മതമൊന്നുമില്ല
പ്രാണനായി ....
പൊരുതുന്നു ഒറ്റക്കെട്ടായി....

പ്രാണനായ് കേഴുന്ന
ഒറ്റപ്പെടലിൽ
എല്ലാരും ഒന്നെന്നുള്ള ചിന്തകൾ
മാത്രം.....

ജാഗ്രതയോടെ ശുചിത്വത്തോടെ
ഭയക്കാതെ
അകന്ന് നിന്ന് മുന്നേറിടാം...
അതിശ്രദ്ധയോടീ നാളുകൾ
പ്രാർത്ഥിച്ചു
സമർപ്പിക്കാംഈ ലോകരക്ഷയ്ക്കു
വേണ്ടി....

ഈ മഹാമാരി നാടിൽ നിന്ന്
അകന്നിടും വരെ നിർത്തുവിൻ –
കൂട്ടരെ ഒത്ത് ചേരലുകൾ
ഒഴിവാക്കിടാം നാടിൻ രക്ഷയ്ക്ക് വേണ്ടി
സന്ദർശനങ്ങൾ ഹസ്തദാനങ്ങളുമെല്ലാം!
രോഗത്തിൻ വാഹകരാകാതിരിക്കാൻ
വീട്ടിലിരുന്നു സുരക്ഷിതരാവൂ. ..
രോഗത്തിൻ കണ്ണികളെ തകർത്തിടാൻ
ഒരുമിച്ചു നമുക്ക് പ്രയത്നിച്ചിടാം...
ഒരുമിച്ചു നമുക്ക് പ്രയത്നിച്ചിടാം (2)

**ജെനി മേരി ജെയിംസ്**
7 എ പള്ളിത്തുറ. എച്ച്.എസ്.എസ്
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# അസുരവിത്ത്

ഞാൻ ഇന്ന് ലോകമടക്കി വാഴുകയാണ്.
രാജ്യങ്ങൾ ചുറ്റി വരുന്ന
എന്നെ കാണുമ്പോൾ
മനുഷ്യർക്ക് ഭയമാണ്.

ആതുരസേവകർ എന്നെ തുടച്ചു നീക്കീടുമ്പോൾ
പതിനായിരങ്ങളിലുയിർത്തെഴുന്നേൽക്കുന്നു ഞാൻ
എന്നിലെ ആസുരതയെ തളയ്ക്കുവാൻ
മനുജാ, വൃഥാ സമയം കളഞ്ഞിടൊലാ.

പാരാകെ പറന്നു നടക്കവെ നീ മറന്നതും
മറന്നെന്ന് നടിച്ചു നീ മാറ്റിവെച്ചതും
ഭൂമിമാതാവിനെ വേദനിപ്പിച്ചതും
ഭൂതം മറന്നു നീ ഭാവി പഠിച്ചതും
വ്യർഥവിചാരങ്ങളിൽ വെട്ടിപ്പിടിച്ചതും
വിറ്റുതുലച്ചതും വാക്കിൽ ചതിച്ചതും
ഒറ്റക്കിരുന്നൊന്ന് ഓർക്കുകിൽ
തെറ്റുകൾ പാഠമായ് ചൊല്ലി തിരുത്തുകിൽ
ഒന്നിച്ചുനിൽക്കുകിൽ തമ്മിൽ കരുതുകിൽ
വാരിവിതച്ച മഹാമാരിതൻ വിത്തുകൾ
തിരികെയെടുത്തു ഞാൻ പോകാം
ഇനിയും സമയമുണ്ടിപ്പൊഴും ലോകത്ത്
നന്മതൻ കണികകൾ ബാക്കിയുണ്ട്.

**അഭയ**
10 A പി.ജി.എം.വി.എച്ച്.എസ്സ്
പുല്ലാമല,തിരുവനന്തപുരം,നെയ്യാറ്റിൻകര
നെയ്യാറ്റിൻകര ഉപജില്ല
തിരുവനന്തപുരം

# CORONA - THE ANTHROPOPHAGE

Have you heard about an epidemic?
What is its name? Oh! "Co...rona"
It is killing even all in the attic,
Why you came here from China?
Do you want to make all pathetic?
Or do you want to kill this era?
Are you trying to be a pandemic?
Had you tried to capture Kerala?
But why you couldn't make it panic?
You couldn't stay here Mr. Rona!
We'll throw you out surely, oh yeah!
Had the scientist found any medicines?
No, the science even couldn't cure it.
So what should we do to erase these?
Yes, science had found the solution.
Stay at home and practice yoga!
Keep a distance for later being closer.
Wash your hands and try something dainty.
Three simple ways to kill this tiny!

**നിഖിൽ മാത്യു**
10 A ബി. എം. ജി.എച്ച് എസ്സ് കുളത്തൂപുഴ
അഞ്ചൽ ഉപജില്ല
കൊല്ലം

# പ്രകൃതിയുടെ പ്രതികാരം

ഇന്നുമെന്നും ഓർത്തുകൊണ്ടിരിക്കാൻ
പ്രകൃതിയാം ദേവി തന്നൊരാപാഠം
നിൻ കണങ്ങൾ തുള്ളിയായി വീഴുമ്പോൾ
ആരുമോർത്തില്ല അതൊരു പേമാരിയാകുമെന്ന്
എന്തിനായ് ഈ കൊടും ക്രൂരത
പ്രകൃതിയാം നിൻ അമ്മയോടുതന്നെ
പ്രകൃതിദത്ത വരത്തെയെല്ലാം നീ കൊന്നൊടുക്കിയപ്പോൾ
നീ ഓർത്തില്ല അത് നിന്നെ തന്നെ കൊന്നൊടുക്കുമെന്ന്
ഇങ്ങനെയൊരു വിപത്തിനു നാം സാക്ഷിയാകുമ്പോൾ,
അത് നാം തന്നെ വരുത്തിയ വരം
നിന്നിടം വികസിപ്പിക്കാൻ നീ പ്രകൃതിയെ നശിപ്പിച്ചപ്പോൾ
നീ ഇരുന്നിടം കൂടി പ്രകൃതി നശിപ്പിച്ചു
അന്ന് വർഗീയതയില്ല,ജാതിയില്ല,മതമില്ല,
ഒരുമയുടെ ആ നാളുകൾക്ക് മധുരവും ഉണ്ടായിരുന്നു
വീണ്ടും ഒരു വിപത്തണയുന്നു
അത് നമുക്ക് അതിജീവിക്കാൻ പ്രയാസം
അതിനെ വേരോടെ മുറിച്ചുമാറ്റാൻ സാധിച്ചില്ലെങ്കിലും
നാം അതും അതിജീവിക്കും

**ജംഷിയ നസ്രിൻ**
9 D ബി.ഇ.എം.എച്ച്.എസ്സ്.എസ്സ്. പാലക്കാട്
പാലക്കാട് ഉപജില്ല
പാലക്കാട്

# ഭയപ്പെടേണ്ട

ഭയപ്പെടേണ്ട കരുതലോടെ
ഒരുമയോടെ നീങ്ങിടാം
മുന്നിൽ നിന്ന് പടനയിച്ച്
കൂടെയുണ്ട് പോലീസുകാർ
മാസ്ക് കൊണ്ട് മുഖം മറച്ച്
അണുവിനെ അകറ്റിടാം
കൈ കഴുകി കൈ തൊടാതെ
പകർച്ചയെ മുറിച്ചിടാം
ഒത്തുകൂടൽ സൊറ പറച്ചിൽ
ഒക്കെയും നിറുത്തിടാം
വെറുതെയുള്ള ഷോപ്പിങ്ങുകൾ
വേണ്ട നമ്മൾ നിറുത്തിടാം
പുറത്തു പോയി വീട്ടിൽ വന്നാൽ
അംഗശുദ്ധി ചെയ്തിടാം
തകർക്കണം തുരത്തണം
നമ്മളീ കൊറോണയെ

**അസ്ന ഷമീർ**
4 B എം.എസ്.എം സ്കൂൾ മുളവൂർ
മുവാറ്റുപുഴ ഉപജില്ല
എറണാകുളം

# മഹാമാരി

മലയാള നാട്ടിൽ മഹാമാരികൾ
പല കാലങ്ങളിൽ മഹാമാരികൾ
പല കാലങ്ങളിലായ് കറങ്ങി നടക്കുന്ന സൂക്ഷ്മാണുക്കളെ
കേരം തിങ്ങും നാട്ടിൽ ഒരു മെയ്യായി, ഒരു മലരായി
നാം മർത്യർ നേരിടും.
മഹാമാരികൾക്ക് മതമില്ല ജാതിയില്ല
വർഗ്ഗ വർണ്ണങ്ങളില്ല
ഭാഷ ദേശാദികളില്ല
പണ്ഡിതനെന്നില്ലാ പാമരനെന്നില്ല
എല്ലാവരേയും ഒരുപോലെ ഗ്രസിച്ചിടും
ഈ ഭീകരസൂക്ഷ്മാണുക്കളെ
ശരിയായ മാർഗ്ഗേ നശിപ്പിച്ചിടും നാം
വൃത്തിയോടെ വെടിപ്പോടെ മെയ്യും നഗരവും
കാത്തിടും വൃത്തിയാക്കിടും
നിശ്ചയം നിശ്ചയദാർഢ്യമുള്ളവർ നാം
ഉയിരായി കാത്തിടും കരളുറപ്പോടെ
നാം ഒന്നായി നേരിടും ഈ മഹാമാരിയെ

**സഹദ് . റ്റി**
9 A മുസ്ലീം എച്ച്.എസ്. ഫോർ ബോയിസ് കണിയാപുരം
കണിയാപുരം ഉപജില്ല
തിരുവനന്തപുരം

# THE ADVENTUROUS VIRUS

The adventurous virus
Became a horror virus
The poor people afraid
of the virus Corona
When we are together
We can prevent the virus
The poor people have no food and shelter now
They are in worry.
So we prevent the virus
Remember Prevention is Better than Cure
We can prevent the Adventurous virus with a siren
"Go away Corona"
"Go away Corona"

**ശ്രീഗംഗ**
5 A ഗവൺമെന്റ് യു പി എസ് ഇളമാട്
വെളിയം ഉപജില്ല
കൊല്ലം

# ഒന്നാകണം നമ്മൾ

ലോകമെമ്പാടും കൊടുങ്കാറ്റുപോലെ ആഞ്ഞടിക്കുന്ന കൊറോണ....

മനുഷ്യശരീരത്തിൽ തുളച്ചുകയറുന്ന
മാറാരോഗമാം കൊറോണ...
ഭീതി പരക്കുന്നു ഭയാനമാകുന്നു
വീണ്ടുമൊരു മഹാമാരി...
ഭീകരനാം കൊറോണ എന്ന നാശകാരി
മർത്യനെ തുടച്ചു നീക്കുന്നു...
ജാതിഭേദമില്ല മതമൊന്നുമില്ല പ്രാണനായി
കേണു ഞങ്ങൾ......
അഖിലലോകവും വിറപ്പിച്ചു കൊണ്ടവൻ
അതിവേഗം പടരുന്നു കാട്ടുതീയായ്....
പോരാടിടാം കൂട്ടരെ നമുക്കിത്
പ്രതിരോധ മാർഗ്ഗത്തിലൂടെ...
കരുതൽ ഇല്ലാതെ നടക്കുന്ന സോദരേ
നിങ്ങൾ തകർക്കുന്നതൊരു ജീവനല്ല
ഒരു ജനതയെ തന്നെയല്ലേ... ജാഗ്രതയോടെ
മുന്നേറിടാം ഭയക്കാതെ
ഈ ലോക നമുക്കുവേണ്ടി
ഈ മാറാരോഗത്തെ കെട്ടുകെട്ടിക്കാൻ
ഒന്നാകണം നമ്മളെല്ലാം...
ഭീതിയെരുന്നൊരു മാരകരോഗത്തെ
തുടച്ചുമാറ്റിടണം നമ്മൾ......

**അശ്വതി. എം. ആർ.**
9 E വി പി എം എച്ച് എസ് എസ് വെള്ളറട
പാറശ്ശാല ഉപജില്ല
തിരുവനന്തപുരം

# രോഗപ്രതിരോധം

വിശ്വമാകെ വിത്തെറിഞ്ഞു പോകുമീ
വൻവിപത്തിനെ തടുത്തു
നിർത്തുവാനുണർന്നിടാം
കരങ്ങൾ തമ്മിൽ ചേർത്തിടാതെ
കരളു തമ്മിൽ കോർത്തിടാം
ഉടലുകൊണ്ടകന്നിടാം
ഉയിര് കൊണ്ടടുത്തിടാം
കരുതി നാം നയിച്ചിടും
പൊരുതി നാം ജയിച്ചിടും
അതുവരേ... അതുവരേ..
പ്രതിരോധമാണ് പ്രതിവിധി
കൈയിടയ്ക്കു കഴുകുവാൻ
വൈകിടാതെ നോക്കിടാം
നാളെയൊത്തു കാണുവാൻ
ഇന്നു പൊത്തിടാം മുഖം
വാതിൽ പൂട്ടി വീടിനുള്ളിൽ
നാമിരിക്കുമെങ്കിലോ
നാടുകാക്കുവാനുറച്ച
യുദ്ധതന്ത്രമാണത്
കരുണ ചൊരിയും ഭരണമരുളും
സരണി മാത്രം തേടിടാം
കരുതി നാം നയിച്ചിടാം
പൊരുതി നാം ജയിച്ചിടാം
അതുവരേ.... അതുവരേ...
പ്രതിരോധമാണ് പ്രധിവിധി...

**സംഗീത് എസ്**
4 B സെന്റ് ഫ്രാൻസിസ് എൽ പി എസ് ഈഴക്കോട്
കാട്ടാക്കട ഉപജില്ല
തിരുവനന്തപുരം

# ഇല്ല നമ്മൾ തളരില്ല

കൊറോണ എന്നൊരു വിഷവിത്ത്
ഭൂമിയിൽ വന്നു പിറന്നപ്പോൾ,
ഭൂലോകരെല്ലാം പേടിച്ചു
വീട്ടിനുള്ളിൽ ഇരിപ്പായി.
ചൈന എന്നൊരു രാജ്യത്ത്
ജന്മമെടുത്തൊരു രോഗാണു,
ജർമ്മനി, ബ്രിട്ടൻ, അമേരിക്ക
പിന്നിട്ടെത്തി ജയിക്കാനായി,
ഇല്ല നമ്മൾ തളരില്ല,
പോവില്ലൊരടി പിന്നോട്ട്,
പോയവർ നൽകിയ പാഠവുമായി
കീഴടക്കി നാം മുന്നോട്ട്.
അറിയൂ പ്രിയ സോദരരെ,
അനുസരിക്കു അധികാരികളെ,
ആദരിക്കു സേവകരെ

**ഗോകുൽ കെ. എ.**
2 B സെന്റ് മേരീസ് എൽ.പി.സ്കൂൾ, തീക്കോയി
ഈരാറ്റുപേട്ട ഉപജില്ല
കോട്ടയം

# നിശ്ശബ്ദ കൊലയാളി

എത്ര നിസ്സാരമീ കുഞ്ഞുകീടം,
കാണുവാൻ പോലും കഴിയുകില്ല
ജാതിയുമില്ല മതവുമില്ല
കൊറോണക്കെല്ലാരുമൊന്നുപോലെ.

ഒച്ചയില്ല ബഹളമില്ല
എല്ലാരും വീട്ടിലടച്ചിരിപ്പൂ.
വണ്ടികളില്ല തിരക്കുമില്ല
നിശബ്ദമായിതാ റോഡുകളും.

ശുചിത്വവും അകലവും പാലിക്കണം,
എപ്പോഴും മാസ്ക് ധരിച്ചിടേണം.
പ്രതിരോധമേയുള്ളു പ്രതിവിധിയില്ല
മറ്റു പോം വഴികളുമൊന്നുമില്ല.

നേഴ്സുമാർ, ഡോക്ടർമാർ, പോലീസുകാർ
ചെയ്യുന്ന സേവനം നിസ്സാരമല്ല,
നമ്മുടെ നാടിനെ കാക്കുന്നവരിവർ-
ക്കാദരവർപ്പിച്ചിടേണം നമ്മൾ.

**ഡോണൽ തോമസ്**
3 സി സെന്റ് മേരീസ് എൽ.പി.സ്കൂൾ, തീക്കോയി
ഈരാറ്റുപേട്ട ഉപജില്ല
കോട്ടയം

# കൊറോണ

കൊറോണയെ തുരത്തണം നാം
ജീവിതം നാം നേടണം
പേടിയല്ല ഭീതിയല്ല കരുതലയാണ് വേണ്ടത്
ജീവനും ജീവിതവും ഭദ്രമാക്കുവാൻ
മാസ്ക്കുകൾ ധരിക്കണം അകലം പാലിക്കണം
കൊറോണയെ തുരത്തണം നാം
ഒന്നുചേർന്ന് ഒരുമയോടെ
സ്നേഹമോടെ കൂപ്പുകൈകളോടെ
ജീവിതം നേടണം നാം.

**എബിൽ മാത്യു**
1 സെന്റ് മേരീസ് യുപിഎസ്, മേരിഗിരി
കാട്ടാക്കട ഉപജില്ല
തിരുവനന്തപുരം

# അതിജീവനം

പ്രളയം നമ്മെ പഠിപ്പിച്ചു
ഒന്നായ് നമ്മൾ വിജയിച്ചു
ഒന്നായ് നമ്മൾ കാണിച്ചു
അതിജീവനത്തിൻ പാഠങ്ങൾ
കൈകൾ കോർത്ത് മുതുകുകൾ താഴ്ത്തി
സാഹോദര്യത്തിൻ പുതുവഴികൾ

അതിജീവനമീ ജീവിതം
അതിനതിരില്ലെന്നീ മനുജർ
നന്നായ് ശുചിത്വം പാലിച്ച്
ചെറുത്ത് നമ്മൾ നിർത്തീടും
ഒന്നായ് നമ്മൾക്കകറ്റീടാം
കൊറോണയന്നീമാരിയെ

ഭയപ്പെടാതെ ജാഗ്രതയോടെ
പറിച്ചെറിയാം ഭീഷണിയെ
അകന്ന് നിൽക്കാം ശാരീരികമായ്
മനസ്സിലൂടെയടുത്തീടാം
പഠിച്ചു നമ്മൾ പല പാഠങ്ങൾ
ഓർത്തുവെക്കാം നാളേക്കായ്

പ്രളയം നമ്മെ പുറത്തിറക്കി
കോവിഡ് നമ്മെയകത്താക്കി
ഇല്ലായിരുന്നുസമയങ്ങൾ എന്നാലിപ്പോൾ
സമയം കൊല്ലാൻ കേഴുന്നു
ആൾ ദൈവങ്ങൾ ആഘോഷങ്ങൾ
ഒന്നും നമുക്ക് വേണ്ടിപ്പോൾ
സദ്യകളില്ല ചടങ്ങുകളില്ല
ആചാരത്തിൻ ലംഘനമില്ല
ജീവൻ മാത്രം തിരികെക്കിട്ടാൻ
കരഞ്ഞ് നമ്മൾ അലറുന്നു

കൈവിടില്ലാ പ്രതീക്ഷകളെ
ശുചിത്വമോടെ മാസ്കുകളോടെ
അകന്നു നിൽകാം നമ്മൾക്ക്
തുമ്മീടുമ്പോൾ ചുമയ്ക്കുമ്പോൾ
പൊത്തിടാം മുഖം തൂവാലകൊണ്ട്
സമൂഹവ്യാപനമില്ലാതാക്കാം
വീടിന്നുള്ളിലൊതുങ്ങീടാം
കാത്തീടാം മാനവരാശിയെ
ആരോഗ്യമുള്ളോരുനാളേക്കായ്
പഠിച്ചിടാം പുതുശീലങ്ങൾ
കേട്ടിടാമുപദേശങ്ങൾ

**ശ്രീലക്ഷ്മി എസ്സ് എൽ**
8 A സെന്റ്. ജോൺസ് ഹയർ സെക്കന്ററി സ്കൂൾ, മറ്റം
മാവേലിക്കര ഉപജില്ല
ആലപ്പുഴ

# കൊറോണക്കാലം

കൊറോണയെന്ന മാരിയെത്തടയുവാൻ
നമ്മളൊത്തുചേർന്നു കരുതലോടെ നീങ്ങണം
കടയടച്ച് വീടടച്ച് സ്വസ്ഥമായിരിക്കണം
കൈകഴുകി വൃത്തിയായി –,
അകലെയകലെ നിൽക്കണം
മരണത്തിൻ വ്യാളിയെ മനസ്സുകൊണ്ട് നേരിടാം
ചടുലമാം പഥങ്ങളിൽ പതറിടാതെ പോയിടാം
ഹൃത്തടങ്ങളിൽ നിറയ്ക്കൂ സ്നേഹത്തിന്റെ പൊൻതിരി
ഉണരുവിൻ നമ്മളീ പടനയിച്ചുനേടുവാൻ,
കളയുവാൻ സമയമില്ല കൂട്ടരേ
ഭീതിവേണ്ട നമ്മളിൽ കരുതലാണ് പ്രതിവിധി
മരുന്നിതിന്നു വേറെയില്ല മറവിവേണ്ട കൂട്ടരേ..
തടയുവാൻ, തടുക്കുവാൻ കരുത്തരായി മാറിടൂ
രാജപാതകൾ അടച്ചു, രാജ്യമാകെ നിശ്ചലം
നാളെയൊരു നല്ലദിനം കണ്ടുനമ്മളുണരണം
പേടി വേണ്ട, ഭീതിവേണ്ട
നമ്മളീക്കൊറോണയെ പിടിച്ചുകെട്ടി നിർത്തിടും.

**ഗായത്രി എസ്സ്**
10 ജി, സെന്റ് ജോൺസ് ഹയർ സെക്കന്ററി സ്കൂൾ, മറ്റം
മാവേലിക്കര ഉപജില്ല
ആലപ്പുഴ

# ഒരു മഹാമാരിയുടെ ബാക്കിപത്രം

ഒരു കുടക്കീഴിൽ ഒന്നിച്ചു നടന്നവർ,
ഇന്നിതാ പലതായി ചരിക്കുന്നു.
ഒരു പാത്രത്തിൽ നിന്നുണ്ടവർ,
ഇന്നിതാ വേർതിരിവിന്റെ
പാതയൊരുക്കുന്നു.
എല്ലാം നല്ലതിന് വേണ്ടിയാണെന്ന് മാത്രം.
രാവിലെ പത്രം തുറന്നാൽ
മരണത്തിന്നലയൊലികൾ മാത്രം.
എല്ലാം മഹാമാരിയുടെ ബാക്കിപത്രം.
ടി.വിയുടെ സ്വിച്ചൊന്നമർത്തിയാൽ
മരണത്തിൻ ഗ്രാഫുകൾ കാണാം .
ഇറ്റലിയും ഫ്രാൻസും അമേരിക്കയുമെല്ലാം
ഉയർന്ന സ്ഥാനങ്ങൾ കരസ്ഥമാക്കി .
എല്ലാം മരണത്തിന്റെ മുഖചിത്രം മാത്രം .

അകറ്റി നിർത്താൻ വിയർപ്പൊഴുക്കുന്ന പോലീസുകാർ,
രോഗിക്കുവേണ്ടി നെട്ടോട്ടമോടുന്ന പോലീസുകാർ,
കാലത്തിന്റെ സമയം തികയാതെ മാലാഖമാർ,
എല്ലാം കൂട്ടിമുട്ടിക്കാനാകാതെ സർക്കാരുകൾ.
എന്നിട്ടെന്തേ മനുഷ്യാ ,നീ മാത്രം മനസ്സിലാക്കാത്തത്?

ഒരു തൂവാല മതി മഹാമാരിയെ അകറ്റാൻ ;
ഒന്നു മനസ്സു വച്ചാൽ മതി ,അകലം പാലിക്കാൻ.
ശുചിത്വവും മനസ്സും ഒരുക്കിയ പാതയിൽ,
കരകയറാം നമുക്കീ അന്ധകാരത്തിൽ നിന്ന്
പ്രാർഥിക്കാം നമുക്ക് നല്ലൊരു നാളെയ്ക്കായ് .....

**ജുവൽ.വി. ബിജോയ്**
7 B സെന്റ് ജോസഫ്.എച്ച്.എസ്.കിടങ്ങൂർ,
എറണാകുളം.
അങ്കമാലി ഉപജില്ല

# ക്വാറന്റൈൻ

നാലു ചുവരുകൾ മാത്രമിന്നെനിക്കു കൂട്ട്
തുറക്കാത്ത ജനലുകൾ, വാതിലുകൾ
തുറക്കാൻ മറന്ന മനസ്സിൻ പ്രതീകമായ്
ഇനിയെന്നിനിക്കിതു തുറക്കാനാകും!

ഇന്നെനിക്കു തുണയായതെൻ നിഴൽ മാത്രം
അപരനായ് തുറക്കാത്തൊരെൻ
വാതിലിന്നെൻ നേർക്കടഞ്ഞു താനേ.....

മാസ്കുകൾ, ടെസ്റ്റുകൾ,
താക്കീതുകൾ, വിലക്കുകൾ എൻ മുന്നിലൊരു കുന്നായ് മാറുന്നു '

തിരിച്ചറിയുന്നു ഞാനിപ്പോൾ
നൽകാതെ പോയോരലിവിൻ തുള്ളികൾ
പെരുമഴയായ് എന്നിൽ ചൊരിയുന്നതും .....
സാന്ത്വനമായ്, താങ്ങായ്, കരുത്തായ് മാറുന്നതെന്നോ ഞാൻ മറന്നവർ ....

വെളിച്ചമെന്നു ഞാൻ നിനച്ചതെല്ലാം
ഇരുളായിരുന്നെന്ന തിരിച്ചറിവെനിക്കേകിയീ ക്വാറന്റൈൻ' .....
പുതുവെളിച്ചമേകിടുന്നു .....

**നയന സാറ**
10 B സെന്റ് ജോസഫ്സ് എച്ച് എസ് വരാപ്പുഴ
ആലുവ ഉപജില്ല
എറണാകുളം

# വീണുകിട്ടിയ സമയം

നിനയ്ക്കാതെ കിട്ടിയോരൊഴിവുകാലം
വീട്ടിനകത്തളങ്ങളിൽ മാത്രമായ് മേവിയ
ആബാലവൃദ്ധം ജനങ്ങളുമൊരു പോലെ
ജീവിതത്തിൻ വിലപ്പെട്ട നിമിഷങ്ങൾ
പാഴാക്കിക്കളയാതെ സ്വസ്ഥമായ്
മനസ്സിൻ കോണിലെവിടെയെല്ലാമോ
ഒളിഞ്ഞിരുന്ന കഴിവുകൾ പൊടിതട്ടിയെടുക്കുന്നു
വീടിനകത്തളങ്ങളിലിരുന്ന് കലാസൃഷ്ടിയൊരുക്കുന്നു
വർണചിത്രങ്ങൾ വരച്ചീടുന്നു കവിതകളെഴുതീടുന്നു
മധുരസ്വരത്തിലിമ്പമായ് പാടീടുന്നു
കഴിഞ്ഞകാലത്തിനോർമ്മകൾക്കുയിരുവയ്ക്കുന്നു
ഉചിതമായ വാക്കുകൾ ചേർത്തിമ്പമോടെ രചിച്ചീടുന്നു
പരസ്പരം സന്ദേശമായയച്ചീടുന്നു
മനതാരിലൊരല്പം സന്തോഷം രുചിച്ചീടുന്നു
വ്യാധിതൻ കരാളഹസ്തങ്ങളിൽപ്പെടാതെ
കാത്തീടുന്ന തമ്പുരാനു സ്തുതിഗാനമർപ്പിക്കുന്നു

**മാളവിക കെ എസ്**
7 D സെന്റ് ജോസഫ്സ് എച്ച് എസ്,വരാപ്പുഴ
ആലുവ ഉപജില്ല
എറണാകുളം

# കോവിഡ് കാലം

നഗ്നനേത്രങ്ങൾ കാണാത്ത വൈറസേ......
മാനവരാശിയെ സ്തംഭിപ്പിച്ച
ലോകരാഷ്ട്രങ്ങളെ ഭീതിയിലാഴ്ത്തിയ കോവിഡേ,
നീ ഒരു ഭീകരൻ...
സാമ്പത്തികശേഷിയിൽ അഹന്തപൂണ്ട
രാജ്യങ്ങളിന്ന് വിറങ്ങലിച്ചു
നിന്നിടുന്നിതാ നിൻ മുമ്പിൽ
എങ്കിലും നിന്നോട് പോരാടുന്നു
പൊട്ടുപോലുള്ളൊരു
പ്രശസ്തിയാർജ്ജിക്കാത്തൊരീ
കൊച്ചു കേരളം.......
ആരോഗ്യപ്രവർത്തകർ സന്നദ്ധരായി നിൽക്കുന്നിതാ
ജീവൻ പണയംവച്ചു നമുക്കായി,
പൊലീസുകാരും സർക്കാരും ഒപ്പമുണ്ടേ
നിൻ വ്യാപനം തടയുവാൻ.
എന്നാൽ നീ ആർഭാടത്തിലും–
ആഡംബരത്തിലും കഴിഞ്ഞിരുന്ന മനുഷ്യന്
ലാളിത്യത്തിന്റെയും ആദർശത്തിന്റെയും പാതകൾ സ്വീകരിക്കാൻ നിമിത്തമായി.
ഭീകരനെങ്കിലും നീ തന്ന
പാഠമെത്രയോ ശ്രേഷ്ഠമേ.....
ഈ കാലവും കടന്നുപോകു-മെന്നാശ്വസിച്ചു കൊണ്ട് ഒരുമയോടെ ശക്തമായി അതിജീവിച്ചിടും
കോവിഡേ നിന്നെ......

**അനീറ്റ സൂസൻ സജി**
9 E സെന്റ് മേരീസ് എച്ച്.എസ്സ്.എസ്സ്, കിഴക്കേക്കര
കൊട്ടാരക്കര ഉപജില്ല
കൊല്ലം

# കൊറോണ

രാവിലത്തെ ചായ കഴിഞ്ഞ്
ടി. വി. കണ്ടിരിക്കുമ്പോൾ
അച്ഛൻ ഉറക്കം തൂങ്ങാറുണ്ടെന്നും.....
അപ്പോൾ അമ്മ വിളിച്ചുണർത്തി
ചൂടു ചായ കൊടുക്കുമെന്നും.......
ഉച്ച ഊണു കഴിഞ്ഞ്
രണ്ടു പേരും ഒന്നു മയങ്ങുമെന്നും .....
പറമ്പിൽ
തൊട്ടാവാടിപ്പൂക്കളുണ്ടെന്നും........
വൈകുന്നേരം
മുറ്റത്തെ മാവിൻ തണൽ
വരാന്തയിലെ കസേരയോട്
കുശലം പറയാൻ വരുമെന്നും......
അഞ്ചുമണിയുടെ വെയിൽ
ഊണുമേശപ്പുറത്ത്
വിരിയിടുമെന്നും.......
ഇന്നലെ വന്ന കൊറോണയാണ്
കാട്ടിത്തന്നത്......

**അഞ്ചിത ബി. എസ്**
8 E സെൻറ് ക്രിസോസ്റ്റംസ് ജി.എച്ച്.എസ്. നെല്ലിമൂട്
ബാലരാമപുരം ഉപജില്ല
തിരുവനന്തപുരം

# ഒരു പാഠം കൂടി...

അഖിലാണ്ഡ മണ്ഡലം വിറപ്പിച്ചു കൊണ്ടവൻ
അതിവേഗം പടരുന്നു കാട്ടുതീയായ്
വിദ്യയിൽ കേമരാം മാനവരൊക്കെയും
വിധിയിൽ പകച്ചങ്ങു നിന്നിടുമ്പോൾ
വിരസത ഒട്ടുമേ പിടി കൂടാതവൻ
വിലസുന്നു ലോകത്തിൻ ഭീഷണിയായ്
ഇനിയാര് ഇനിയാര് മുൻപന്തിയിലെന്നു
രാഷ്ട്രങ്ങളൊന്നായ് ഭയന്നിടുന്നു
ഞാനില്ല ഞാനില്ല എന്നോതിക്കൊണ്ടവർ
ഓടാൻ ശ്രമിക്കുന്നു ഭീരുക്കളായ്
കേമത്തരം കാട്ടാൻ
മുൻപന്തിയിൽ നിന്നോർ
കേണിടുന്നല്പമാം ശ്വാസത്തിനായ്
കേട്ടവർ കേട്ടവർ അടയ്ക്കുന്നു മാർഗങ്ങൾ
കേറി വരാതവനെ തടഞ്ഞിടുവാൻ
കണ്ണിലും കാണാത്ത കാതിലും കേൾക്കാത്ത
കൊറോണാ നീയിത്രയും ഭീകരനോ
ആണവായുധ കോപ്പുകൾ പോലും നിൻ
ആനന്ദനൃത്തത്തിൽ കളിപ്പാവയോ
സങ്കടമുണ്ടു മനസ്സകമെല്ലാമേ
പാവമാം മനുജരെ ഓർത്തിടുമ്പോൾ
അഹന്തകളെല്ലാം വെടിയുക മർത്യാ നീ
അഹങ്കരിക്കേണ്ടവൻ അവനല്ലയോ ?
നിസ്സാരനായ കൃമികീടത്തെ കാണാത്ത
നിന്റെ നിസ്സാരത ഓർക്കുക നീ !

**ഫർഹാന**
8 എ സെന്റ് ഫിലോമിനാസ് ജി എച്ച് എസ്സ്, പൂന്തുറ
തിരുവനന്തപുരം സൗത്ത് ഉപജില്ല
തിരുവനന്തപുരം

# ഒരു സൂക്ഷ്മാണുവിൻ താണ്ഡവം

കണ്ണില്ല! കാണുവാനൊട്ടുമേ കഴിവില്ല
കൈകളെനിക്കില്ല ഭാഷകളറിയില്ല
എങ്കിലും മർത്യാ നീ എന്തേ ഭയക്കുന്നു
ഇത്തിരിയില്ലാത്തൊരണുവാകുമെന്നെ നീ?
വുഹാനിൻ മടിയിൽ പിറന്നവൻ ഞാൻ, ഇന്ന്
ആടിത്തിമിർക്കുന്നു ഈ ലോകമാകെ
മർത്യന്റെ ജീവൻ ഏറെ പ്രിയമിന്ന്
മറുത്തൊന്നും പറയാതെ കാലനും കൂട്ടിന്ന്
നിശ്ചലം നീ ഇന്ന്, നിർഭയം ഞാൻ ഇന്ന്
നിർത്തിച്ചവിട്ടുവാനാവില്ലെനിക്കിത്
നീരാളിയല്ല ഞാൻ നീരാവിയാക്കിടും
നീതിയില്ലാത്തൊരീ പീഠങ്ങളെയൊക്കെയും
ചൊല്ലുവാനുണ്ടിന്ന് പലകാര്യം കേട്ടിടു
ഭൂമി തൻ അശ്രുവിൽ കുതിർന്നൊരീ വാക്കുകൾ
പണ്ടിവിടുണ്ടായിരുന്നോരവനി
മാലിന്യമില്ല വിഷഹൃദയങ്ങളില്ല
ആ കാലമൊക്കെയും പൊയ്പ്പോയി നാശമായ്
നിന്റെ ദുഷിച്ചൊരീ ചെയ്തികൾ മൂലമേ
തിന്മ വെടിഞ്ഞിടു സ്നേഹം പരത്തിടൂ
ഭൂമിയെ മമതയോടൂട്ടിടു മാനവാ
എങ്കിൽ ഞാൻ പോയിടാം എത്രയും വേഗമേ
അതല്ലെങ്കിലീ യുദ്ധം നിർത്തില്ല ഞാനുമേ

**സനൂഫ**
6 സി സെന്റ് ഫിലോമിനാസ് ജി എച്ച് എസ്സ്, പൂന്തുറ,
തിരുവനന്തപുരം സൗത്ത് ഉപജില്ല
തിരുവനന്തപുരം

# കൊറോണ ഭൂതം

കൊറോണ ഭൂതം നാട്ടിൽ മുഴുവനി-
രുട്ടു പരത്തി വരുന്നുണ്ടേ!
അവനെപ്പേടിച്ചാളുകളെല്ലാം
വീട്ടിലിരിക്കുകയാണല്ലോ
ഇതല്ലെ നല്ലതു നമ്മൾക്കെല്ലാം
വീട്ടിലിരിക്കാം നാട്ടാരെ
മുന്നറിയിപ്പുകൾ ലംഘിച്ചിറങ്ങണ
വിവരദോഷികളാകരുതേ
കൈകൾ രണ്ടും സോപ്പ് പതപ്പിച്ചെല്ലാ
നേരവും കഴുകേണം
ശുചിത്വശീലം പാലിച്ചെന്നാൽ
കൊറോണ നമ്മെ തൊടുകില്ല
വീടിനുള്ളിൽ ചുരുണ്ടുകൂടി
മൊബൈലിനടിമകളാകരുതേ
പുസ്തകമൊത്തിരി വായിച്ചീടു
അറിവുകൾ നന്നായ് വളരട്ടെ
കളികളിൽ നന്നായ് ഏർപ്പെട്ടങ്ങനെ
ആരോഗ്യത്തെ നിലനിർത്തൂ
കൊറോണഭൂതം കൊറോണഭൂതം
നാടുകൾ ചുറ്റും കൊറോണഭൂതം
ശുചിത്വശീലം പാലിച്ചീടാം
കൊറോണ നാടുവിട്ടോടട്ടെ

**ഷഹാന ബീവി**
9 ബി, സെൻറ് ഫിലോമിനാസ് ഗേൾസ് എച്ച്.എസ്. പൂന്തുറ
തിരുവനന്തപുരം സൗത്ത് ഉപജില്ല
തിരുവനന്തപുരം

# വീണുടഞ്ഞ സ്വപ്നങ്ങൾ

പാറിപ്പറന്ന ചിത്രശലഭത്തെപ്പോൽ
പാഠപുസ്തകക്കെട്ടുമായ്
പാഠ്യ സഖികളിലൊന്നാമതെത്തുവാൻ
പഠന ചോദ്യങ്ങളെല്ലാം ചെയ്തെൻ
പാഠങ്ങളത്രയും ഹൃദിസ്ഥമാക്കി.
അപ്പോളതാകേട്ടു കോറോണതന്മണി
അടച്ചുപള്ളിക്കൂടം നിർത്തീപരീക്ഷകൾ
ആനന്ദത്തിലാറാടി ഞാനുമെൻ കൂട്ടരും
അവധിക്കാല കളിയോർത്ത് ഞാനൊന്നു മയങ്ങി
അപകടത്തിൻ മണമറിഞ്ഞു ഞാൻ പുലരിയിൽ
അടഞ്ഞവാതിലിൻ ഒതുങ്ങിയ മുറിയിൽ
അന്യർതൻ സമ്പർക്കമേതുമില്ലാതെ
അന്യോന്യം നോക്കിയിരുന്നു ഞങ്ങൾ.
പ്രഭാതമേയെൻ അവകാശങ്ങളെ തരൂ...
പ്രപഞ്ചമേയെൻ സ്വപ്നങ്ങളെ പൂവണിയിക്കൂ
പ്രസരിപ്പാർന്ന ചിത്രശലഭമാവണം
പ്രപഞ്ച സ്രഷ്ടാവേയെൻ
പ്രാർഥന കേൾക്കുക

**ആസിയ നജുമുദീൻ**
6 സി സെന്റ് ഫിലോമിനാസ് ജി എച്ച് എസ്സ് , പൂന്തുറ
തിരുവനന്തപുരം സൗത്ത് ഉപജില്ല
തിരുവനന്തപുരം

# വിഷവിത്ത്

വിഷവിത്തുപാകാൻ നമുക്കു നേരെ
പറന്നു വന്ന മഹാമാരി
നാം അതിനെ കൊറോണയെന്നു വിളിച്ചു
മറ്റുള്ളവരുടെ ശരീരത്തിൽ
പറന്നു കയറാൻ അത് ഓടി നടന്നു..........
പ്രളയം വന്നൂ, നിപ്പ വന്നു...
ഇന്നിതാ മഹാമാരിയായ്.... കൊറോണ......
അടച്ചിട്ട വാതിലിനുള്ളിൽ നിന്നും
പുറത്തിറങ്ങാൻ ഞാൻ കൊതിച്ചു നിന്നു.......
ഒരു പക്ഷിയായ് പാറി നടക്കാൻ ഞാൻ കൊതിച്ചു
വിഷു വന്നു ഈസ്റ്റർ വന്നു
പടക്കശബ്ദം പോലും കേൾക്കുന്നില്ല...........
ഒരു നല്ല പുലരിക്കായ്.....
എന്റെ നാടിനായ് ........
രാജ്യത്തിനായ് ..........
ഞാൻ കാത്തിരിക്കാം.....
കളിക്കാൻ...പഠിക്കാൻ....കൂട്ടുകൂടാൻ..........

**അഭിരാം കൃഷ്ണ**
5 എ സെന്റ് മേരീസ് യു പി സ്കൂൾ, പൈസക്കരി
ഇരിക്കൂർ ഉപജില്ല
കണ്ണൂർ

# ചങ്ങല പൊട്ടിച്ചെറിയും നാം

അർക്കനു മകളാം ജ്വാലാമുഖിയായ്,
വശ്യമനോഹരി ഭൂമി പിറന്നു.
കാലാകാലം തപസു ചെയ്തവൾ
മനുഷ്യനെന്നൊരു പുത്രനെ നേടി.

ആദിമനുഷ്യൻ കർഷകനായി
ധരണിയിൽ ഹരിതാഭ നിറഞ്ഞു.
ആനന്ദാമൃത മാരി ചൊരിഞ്ഞു
ഭൂമീദേവി അലംകൃതയായി.

കാലം മാറി, മനുജൻ മാറി
കലികാലത്തിൻ സന്തതികൾ
സഹജീവികളെ, ഹരിതകണങ്ങളെ
കൊന്നൊടുക്കി നടമാടി.

മനുഷ്യകുലത്തിനു ശിക്ഷ വിധിക്കാൻ
വുഹാനിൽ നിന്നൊരു ചീനക്കാരൻ
ഭൂമിയെ മുഴുവൻ തന്റേതാക്കി
മാനുഷനെ കൈപ്പിടിയിലൊതുക്കി

കൊറോണയെന്നൊരു കുഞ്ഞനവൻ,
മനുജനെ വെല്ലും വീരനവൻ
മാനവരാശിക്കറുതി വരുത്താൻ
താണ്ഡവമാടും വ്യാധിയവൻ.

തുടച്ചു നീക്കി മനുഷ്യ മനസ്സിൽ
കുടികൊണ്ടീടും അഹംഭാവം
കാർന്നെടുത്തവൻ ആയിരമായിരം
വിലയേറീടും പൊൻ ജീവനുകൾ

അകന്നു നിൽക്കൂ, വീട്ടിലിരിക്കൂ
മനസ്സുകൾ തമ്മിൽ കോർത്തീടൂ
നമ്മുടെ ജീവനു കാവൽ നിൽക്കും
ഈശ്വരപുത്രരെയനുസരിക്കൂ

കേരളമല്ല, ഇന്ത്യയുമല്ല
ലോകം മുഴുവൻ ഒന്നാണേ
പ്രതിരോധിക്കും മനുഷ്യനവനെ
ചങ്ങല പൊട്ടിച്ചെറിയും നാം ....

**അദ്വൈദ മോഹൻ**
8 അ1 സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ, പട്ടം
തിരുവനന്തപുരം നോർത്ത് ഉപജില്ല

# നിൻ രോദനം

നിൻ രോദനം
കേൾപ്പു നാം
എത്ര പാപങ്ങൾ ഞങ്ങളീ
　　　　മാനവർ
നിന്നോട് ചെയ്തുപോയ്
സർവ്വം സഹയാം നീ, നിൻ
രുദ്രഭാവത്തിൽ
　　　　തിരിച്ചടിക്കുന്നുവോ?
അതിബലശാലിയാം
　　　　മാനവർ
ബുദ്ധികൊണ്ടടക്കി ഭരിച്ചതും
വെട്ടിപ്പിടിച്ചതും
　　　　വൃഥാവിലാകുന്നു.
പ്രളയത്താൽ മാനവർ തൻ
　　　　ചെയ്തികൾക്കുള്ള
പ്രതിഫലം നൽകി നീ........
ഇതാ വീണ്ടുമൊരു വ്യാധിയും
　　　　നൽകി നീ
പ്രകൃതിയാം മാതാവല്ലയോ
　　　　നീ
തൻ മക്കൾതൻ തെറ്റുകൾ
　　　　പൊറുക്കുകയില്ലേ?

**ദിയ എൻ രാജ്**
8 ക1 സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ, പട്ടം
തിരുവനന്തപുരം നോർത്ത് ഉപജില്ല
തിരുവനന്തപുരം

# കൊറോണാക്കാലം

അഹങ്കാരത്തിന്റെ
ആധിപത്യങ്ങൾക്കുമേൽ വീണ
കനത്ത കരിമ്പടം പോൽ
കൊറോണ

ആഗോളഗ്രാമമെന്നൊരാ
വീമ്പുപറച്ചിൽ
തട്ടിയുടച്ചൊരു കരിംപൂച്ചയായ്
കൊറോണ

ജീവിതമല്ല ജീവനാണ്
വലുതെന്ന തിരിച്ചറിവേകി
മഹാമാരിയായ്
കൊറോണ

പരനായി ത്യജിക്കാൻ ഉതകിയ
ജന്മങ്ങൾ
നേർസാക്ഷ്യമാക്കി
കൊറോണ

നാമല്ല ഭൂമിയാണ് നമ്മെ കൈവശം
വച്ചിരിക്കുന്നതെന്ന സത്യം
വിളിച്ചോതി
കൊറോണ

**ഹൃദ്യ മാത്യു**
10 ഡി ഹോളി ക്രോസ്സ് എച്ച് എസ് എസ് ചേർപ്പുങ്കൽ
ഏറ്റുമാനൂർ ഉപജില്ല
കോട്ടയം

## GO CORONA GO

Korona Korona Go, I want to go to School.
Korona Korona Go, I want to go to Play.
Korona Korona Go, I want to go to Shopping.
Korona Korona Go, I want to go to Temple
Korona Korona Go, I want to go to many other programs......

**SANMAYA SUNIL**
3 E എസ്. എൻ. യു. പി. എസ്. തേവലക്കാട്
കിളിമാനൂർ ഉപജില്ല
തിരുവനന്തപുരം

## CLEANLINESS

It's not next to godliness,
It is godliness...
It's a part of our faith
It's not a function of rich or poor
But that of mentality and principle
Happiness lies in the environment
When it is clean and safe
Minds are refreshed and calm
Health is the only wealth
We, the human can posses !
The winds of Covid19 again proved,
Cleanliness is the key to safety !

**കീർത്തന എസ്**
IX B എസ്.ഡി.വി.ജി.എച്ച്.എസ്
ആലപ്പുഴ ഉപജില്ല
ആലപ്പുഴ

# കൊറോണ

ചൈനയിൽ രൂപം കൊണ്ടൊരു വൈറസ്
ഉലകിൽ പലവിധ ഭീതി പടർത്തി
കൊറോണ എന്നൊരു പേരിൽ നാട്ടിൽ
കൊലവിളിയോടെ കറങ്ങി നടപ്പൂ
ഇടയ്ക്കിടയ്ക്ക് കൈ കഴുകേണം
സോപ്പ് കൊണ്ട് കൈ കഴുകേണം
ഹഗ്ഗിങ് വേണ്ട ഷേക്ക് ഹാൻഡ് വേണ്ട
കറക്കം വേണ്ട കൂട്ടരൊടൊപ്പം
സർക്കാർ പറയും കാര്യമതെല്ലാം
വീട്ടിലിരുന്ന് ശ്രദ്ധിക്കേണം
ഒറ്റക്കെട്ടായി നിന്നെന്നാലോ
കൊറോണയെ നമുക്ക് നാട് കടത്താം

**മുഹമ്മദ് റിജാസ് ഖാൻ**
3 B എൽ.എം.എസ് എൽ.പി.എസ്., പനച്ചമൂട്,
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# അതിജീവനകേരളം

കൊറോണയെ തുരത്തീടാം
നാടിനെ രക്ഷിക്കാം
മാസ്കുകൾ അണിഞ്ഞീടാം
കൈകൾ നന്നായ് കഴുകീടാം
നാട്ടിൽ കറങ്ങി നടക്കാതെ
വീട്ടിൽ തന്നെ ഇരുന്നീടാം
ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും
തൂവാലയാൽ മറച്ചീടാം
ശുചിത്വം ഉള്ളവരായീടാം
അതിജീവനകേരളമാക്കീടാം

**റീന റ്റി.എസ്**
1 A എൽ.പി.എസ് കോവില്ലൂർ
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# വൈറസ്

കൊറോണ ഏന്നൊരു പേരു വിളിക്കും
ക്രൂരൻ വൈറസ് വന്നിട്ട്
സ്കൂളിൽ പോകും ഞങ്ങളെയെല്ലാം
വീട്ടിലിരുത്തി വിരുതനിവൻ
കൂട്ടരെ കാണാൻ കൊതിയായി
ടീച്ചറെ കാണാൻ കൊതിയായി
രാവിലെ എത്തും വാനിൽ കയറി
സ്കൂളിൽ പോകാൻകൊതിയായി
അമ്മ പറഞ്ഞത് കേട്ടിട്ട്
അച്ഛൻ പറഞ്ഞത് കേട്ടിട്ട്
വീട്ടിലിരുന്നീ ലോക്ഡൗണിൽ
ആട്ടിയകറ്റും കൊറോണയെ

**അലി ഇബിൻ നിസാർ**
1 A എൽഎം എൽ പി എസ് അരിവാരിക്കുഴി
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# മുന്നോട്ട്

പോർക്കളത്തിൽ നിൽക്കുവിൻ
പൊരുതുവാൻ തുടങ്ങുവിൻ
കൊറോണ എന്ന മാരണത്തെ
മാറ്റുവാൻ ശ്രമിക്കുവിൻ

ഏത് രാജ്യമാകിലും
ജനങ്ങളാരതിലാകിലും
ഒത്തുചേർന്ന് നമ്മളൊന്നായ്
സജ്ജരായി നിൽക്കുവിൻ

ആജ്ഞയെ ശ്രവിക്കുവിൻ
നല്ലവാക്ക് കേൾക്കുവിൻ
പറഞ്ഞിടുന്ന നാൾ വരെ
അകത്തു താനിരിക്കുവിൻ

വൃത്തിയോടെ കഴിയണം
മാസ്കതൊന്ന് വയ്ക്കണം
സോപ്പ് കൊണ്ട് കൈകൾ
ചേർത്തുരച്ച് കഴുകണം

കണ്ടമാത്രയിൽ നമിച്ച്
കുശലമങ്ങറിഞ്ഞിടാം
സ്നേഹമോടെ കരുതലോടെ
മുന്നിലേക്ക് പോയിടാം

പുറത്ത്പോക്ക് വേണ്ടെടോ
അടുത്തിരിപ്പ് വേണ്ടെടോ
ഹസ്തദാനമൊട്ടുമേ
നമുക്കിവിടെ വേണ്ടെടോ

ഒരുമയോടെ നിന്നിടും
ജയിച്ച് നമ്മൾ വന്നിടും
കോവിഡെന്ന മാരണത്തെ
തീയിലിട്ട് ചുട്ടിടും
ചാമ്പലാക്കി മാറ്റിടും

**ആകാശ് എസ്**
3 B, ജി എൽ പി എസ്, വെട്ടിയറ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# ലോക്ക്ഡൗണിലെ കോഴിക്കുഞ്ഞ്

ഉച്ചയ്ക്ക് ഭക്ഷണം വയ്ക്കുന്ന നേരത്ത്,
പൊരിക്കുവാൻ മുട്ട എടുത്തമ്മ
പൊട്ടിച്ചു നോക്കിയനേരം
കോഴിക്കുഞ്ഞൊന്നതിൽ ലോക്ഡൗണായ്
കാര്യംതിരക്കിയ അമ്മയോടായി,
ആ കുഞ്ഞു കനിഞ്ഞു ചൊല്ലിയ -
കാര്യങ്ങൾ കേട്ടമ്മ വാ പൊളിച്ചങ്ങനെ നിന്നു പോയി.
പുറത്തേക്കു വരുന്നേരംലോക്ക് ഡൗണാണെന്ന
വാർത്തകേട്ടു ഞാൻ,
പ്രധാനമന്ത്രി പറഞ്ഞതുകേട്ടതും
ലക്ഷ്മണരേഖ ഭേദിച്ചിടാതെ ഞാൻ
അടച്ചങ്ങിരിപ്പായി...
നല്ലൊരു നാളേക്കായി
അനുസരിച്ചീടേണം ആജ്ഞകൾ,
മനുഷ്യരും പക്ഷിമൃഗാദികളും.

**ഗായത്രി ബി**
4 A
ഗവ. എൽ. പി. എസ്സ്. വെട്ടിയറ
കിളിമാനൂർ ഉപജില്ല
തിരുവനന്തപുരം

## HAPPY LIFE, SAFE WORLD

Don't worry, Don't worry
Just remove your worry
We shall fight the virus
By washing our hands
And staying at home
By keeping distance
And eating healthy food
We will stop the virus
Do not panic,Stop fake news
Life will be normal again
We shall win the fight
For a happy and healthy life

**അക്സാ ലാൽ**
4A, ജി.എൽ.പി.എസ്.പൂഴനാട്
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

## COVID 19

Virus..... Virus.... Virus.....
Corona virus everywhere
Where are you going?
Don't move , don't move
We are afraid of you
If you run faster
We will break the chain
Wash your hands
Keep social distance
We will break the chain

**റാണ തമ്പി. എസ്**
5 B, ഗവ. എച്ച്. എസ് .എസ് പരവൂർ
ചാത്തന്നൂർ ഉപജില്ല, കൊല്ലം

## EXPECTATIONS

You are such a small creature
But, you frightened the whole world.
All people are confined in their homes for long
But the poor are struggling a lot.
To prevent and vanish you from here
We will fight with you till your end
Without the barriers of anything.
We will be fortunate ............
We will be back as it was........
Go corona........go corona
This is our prayer and expectations
And we will win over you

**അനാമിക എ ജെ**
4A, ഗവ. ഡബ്ല്യൂ എൽ പി എസ് കോലിയക്കോട്
തിരുവനന്തപുരം സൗത്ത് ഉപജില്ല
തിരുവനന്തപുരം

## DREAMLESS WORLD

Now, The sleepless nights are coming
The days of fear are blooming.
Everywhere allover the earth
Hearing the sound of crying.
Everywhere Everywhere the news of death
I am wondering what happens to our Earth.

**അനുപ്രിയ പി.എസ്**
2A
ഗവ. പി. എസ്. എം. എൽ. പി. എസ് കാട്ടാക്കട
കാട്ടാക്കട ഉപജില്ല
തിരുവനന്തപുരം

# പ്രാണരക്ഷ

കൊറോണ എന്നൊരു വ്യാധി പടർന്നു
ലോകം മുഴുവൻ ഭീതി പരന്നു
പ്രളയം പാതി വിഴുങ്ങിയ മണ്ണിൽ
ജീവനെടുക്കാൻ വന്നൊരു വ്യാധി

ജനമതു നമ്മൾ കരുതിയിരിക്കുക
ജാഗ്രതയൊക്കെ പാലിക്കാനായി
വ്യക്തികളൊക്കെ വ്യക്തതയോടെ
വ്യക്തിശുചിത്വം പാലിക്കേണം

തിളപ്പിച്ചാറ്റിയ ജലമതുവേണം
തുരത്തുമതുവഴി മാരകവ്യാധിയെ
പൊതുവഴി മധ്യേതുപ്പുകയരുത്
ജനത്തിരക്കിൽ തുമ്മുകയരുത്

അഥവാ ചുമയ്ക്കാൻ തോന്നുകയെന്നാൽ
ഒരുതുണി ആശ്രയമാക്കുക നമ്മൾ
വീടിനുവെളിയിൽ പോയീടുമ്പോൾ
കണക്കിനകലം പാലിക്കേണം

ആലിംഗനമതു വേണ്ടേ വേണ്ട
ചെറുപുഞ്ചിരിയാൽ സൗഹൃദമാകാം
പരിസരമാകെ വൃത്തിവരുത്തൂ
ഇല്ലേൽ ജീവനു ഭീഷണി തന്നെ

സൂക്ഷ്മാണുക്കളെ ദൂരെയകറ്റാൻ
കൈകഴുകുന്നതു ശീലമതാക്കാം
നിയമം കേൾക്കൂ സർക്കാരിന്റെ
മൂക്കും വായും മൂടി നടക്കൂ

പാലിക്കാതെ നടന്നെന്നാലോ
മരണം സുനിശ്ചിതമെന്നതുതന്നെ
ഞൊടിനേരത്താൽ രോഗമകറ്റും
സിദ്ധൻമാരവർ ഓടിയകന്നേ

**അദൃശ്യ ശ്യാം**
4 E, ഗവ. യു പി എസ് കണിയാപുരം
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# മറക്കരുതേ

കാലചക്രം വീണ്ടുമുരുളും
കൊറോണയും കടപുഴകി വീഴും
അന്നും  മറക്കല്ലേ നമ്മൾ
നമുക്കായി ജീവൻ പണയപ്പെടുത്തിയോരെ
അന്നും മറക്കല്ലേ നമ്മൾ
നമ്മുക്കായി ജീവൻ പണയപ്പെടുത്തിയോരെ ( കാലചക്രം )
മരണം മണക്കുന്ന വണ്ടിയെന്നറികിലും
മടിയില്ലാതുള്ളിൽ കടന്നൊരല്ലേ
പങ്ക തിരിക്കുന്നത് അപകടമാണെന്നറിഞ്ഞും
വളയംപിടിച്ചൊരല്ലേ
അമ്മിഞ്ഞപ്പാലിനായി തേങ്ങിക്കരയുന്ന
കുഞ്ഞിനെ കാണാതെ പോണോരല്ലേ
അന്തിക്ക് കൂട്ടിനായി വീട്ടിലെത്തുമ്പോൾ
ഉള്ളിൽ കടക്കാൻ ഭയന്നോരല്ലേ
ഉള്ളിൽക്കനൽ കത്തുമെങ്കിലും
ചുണ്ടിലെ പുഞ്ചിരി മായാതെ കാത്തോരല്ലേ
ഡോക്ടറും നേഴ്സും തുടപ്പുകാരും
തൂപ്പുകാരവരും മനുഷ്യരല്ലേ
ഇരവും പകലുമില്ലാതെ
പൊള്ളുന്ന പെരുവഴിച്ചൂടിലും
കാക്കുന്ന കാക്കിയല്ലേ
ഊണില്ലുറക്കമില്ലെന്ന മട്ടിൽ
തലചായ്ക്കുവാൻ
ഒട്ടു നേരമില്ലലയുന്നവർ
ഇവരും മനുഷ്യരേ പോലീസുകാർ

**വിപിൻ വിനോദ് വി ജെ**
7A
ഗവ.യുപി എസ് തിരുമല
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# മഹാമാരി

നിറവും മണവും ജാതിയും നോക്കാതെ
ഭാഷയും വേഷവും പദവിയും നോക്കാതെ
ലോകത്തെയാകെ കീഴടക്കുന്നൊരീ
ഭീകരനാം മഹാമാരിയോയിത് ?
കെട്ടിപ്പടുത്തൊരീ ചില്ലുകൊട്ടാരങ്ങൾ
പൊട്ടിച്ചെറിയും മഹാമാരിയോയിത് ?
ഞൊടിയിടയിൽ അഗ്നിയായി ആളിപ്പടർന്ന്
സകലതും ചാമ്പലാക്കിയിടും മഹാമാരിയോയിത് ?
അടച്ചുപൂട്ടാം സ്വയം തടവറ പണിഞ്ഞീടാം
ലോകം നിശ്ചലമാക്കും ഭീകരനെ തുരത്തിടാം
മാസ്ക് ധരിച്ചീടാം കൈകൾ കഴുകീടാം
നമസ്തേ ചൊല്ലി സൗഹൃദം പുതുക്കിടാം

**മയൂഖ ജി.എം**
3 A
ഗവ.യുപിഎസ് രാമപുരം
നെടുമങ്ങാട് ഉപജില്ല, തിരുവനന്തപുരം

# കൊറോണ

എങ്ങും പോകാതെ
മാളങ്ങളിൽ നാം....
മഹാമാരി വിതച്ച കൊറോണ
ലോകത്തെ ഭീതിയിലാഴ്ത്തി
എത്ര ജീവൻ പൊലിഞ്ഞു...
ഇനിയുമെത്ര...
ചുറ്റും ഭയം നിറയുന്നിരുട്ടു മാത്രം..
വീട്ടിലിരിക്കാം...
മനസ്സുകൾ ഏറെയടുപ്പിച്ചു തന്നെ
അകലം പാലിക്കാം..
കൊറോണയെ തോൽപിക്കാം.
ഒരുമിച്ചു നേരിടാം
കരളുറപ്പോടെ...

**അനുശ്രീ പി.ജി**
10 B
സി.എ.എച്ച്.എസ്. പെരുവെമ്പ
ചിറ്റൂർ ഉപജില്ല, പാലക്കാട്

# വൈറസ്

വൈറസ് വന്നു നാം വീട്ടിലൊതുങ്ങി
വഴിയിലിറങ്ങാൻ നിവൃത്തിയില്ലാതായ്
ആർപ്പുവിളിയില്ല ആഘോഷമില്ല
അകലവും പാലിച്ചു നടന്നിടും നാം
കൂടുമ്പോളിമ്പമായി കൂട്ടുകൂടുന്നു നാം
കുട്ടികൾക്കും നല്ലൊരാമോദമായ്
അവനിയിലെല്ലാരുമൊരു പോലെയായ്
ആശങ്കകൾ പങ്കുവച്ചോർത്തീടുന്നു
ലോകത്തെ രക്ഷിക്കാൻ നമ്മളെല്ലാവരും
മടിയാതെ വീട്ടിലിരുന്നിടേണം..

**ദേവനന്ദ ഡി.ബി**
6 C, ഗവ.യുപിഎസ് രാമപുരം
നെടുമങ്ങാട് ഉപജില്ല, തിരുവനന്തപുരം

# കൊറോണ

മനുഷ്യനാവുക
എന്ന് പറഞ്ഞത്
മാനവികതയുടെ
പ്രവാചകരെങ്കിൽ
മനുഷ്യനിലേക്കൊരു
പാത തെളിച്ചതും
അവനെ കാട്ടിത്തന്നതും
മാനവകുലത്തിന്റെ
നാശം കൊതിച്ച
അദൃശ്യനായൊരു
ശത്രുവായിരുന്നു,
പേര് കൊറോണ.........

**ആതിര എസ് എസ്**
4, ഗവ.എൽ.പി.എസ്.കൊപ്പം
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# അതിജീവനം

ഇത് ദുരിതപർവ്വം,
ഇരുൾ മൂടി ഭൂതലം,
ദുരിതമായി പെയ്ത മഹാമാരി
നാളെതൻ സ്വപ്നങ്ങളിൽ നിഴൽപടർത്തീടുന്നു,
ചങ്ങലപോലെ പടർന്നുപിടിക്കുമീ
ഘോരവിപത്തിന്റെ കണ്ണിപൊട്ടിക്കുവാൻ
ആഘോഷമെല്ലാം അവധിക്കുവച്ചു നാം
അകലം മനസ്സിലുണ്ടാകാതകത്തിരുന്ന-
ല്പനാൾ പോക്കാം സുരക്ഷിതരായ്,
നല്ലൊരു നാളെതൻ പൊൻപുലരികാണുവാൻ
നൻമകൾ പൂക്കുന്ന നാൾ പിറക്കുവാൻ
ഒന്നിച്ചു നിൽക്കാം മനം കൊരുക്കാം
അതിജീവനത്തിന്റെ കണ്ണിയാകാം.

**അക്ഷര സജീഷ്**
10 A
ഗവ.ട്രൈബൽ ഹൈസ്കൂൾ,കട്ടച്ചിറ
പത്തനംതിട്ട ഉപജില്ല, പത്തനംതിട്ട

# കൊറോണക്കാലം

കൊറോണക്കാലം വന്നല്ലോ
എല്ലാരും എല്ലാരും വീട്ടിലായി
അച്ഛനും വീട്ടിലുണ്ട് അമ്മയും വീട്ടിലുണ്ട്
ചേട്ടനുമൊത്തൊരു നല്ല കാലം
എന്ന് കരുതി ഞാൻ വീട്ടിൽ തങ്ങി
ചിത്രം വരച്ചു ഞാൻ പാട്ടുകൾ പാടി ഞാൻ
എന്നിട്ടും എന്തോ ഒരു ആശങ്കയുള്ളിൽ
വാർത്തകൾ കേൾക്കാൻ പേടി തോന്നുന്നു
കൂട്ടരുമൊത്ത് ചാടിക്കളിക്കുവാൻ
വല്ലാത്തൊരു പൂതി മനസ്സിലുണ്ടേ
എന്നിനി ആ കാലം വന്നിടും
അതിനായ് നമുക്ക് പ്രതിരോധിക്കാം
മുതിർന്നവർ പറയുന്നതനുസരിക്കാം
പരസ്പരം തൊടാതെ, കൈ കഴുകി
വ്യക്തി ശുചിത്വവും പരിസര ശുചിത്വവും
നമുക്കു നന്നായി പാലിച്ചീടാം

**ഭഗത് ശങ്കർ**
5
ഗവ. എച്ച്.എസ്.എസ് ഇളമ്പ
ആറ്റിങ്ങൽ ഉപജില്ല
തിരുവനന്തപുരം

# I AM CORONA

Ha ha... Ha ha... Ha ha..ha....
I' m corona from China
I can get you very easily.
When you don't wash your hands with soap,
I can get you very easily.
When you directly contact sick
I can get you very easily.
When you don't clean yourself,
And when you don't eat healthy food.
I can get you very easily.
So avoid shake hands and instead say a hai.
I can get you very easily.
So wash your hands with soap.
Use masks in public places,
Clean yourself,eat healthy food,
Avoid shake hands and instead say a hai.
Then I can't get you, remember that.

**വിസ്മയ് വി നായർ**
3 B
ഗവണ്മെന്റ് ഹൈസ്കൂൾ, കാച്ചാണി
തിരുവനന്തപുരം നോർത്ത് ഉപജില്ല
തിരുവനന്തപുരം

# അകമുറിവ്

എന്തേ ചുമയ്ക്കുന്നു?
കഴുത്തൊക്കെ വിയർക്കുന്നു
പനിക്കുന്നു, വിറയ്ക്കുന്നു
പുണ്യദേഹം
അടുത്തിടപഴകരുത് ,കൂട്ടം കൂടരുത്
ഭ്രാന്തമായലയരുത്
മഹാമാരിയിവളെ
തുരത്തും നമ്മൾ നിസംശയം
ഞാൻ നന്നാവണം
എന്റെ മകൻ നന്നാവണം
ഇത് ജീവിതം
സ്വാർഥ മൃഗജീവിതം
മരുന്നില്ല പനിയാകെ
വിഴുങ്ങിത്തുടങ്ങി ഇനി ആരുണ്ട്
എന്നെ പുറത്തെടുക്കാൻ
ഇവിടെ ഞാനില്ല ,നീയില്ല
അവനില്ല , ഇവനില്ല
ഉള്ളത് മാനവർ നമ്മൾ മാത്രം
പുണ്യദേഹം നോക്കും
കറുകറുത്ത കൈകൾ
സാന്ത്വനമേകും വെളുവെളുത്ത ഹൃദയം
എവിടെ ആ മൃഗത്തിന്റെ ജാതി മന്ത്രം
നെഞ്ചോടു ചേർക്കുമെൻ ജനനിയുടെയധരം
എവിടെയോ നഷ്ടമായി ആ താരാട്ടു ഗാനം
എങ്കിലും കേൾക്കാം എൻ അമ്മ തൻ നൊമ്പര ഗാനം

**ഗോപിക എൻ സി**
6 C
ഗവ. എച്ച്. എസ്സ്. പ്ലാവൂർ
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# നമ്മൾ അതിജീവിക്കും

മണ്ണിലും വിണ്ണിലും അതിർവരമ്പുകൾ കെട്ടി
ചക്രവ്യൂഹങ്ങൾ തീർത്ത് ആനന്ദത്തിൻ ചുവട് വച്ചപ്പോൾ
നിലയ്ക്കാത്ത രോദനമായ് ആഗോളമാരിയായ്
അതിർവരമ്പുകൾ ഭേദിച്ച്, ചക്രവ്യൂഹങ്ങൾഭേദിച്ച്
വന്നെത്തി കൊറോണവൈറസ്

സംഹാരരൂപം പൂണ്ട് വിശ്വരൂപമെടുത്തു
മാനവകുലത്തെ തുരത്താനായ്,പകച്ചു നിന്നൂ ലോകം
ചെറുത്ത് തോല്പിക്കാൻ നൻമയുടെ വ്യൂഹം തീർത്തൂ നാം
സർക്കാരും ആരോഗ്യപ്രവർത്തകരും പോലീസും നിന്നൂ
പടനായകരായ് മുന്നിൽ.

കളത്തിലിറങ്ങി പോരാടുന്നു നമ്മുടെ ഡോക്ടറും മാലാഖമാരും
ലോക്ഡൗണും ബ്രേക് ദ ചെയിനും ശാരീരികഅകലവും
മാനസിക അടുപ്പവുമായ് അതിർ വരച്ചൂ നമ്മൾ, കാവലായ്
കരുതലായ് സന്നദ്ധസേനയും വിശപ്പാറ്റാൻ കമ്മ്യൂണിറ്റി കിച്ചണും
അതിജീവിക്കും നമ്മൾ.

ലോകപോലീസ് ചമഞ്ഞവർ, വമ്പന്മാർ വീണിടത്ത്
ചാലകശക്തിയായ് കരുതലായ് ദൈവത്തിൻ സ്വന്തം നാട്
അതിജീവിക്കും നമ്മളതിജീവിക്കുമെന്നു മാത്രം
തിരിച്ചറിഞ്ഞൂ ലോകം ഈ മലയാളനാടിനെ.

**ഗോപിക.എസ്.എസ്**
9A
ഗവ.എച്ച്.എസ്.എസ്.ആനാവൂർ
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# അതിജീവനം

ഒരു നുള്ളു കണ്ണീരു വാർത്തുകൊണ്ടീ
ലോകവ്യഥയോട് ചേർന്നല്ലോ നാമേവരും.
ഭയമല്ല കരുതലാണടിയുറച്ചാൽ നാളെ
അതിജീവനത്തിൻ കഥ പറയാം.
സൃഷ്ടിച്ച സ്രഷ്ടാവ് പോലും പകച്ചു പോയി
നിൻ ചെയ്തികൾ കണ്ടു കണ്ണടച്ചു
സർവ്വവും വെട്ടിപ്പിടിക്കുവാൻ നീ നേർത്ത
സമവാക്യം ഒന്നതിൽ പിറവി കൊണ്ടു.
ചുരുളഴിച്ചിന്നവർ അന്തകന്റെ വേഷം കെട്ടിയാടി.
ഈ മഹാമാരി തൻ വിധിയോർത്തു കരയുവാൻ
കഴിയില്ല മനുജാ നിൻ കർമ്മഫലം
വൻ മതിൽ താണ്ടിയാ കോട്ടകൾ തച്ചുടച്ചിന്നവൻ
ഇന്നെന്റെ മണ്ണിലും തേരോട്ടമായ്
ഒരു ചുംബനം പോലും നല്കാൻ കഴിയാതെ
ചത്താലും തീരാത്ത പാപിയായ്
അകന്നിരിക്കാം രക്തബന്ധങ്ങളൊക്കെയും
ഇരുളിന്റെ മറ നീങ്ങും ഒരു പുലരിവരെയും
വാനോളം വാഴ്ത്തി പുകഴ്ത്തീടാമീനല്ല
ആതുരസേവകർ നീതിതൻ പാലകർ.
'ലോകാ സമസ്താ സുഖിനോ ഭവന്തു.'

**ആദിത്യ.എച്ച്**
8 A
ഗവൺമെന്റ് എച്ച് എസ് എസ് കവലയൂർ
ആറ്റിങ്ങൽ ഉപജില്ല
തിരുവനന്തപുരം

# ഒരു കൊറോണക്കാലത്തിന്റെ ഓർമയ്ക്ക്..

കോറോണ വന്നു പിടിച്ച നാളിൽ,
കൂട്ടുകാരില്ലാതെയൊറ്റക്കു ഞാനന്ന്
വീട്ടിലിരുന്നു കളിച്ചു മടുത്ത കാലം.
മുറ്റത്തിറങ്ങിക്കിളികളോടും
വഴിതെറ്റി വന്നൊരാ പൂച്ചയോടും
ഒത്തിരി കിന്നാരം ചൊല്ലി ഞാനും.
പൂവാക പൂത്തൊരു മുറ്റത്തിനപ്പുറം
തല നീട്ടി നിന്നൊരാ പുൽനാമ്പു നീക്കി ഞാൻ,
കുഞ്ഞു കൃഷിക്കായിട്ടൊരുക്കീയിടം.
ചപ്പും കരിയില കൊത്തുകളും മൊത്തമൊരുക്കി മെല്ലെ
പയർ മണിയൊന്നു വിതച്ചീടുവാൻ
വീടിന്റെ വൃത്തിയും നാടിന്റെ ശുദ്ധിയും
പറയുവാനെത്തും
കൊറോണക്കാലമേ....
മറക്കില്ല നിന്നെ മരിക്കുവോളം.

**നവീൻചന്ദ്ര**
4A
ഗവൺമെന്റ് എച്ച് എസ് എസ് കവലയൂർ
ആറ്റിങ്ങൽ ഉപജില്ല
തിരുവനന്തപുരം

# NOW IT'S TIME TO......

Now its the time to stay at home
For you and me and all of us
Now its the time to win a war
A war with human and a virus
Let's skip the love visit
And shakehands also may be omitted
Bind them sodomites
Which have no mockery
What you destroy is not a life
But the whole mankind
Lets move on with
Personal hygiene and caution
And always remember only this
The need is not fear but care
Now its the time to stay at home

**അശ്വതി എസ് എസ്**
9 D
വി.ജി.എച്ച്.എച്ച്.എസ് നേമം
ബാലരാമപുരം ഉപജില്ല
തിരുവനന്തപുരം

# ഉണരാം വഴികാട്ടിയായി

മാനവകുലത്തിൽ മഹാമാരിയായി
ലോകത്തെ മുഴുവൻ നടുക്കി
മരവിച്ച മീനികളാൽ
മലീനമാക്കുന്നു മണ്ണിനെ ,
എന്ത് വിധിയിതു ?
അനന്തമാം ഭൂമിയിൽ
നിനക്കു അന്ത്യമില്ലേ വിപത്തെ ?
സ്വയം നിയന്ത്രിക്കാം, നല്ലൊരു നാളേക്കായി ......
ജാഗ്രത പുലർത്താം,
അതിജീവനത്തിനായി .....
കരുതലാണ് കറുത്ത
കവരാത്ത കാവലും,
കരയും ഹൃദയങ്ങളെ
കരയോടടുപ്പിക്കാൻ
വിതറാതെ, പതറാതെ
വിമുക്തി നേടാം
'കൊറോണ' യാം ദുരിതത്തെ
തുറങ്കിൽ അടച്ചിടാൻ ......
ഹിതകരമല്ലാത്ത വ്യാജത്തെ വെടിയാം
നഷ്ടമൊരോന്നെണ്ണി
തിരികെ വിതച്ചിടാം .....
വീണ്ടെടുക്കാം, ഐക്യ ശക്തിയാൽ
കുറവുകളെ നിറവുകളാക്കാം !
നിറയിടും ... അടിപതറാതെ ...
'കോവിഡ്' ൻ മുന്നിൽ
ഉറങ്ങാതെ ഉത്തമ പൗരനായി ......

**അഷ്ന വർഗീസ്**
9 Q
വിമലാഹൃദയ.എച്ച്.എസ്.എസ് ഫോർ ഗേൾസ് കൊല്ലം
കൊല്ലം ഉപജില്ല

# ഒടുക്കം ഒരുമിച്ച്

ഒടുക്കണം നാം ഒടുക്കണം നാം
കൊറോണയെന്ന മഹാമാരിയെ
ഒരിമിച്ച് നിന്ന് ഒടുക്കണം നാം
കേരളം ഒന്നിച്ച് ഒടുക്കണം
പ്രതിരോധമല്ലാതെ മറ്റൊരുമാർഗം
ഇല്ലല്ലോ നമുക്ക് ഒരുമിച്ച് നിൽക്കാം
ഇടയ്ക്കിടെ കൈകൾ കഴുകാം
സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകാം
ഇരുപതു സെക്കന്റ് എടുത്തു കഴുകാം.....
കൊറോണയെ തള്ളിനീക്കിക്കളയാം
ശാരീരിക അകലം പാലിച്ചു നീങ്ങാം
മനസ്സുകൾ ഒന്നിച്ചു നിൽക്കാം
അനാവശ്യയാത്രകൾ വേണ്ട അനുസരിക്കാൻ
സർക്കാറിന്
നമുക്ക് വേണ്ടി നീങ്ങുന്നവർ
മനുഷ്യരാണെന്ന് ചിന്തിക്കണം
അവർ കൊണ്ട് കുടുംബവും കുട്ടികളും
അവർക്കുണ്ട് അച്ഛനമ്മമാർ
നമുക്കുവേണ്ടി നീങ്ങുന്നവർ.....
ജാഗ്രത വേണം പേടിയല്ല
മരുന്നില്ല പ്രതിരോധം മാത്രമാണ്
ചിന്തിക്കണം നാം ചിന്തിക്കണം
ഒന്നായി ചിന്തിക്കണം......ചിന്തിക്കണം

**Shahana. s**
7 C
വിമലാഹൃദയ.എച്ച്.എസ്.എസ് ഫോർ ഗേൾസ് കൊല്ലം
കൊല്ലം ഉപജില്ല
കൊല്ലം

# കുതിപ്പ്

പാട്ടല്ല കഥയല്ല പതിരല്ല ജീവിത-
പാതയിൽ നാം കണ്ട സത്യം 'കൊറോണ'
കൊല്ലണമീയണുകീടത്തിനെ സർവ-
വിശ്വവിനാശകാരിണിയെ
ഭയമല്ല,വേണം നമുക്കതി ജാഗ്രത-
അതിനുള്ള പാഠം പഠിക്കാം......
കൈകൾ കഴുകി തുടയ്ക്കാം മുഖം
തൂവാല കൊണ്ടു മറയ്ക്കാം
സമദൂര സ്ഥാനം പുലർത്താം
സാമൂഹ്യബോധമുൾക്കൊള്ളാം
കൂട്ടം പിരിഞ്ഞിട്ടു കൂട്ടുകൂടാം-
വീട്ടിലിരുന്നിട്ട് നാടുകാക്കാം
ആതുര സേവകർ സേനാവിഭാഗങ്ങൾ
ഏവർക്കുമായ് നന്ദി ചൊല്ലാം
അഭിനന്ദനത്തിൻറെ ചെണ്ടു നൽകാം...
ആയിരം പ്രാർത്ഥനാ
പുഷ്പമേകാം
നമ്മെ നയിച്ചോർക്ക് പിന്നിലായി-
പദമൂന്നി നീങ്ങാം, ശക്തിയേകാം

**കല്യാണി എസ്**
9 I
വിമലാഹൃദയ.എച്ച്.എസ്.എസ് ഫോർ ഗേൾസ് കൊല്ലം
കൊല്ലം ഉപജില്ല
കൊല്ലം

# മഹാമാരി

വെയിലും മഴയും കടന്നുപോയ്
മർത്യന്റെ  മനസ്സിൽ സങ്കടക്കടൽ
സന്തോഷമില്ല ആഘോഷമില്ല
കൊറോണയാണ് എങ്ങുമെങ്ങും
വെയിലിൽ പൂത്തു വിടർന്ന
പൂക്കൾക്കു മണമില്ല
മഴയുടെ കോരിത്തരിക്കുന്ന കുളിരുമില്ല
പൂവസന്തവും വന്നതില്ല
മഴ പെയ്താൽ അത് പ്രകൃതിയുടെ
കണ്ണീരായി തോന്നവേ
എന്തൊരു ശോചനീയമാണീ അവസ്ഥ
ഇതിനൊക്കെ ഉത്തരവാദി
നരഭോജിയായ വ്യാധി കൊറോണയാണ്
മർത്യനിൽ വിടരുന്ന ചിരി മായിച്ച കൊറോണ
മനുഷ്യന്റെ ജീവൻകാർന്നുതിന്നുന്ന കൊറോണ
മനുഷ്യന്റെ ജീവിതം ചിതലരിപ്പിക്കുന്നു
എന്നു തീരും ഈ കൊറോണ
നമ്മുക്ക് മനസ്സുറപ്പിച്ച പ്രാർഥിക്കാം ഈശ്വരനെ
അവിടുത്തെ കാലുകളിൽ വീണപേക്ഷിക്കാം
നമ്മുക്ക് ഒന്ന് ആശ്വസിക്കാം എന്തെന്നാൽ
ഈ കാലവും അവസ്ഥയും കടന്നുപോകും
മനുഷ്യൻ ഇന്ന് വെട്ടിനേടിയതെല്ലാം
വെറും വെറും പാഴ്‌വസ്തു
കൊറോണ വ്യാഥിയെ നമുക്ക്
ലോകത്തുനിന്നും തുടച്ചുമാറ്റാം
അങ്ങനെ വെയിലിനു പുത്തനുന്മേഷവും
മഴയുടെ കുളിരും കാറ്റിന്റെ തലോടലും നമുക്കനുഭവിക്കാം
കണ്ണീരുവാർന്ന മുഖങ്ങളിൽ
പുഞ്ചിരിയുടെ നവോന്മേഷം വിടർത്താം
അങ്ങനെ പൂക്കൾ മണമുള്ളതാകും
കുട്ടികൾ ചിരിക്കും മാനം തെളിയും
നമുക്ക് കഴിയും നമുക്ക് കഴിയും
നാം ഈ കൊറോണ പിടിച്ചുകെട്ടും
വേരോടെ പിഴുതെറിയും

**കൃഷ്ണ പ്രിയ. എസ്**
8 E
വിമലാഹൃദയ എച്ച്.എസ്.എസ് ഫോർ ഗേൾസ് കൊല്ലം
കൊല്ലം ഉപജില്ല, കൊല്ലം

# തടവുകാലം

എന്ത് ശുദ്ധമായിരുന്നെൻ പരിസ്ഥിതി
ഇന്നിതാ അശുദ്ധിയിലാണ്ട് കിടക്കുന്നു.
മുറ്റത്തിറങ്ങുവാൻ പാടില്ല, ഒത്തൊരുമിച്ചൊന്നിരിക്കുവാൻ പാടില്ല ഇന്നിതു
വരെ ആരും അറിഞ്ഞിട്ടില്ലാത്തൊരു
കഷ്ടപ്പാടിതാ ഭൂലോകമെമ്പാടും വ്യാപിച്ചിരിക്കുന്നു.
'കൊറോണ 'എന്നൊരു മഹാവിപത്തിനെ
സദാശുചിത്വം പാലിച്ചുകൊണ്ടകറ്റീടുന്നു നാം.
കുടുംബം പുലർത്തുവാൻ മരുഭൂമിയിൽ പോയവർ
ഇന്നിതാ നാട്ടിൽ വന്നവർ തടവറയ്ക്കുള്ളിലായ് നാൾക്കുനാൾ
പ്രതിരോധശക്തിയുള്ളവർ ഭേദമായ് വീട്ടിലേയ്ക്കത്തവെ
ഉറ്റവരില്ലാതെ ഉടയവരില്ലാതെ കല്ലറയ്ക്കുള്ളിലാകുന്നിതാ ചിലർ.
പൂജയ്ക്കെടുക്കേണ്ട പുഷ്പങ്ങളെല്ലാം
തോവാളയിൽ തന്നെ വളമായി തീരുന്നു.
നിത്യപൂജാധികൾ ചെയ്തിടാനാകാതെ
പൂജാരിമാരെല്ലാം സ്തംഭനം കൊള്ളുന്നു.
കൂട്ടിലടച്ചിട്ട തത്തയെ പോലെ നാം
എത്ര നാളിങ്ങനെ തടവിൽ കഴിയണം.

**സാന്ദ്രരാജ്**
6 C
ശിവഗിരി എച്ച് എസ് എസ് വർക്കല
വർക്കല ഉപജില്ല
തിരുവനന്തപുരം

# കൊറോണ എന്ന ഭൂതം

കൊറോണ എന്നൊരു ഭൂതം
ലോകവിനാശകാരി
ഒരുപാടു ജീവൻപൊലിഞ്ഞു,
ഒരുപാട് നെഞ്ച് തകർന്നു,
പക്ഷെ ഒരിറ്റു കണ്ണുനീരുപോലും
വീഴില്ല വീഴില്ല കണ്ണിൽനിന്ന് (2)
മനസ്സിന്റെയുള്ളിൽ തഴുകിത്തലോടി സമാശ്വസിപ്പിക്കും മാലാഖമാർ (2)
വിറയ്ക്കാത്ത കൈകളാൽ മുന്നോട്ട്പോരാടി
നമ്മുടെപ്രിയ മാലാഖമാർ
ആംബുലൻസിൽ ചീറിപ്പായുന്ന രോഗിയും
ഡ്രൈവറും മാത്രം റോഡിലിപ്പോൾ (2)
തൊടാതെ മനസ്സിന്റെയുള്ളിൽ തൊടുന്ന
മാലാഖാമാരാകുന്ന നഴ്സുമാരും (2)
എന്തിനെ നാം പതിനാലുദിനം വെറുതെ
വീടിനുള്ളിൽ കഴിഞ്ഞുകൂടുന്നു
എന്നു ചിന്തിക്കാതെ റോഡിലിറങ്ങുന്നതെന്തിനെ
എന്തിനെ എന്തിനിപ്പോൾ
ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനു ശേഷം
നാട്ടിലോ റോഡിലോ ആരുമില്ല (2),
പക്ഷെ ഒരുപാട് ധൈര്യശാലികളവർ
പായുന്നു പായുന്നു റോഡിലൂടെ (2)
വീടിനോ നാടിനോ വേണ്ടിയല്ല അവർ
കാക്കിയിട്ടവർ നമുക്കായിനിൽക്കുന്നു (2)
ഇനിയുമുണ്ടിനിയുമുണ്ട് പ്രതീക്ഷതൻ
തിരിനാളം നമുക്കായിനിയുമുണ്ട് (2)

**ശ്രീഭദ്ര ജെ**
7.D
ശിവറാം എൻ എസ് എസ് എച്ച് എസ് എസ് കരിക്കോട്
കുണ്ടറ ഉപജില്ല
കൊല്ലം

# ഒരുമയോടെ

കാലചക്രങ്ങൾ ചലിച്ചുകൊണ്ട്
വർഷം ശിശിരം കടന്നുപോയി
നിപ്പാവൈറസ് പേമാരി പ്രളയം
സംഹാരതാണ്ഡവമാടിയാടി

താളവും തെറ്റി മനുഷ്യജന്മം
താങ്ങായവർ താനെമാഞ്ഞുപോയി
കൊറോണവൈറസ് കടന്നുവന്നു
ലോകത്തെ ആകവേ മാറ്റിടുന്നു

ദാഹജലത്തിനായ് കേഴുന്നു കോലങ്ങൾ
രക്ഷയ്ക്കായ് മുറവിളി കൂട്ടീടുന്നു
മരണനിരക്കുകൾ കൂടുന്നു കുന്നുപോൽ
പേടിയാൽ ജീവിതം വിണ്ടുകീറിടുന്നു

കാരണവും പരിഹാരവും നീയേ
മനുഷ്യനെ മനുഷ്യനായ് കാണുക നീ
ജാതിമതംവർണവർഗം നോക്കാതെ
ഒരുമിക്കാം കൈകോർത്തു മുന്നേറിടാം

**വർഷ ജെ നായർ**
9 A
സാൽവേഷൻ ആർമി സ്കൂൾ കവടിയാർ
തിരുവനന്തപുരം നോർത്ത് ഉപജില്ല
തിരുവനന്തപുരം

# കരുതൽ

കൊറോണ രോഗത്തെ പ്രതിരോധിക്കാൻ
സോപ്പുപയോഗിച്ച കൈകഴുകേണം
കണ്ണിലും മൂക്കിലും തൊടാതിരിക്കേണം
വ്യക്തിശുചിത്വം പാലിക്കേണം

ചുമ പനി ശ്വാസതടസ്സം വന്നാൽ
വൈദ്യസഹായം തേടേണം
ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും
തൂവാലകൊണ്ട് മറയ്ക്കേണം

ആൾക്കൂട്ടങ്ങൾ ഒഴിവാക്കേണം
സാമൂഹികാകലം പാലിക്കേണം
പുറത്തുപോയാൽ മാസ്ക് വേണം
സാനിറ്റൈസറുമൊപ്പം വേണം.

സർക്കാരിന്റെ തീരുമാനങ്ങളും
ആരോഗ്യപ്രവർത്തകരുടെ നിർദേശങ്ങളും
പരിപൂർണമായി പാലിച്ചീടാം
കരുതലോടെ കൊറോണയ്ക്കെതിരെ

**സഞ്ജന**
5 A
സാൽവേഷൻ ആർമി സ്കൂൾ കവടിയാർ
തിരുവനന്തപുരം നോർത്ത് ഉപജില്ല
തിരുവനന്തപുരം

# കാലത്തിന്റെ വിതുമ്പൽ

ഒരു തുള്ളി കണ്ണീരു കഴുകിയിട്ടു കാര്യമില്ല
നിൻ ചെയ്തികൾ കണ്ട് സ്രഷ്ടാവ് പോലും പകച്ചു പോയി
കാണുന്ന ജീവജാലങ്ങളെയെല്ലാം കൊന്നുനീ
ഇതാ കണ്ണിൽപ്പെടാത്ത ഒരു ജീവി നിന്നെ കൊന്നു തിന്നു
കെട്ടിടങ്ങളെല്ലാം പടുത്തുയർത്തി നീ മണ്ണെല്ലാം നശിപ്പിച്ചു
ഇന്ന് ആ മണ്ണിൽ നീ തേരോട്ടം നടത്തുന്നു
മഹാമാരിതൻ, വിളയാട്ടം നടത്തുകയാണ്
അതിൽ വിധിയോർത്ത് കരയുവാൻ നിനക്ക് അർഹതയില്ല
നിൻ കർമ്മഫലം നിന്നോടുകൂടി മണ്ണിൽ അലിഞ്ഞു ചേരുന്ന
കാലം നിന്നേ തേടിയെത്തും
നിൻ സൃഷ്ടികൾ കണ്ട് ഏവരും ആർത്തു വിളിച്ചു
നിൻ അഹങ്കാരം ആ സൃഷ്ടിച്ച വേരോടെ പറിച്ചു മാറ്റി.

**മഹേശ്വരി ദാസ്**
9 G
സി ബി എം ഹൈസ്കൂൾ, നൂറനാട്
മാവേലിക്കര ഉപജില്ല, ആലപ്പുഴ

# കൊറോണ എന്ന മഹാമാരി

ഭീതിപരക്കുന്നുഭയാനകമാകുന്നു
വീണ്ടും ഒരു മഹാമാരി
ഭീകരമാകുന്നു വിനാശകാരൻ
കൊറോണ എന്ന മഹാമാരി
താണ്ഡവ നടനം തുടങ്ങുന്ന വേളയിൽ
ഭൂലോകം ആകെ വിറകൊള്ളുന്നു.
പ്രാണനായി കേഴും മർത്യകുലം
മാനുഷ്യരെല്ലാരും ഒന്നാണെന്ന്
വിശ്രാന്ത മാനവത്തിൽ
വിഷഗണമൂറും പകയുടെ
തീക്ഷ്ണതയാളുംനേരം
അശ്വനി പാദം തിരിച്ചിതാ
കൊറോണയായും കോവിഡായും ....
മറന്നതെല്ലാം സ്മരിച്ചിടാൻവേണ്ടി
മരണം മുന്നാലെ കാണുന്നു.
പ്രാണനായി കേഴുന്ന,ഒറ്റപ്പെടലിൽ
എല്ലാരുമൊന്നെന്ന വാഴ്ത്തുകൾ മാത്രം
മുച്ചൂടും മർത്യരെ നശിപ്പിക്കാൻ
പാഠം പഠിക്കാത്ത മർത്യന്റെ
ചിന്തകൾ പാകപ്പെടുത്താൻ
വന്നൊരു, അടയാളരൂപമേ...
ഭീതിപരക്കുന്നു ഭയാനകമാകുന്നു
വീണ്ടും ഒരു മഹാമാരി

**ആര്യ.എസ്.നായർ**
6 A
സി.എം.എസ്.എച്ച്.എസ് കുമ്പളാംപൊയ്ക
പത്തനംതിട്ട ഉപജില്ല
പത്തനംതിട്ട

# കവിത

പേടി ഭയക്കുന്നു ഭയാനകമാകുന്നു
വീണ്ടുമൊരു മഹാമാരി
വൈറസ്സാകുന്ന വിനാശകാരൻ
കൊറോണയെന്ന നാശകാരി
പകർച്ചവ്യാധി നീളുന്ന വേളയിൽ

പാരിലാകെ വിറക്കുന്നിപ്പോൾ
ജാതിയുമില്ല മതവുമില്ല
ജീവനായി കേൾക്കുന്നു ഞങ്ങളെല്ലാം
കേരളമാകെ വന്നു പ്രളയവും

കാലന്റെ വിളിയുമായ് നിപയുമെത്തി
ജീവൻ കിട്ടിയാൽ മതിയെന്നാശിച്ചു
കേണു പ്രാണനായ് ഞങ്ങളെല്ലാം
ഓർമ്മിച്ചു ഞാനെന്റെ ലിനിചേച്ചിയെ

മറക്കില്ല ഞങ്ങൾ മലയാളികൾ
മരണം മുന്നാലെ കാണുന്നു മാനവർ
പ്രാണനായ് കേഴുന്നു ഒറ്റപ്പെടലിൽ
പേടി പരക്കുന്നു ഭീതിയുമാകുന്നു
വീണ്ടുമൊരു മഹാമാരി

ഇനിവരും നല്ലൊരു നാളേയ്ക്കായ്
ഞങ്ങളിപ്പോഴും കാത്തിരിപ്പൂ.

**റിയ**
6 E
സി.എം.സി ഗേൾസ് ഹൈസ്കൂൾ
ചേവായൂർ ഉപജില്ല, കോഴിക്കോട്

# വൈറസ്

ഓർത്തീടുക ലോകമേ
കോവിഡ് എന്ന മഹാമാരി
ലോകത്തേക്ക് വന്നു
ക്ഷണിക്കപ്പെടാത്തൊരു അതിഥിയായി
തൽക്ഷണം പടരുന്ന ഒരു മഹാമാരി
അവന്റെ മുൻപിൽ ജാതിയില്ല
അവന്റെ മുന്നിൽ മതമില്ല
ഭൂമി ഇന്ന് മരണത്തിന്റെ
താഴ്‌വരയായി മാറി
മർത്യന്റെ മനസ്സിൽ
പേടിപ്പെടുത്തും വിധം
ഉല്ലസിച്ചു നടക്കയാണീ മഹാവീരൻ
ജാതിഭേദമില്ലാതെ മാനവർ
ഒറ്റക്കെട്ടായി മുന്നേറുകയായ്
ഈ മഹാമാരിയെ ചെറുത്തു നിൽക്കാനായി
എന്റെ ഹൃദയം കേഴുന്നു.
കണ്ണീരു വീഴുന്നു
പ്രിയ സോദരർ മരിച്ചുവീഴുന്നോരോദിനം
മാനവരാകെ വീഴുന്നു
എന്ന് തീരുമീ ദുരിതമെൻ ദൈവമേ
കണിവെയ്ക്കുക നീയീ ദുരിതക്കടൽ താണ്ടുവാൻ

**ദേവനന്ദ എസ്.ജെ**
9 D
സി.എം.സി ഗേൾസ് ഹൈസ്കൂൾ
ചേവായൂർ ഉപജില്ല
കോഴിക്കോട്

# ഓട്ടക്കാരൻ

മനുഷ്യൻ എന്നും ഓട്ടക്കാരനാണ്
തന്റെ പ്രാണൻ തന്നിൽ നിന്നും വിട്ടകലുംവരെ
അവൻ ഓടിക്കൊണ്ടിരിക്കുന്നു...
സ്വാർത്ഥതക്ക് പിന്നിൽ ഓടിക്കൊണ്ടിരിക്കുമ്പോൾ
അവൻ തികച്ചും അന്ധനാണ്..
തന്റെ മുന്നിൽ കരയുന്നവർക്ക് മുന്നിൽ ബധിരനാണ്..
തന്റെ സ്വപ്നലോകം പടുത്തുയർത്താനായി
ജീവവായു നൽകുന്ന പച്ചപ്പിനെ അവൻ ചാരമാക്കുന്നു..
ബന്ധനങ്ങൾ ഇല്ലാതെ ഒഴികികൊണ്ടിരിക്കുന്ന
ജീവജലത്തെ പിടിച്ചുകെട്ടി മലിനമാക്കുന്നു..
തന്റെ പ്രവൃത്തികൾ ഒരു മാറാരോഗമായി അവനെ വേട്ടയാടുമ്പോൾ
ലഹരിയും ഫാസ്റ്റ് ഫുഡും കുത്തിനിറച്ച അവന്റെ ശരീരം
തിരിച്ചൊന്നു പ്രതികരിക്കാനാകാതെ
വെറുമൊരു മാംസമായി മാറുന്നു..
തന്റെ സ്വപ്നങ്ങൾക്കൊപ്പം അവൻ നെയ്തെടുത്ത
ദാക്ഷിണ്യമില്ലാത്ത അവന്റെ മരണത്തിനു മുന്നിൽ
അവന്റെ ഓട്ടമവസാനിക്കുന്നു

**സിഫ്ന വി പി**
+1 Science
സി. എച്ച്. എസ്. എസ്. അടക്കാക്കുണ്ട്
വണ്ടൂർ ഉപജില്ല, മലപ്പുറം

# കൊർ ഓണപ്പാട്ട്

കൊറോണ നാട് വാണീടും കാലം
മാനുഷ്യനെങ്ങുമേ നല്ല നേരം
തിക്കു തിരക്കു ബഹളമില്ല
വാഹനാപകടം തീരെയില്ല
വട്ടം കൂടാനും കൂട്ടം കൂടാനും
നാട്ടിൻപുറങ്ങളിൽ ആരുമില്ല
ജങ്ക് ഫുഡ്ഡുണ്ണുന്ന ചങ്കുകൾക്ക്
കഞ്ഞികുടിച്ചാലും സാരമില്ല
കല്ലെറിയാൻ റോഡിൽ ജാഥയില്ല
കല്യാണത്തിൽ പോലും ജാടയില്ല
നേരമില്ലെന്ന പരാതിയില്ല
ആരുമില്ലെന്നുള്ള തോന്നലില്ല
എല്ലാരും വീട്ടിൽ ഒതുങ്ങി നിന്നാൽ
കള്ളൻ കൊറോണ തളർന്നു വീഴും
എല്ലാരുമൊന്നായി ചേർന്നുനിന്നാൽ
നന്നായി നമ്മൾ ജയം കൈവരിക്കും.

**ശ്രീദേവി. കെ.പി.**
9 B സി.ജി.എച്ച്.എസ്സ്.എസ്സ്.വടക്കഞ്ചേരി
ആലത്തൂർ ഉപജില്ല
പാലക്കാട്

# കൊറോണ ഒരു താക്കീത്

കൊറോണ ഒരു താക്കീത്
ലോകത്തിനൊരു താക്കീത്
ഒന്നിച്ചു വളരാൻ
ഒന്നിച്ച് ജീവിക്കാൻ
ഇപ്പോൾ മതമില്ല, ജാതിയില്ല
വർണ്ണമില്ല വിവേചനമില്ല ...
പ്രത്യാശ മാത്രം....
സഹായം മാത്രം...
മദ്യശാലകളില്ല വാഹനാപകടങ്ങളില്ല
ആഭരണങ്ങളില്ല ആഡംബരമില്ല
എല്ലാവരും വീടിനുള്ളിൽ
എല്ലാവരും വീടിനുള്ളിൽ
ധനികൻ, ധരിദ്രനെന്ന ഭിന്നത മാറി
രോഗ പ്രതിരോധമെന്ന ഒത്തൊരുമ വന്നു
സുരക്ഷ വന്നു സമത്വം വന്നു
ലോകജനത ഒത്തൊരുമിച്ചു

**അശ്വിൻ എസ്.അനിൽ**
4 A സെന്റ് .ആന്റണീസ് .യു .പി .എസ് . കട്ടക്കോട്
കാട്ടാക്കട ഉപജില്ല
തിരുവനന്തപുരം

# കൊറോണ ഭയന്നേപോയ് !

കൊറോണയെന്നൊരു മഹാമാരി
ലോകത്താകെ ഭീതി പരത്തി
താണ്ഡവമാടി നടന്നൊരു നേരം
കേരളമെന്നൊരു നാട്ടിലുമെത്തി
കേരള ജനത ഉണർന്നതു കണ്ട്
മഹാമാരി ഭയന്നു വിറച്ചു
ലോകത്താകെ മാതൃകയായി
നമ്മുടെ നാട് കേരളനാട്

**സൂര്യ ദേവ്**
3 B സെന്റ് ആൻസ് എയുപിഎസ് നീലേശ്വരം
ഹോസ്ദുർഗ്ഗ് ഉപജില്ല, കാസർഗോഡ്

# മഹാമാരി

ഹേ മഹാമാരി
എന്തിനുവന്നു നീ
മനുഷ്യകുലത്തിൻ അന്തകനായ്
ഭൂഗോളത്തിൻ
നെറുകയിൽ നീ
വിലസിടുമ്പോൾ
പാഠങ്ങൾ പഠിച്ചു നാം
ബന്ധനങ്ങൾ
അനുഗ്രഹങ്ങളായ്
മാറുമ്പോൾ
നിൻ ചങ്ങലകൾ നാം
ഭേദിക്കുകയാണ്.

**വൈഗ വി.ആർ**
3 B സെന്റ് ആൻസ് എയുപിഎസ് നീലേശ്വരം
ഹോസ്ദുർഗ്ഗ് ഉപജില്ല, കാസർഗോഡ്

# ഗോ കൊറോണ

കൊറോണ എന്നൊരു വൈറസ് മഹാമാരിയായി അവതരിച്ചപ്പോൾ ...

ലോകത്തെങ്ങും പ്രതിരോധത്തിൻ തീ പുകയുയർന്നു ഭൂവിൽ .

പല പല പേരിൽ അവതരിച്ച ഈ മാരിതൻ

- സർവ്വ താണ്ഡവമില്ലാതാക്കാൻ ഒരു വിദഗ്ധ വിദ്യയുമായി അവതരിച്ചെൻ സർക്കാർ.

സോപ്പും ഹാൻഡ് വാഷും വൈറസ് മുക്തൻ സാനിറ്ററൈസർ വിദ്യ കടകളിലുയർന്നു വാനോളം .

മഹാമാരിയെ പേടിച്ചോടിയ ജനങ്ങൾ തങ്ങൾ സുരക്ഷ വീട്ടകങ്ങളിൽ നിലനിർത്തി.

തലതെറിച്ച ചില വിദ്വാന്മാർ മഹാമാരിയായി ലോകം ചുറ്റി വൈറസ് പടർത്തി .

ഇന്നിതാ ലോകം മഹാമാരിയെ പിടിച്ചു കെട്ടാൻ ആളുകൾ തികയാതായി.

ദിവസങ്ങൾ തോറും കാതുകളിൽ ആർത്തിരമ്പുന്ന വാർത്തകൾ ഭീതി പടർത്തുന്നു .നമുക്ക് ചൊല്ലാം ഗോ കൊറോണ ബ്രേക്ക് ദ ചെയിൻ..

**സരയു മീത്തൽ**
3 സെന്റ് ആൻസ് എയുപിഎസ് നീലേശ്വരം
ഹോസ്ദുർഗ്ഗ് ഉപജില്ല
കാസർഗോഡ്

# പൊരുതാമൊന്നായ്

നാടുകുലുക്കിവരുന്നുണ്ടേയി
കാടുകുലുക്കിവരുന്നുണ്ടേയി
കൊറോണയാംഭീകരനിവനെ
കോവിഡ്നൈന്റീനെന്നുവിളിപ്പു
ജനകോടികൾചുമ്മായിരിപ്പാണെ
നാടുംനഗരവുംവിജനവുമാണെ
മനവുംകരളുംഭീതിയിലാണെ
ശാസ്ത്രവുമിപ്പോൾശങ്കയിലാണെ
എവിടെപ്പോയിയൊളിക്കാനാനാം
സ്വന്തംവീട്ടിൽതന്നെയിരിക്കാം
ധീരതതെല്ലും ചോരാതെ
പൊരുതേണംനാമൊന്നായി
സോപ്പുംജലവുംകരുതേണം
കൂടെകൂടെകഴുകാനായി
തമ്മിൽത്തമ്മിലകലംവേണം
മാസ്കും കൂടെധരിക്കേണം.

**ജിസ്സ ജോഷി**
3 B സെന്റ് ആൻസ് എയുപിഎസ് നീലേശ്വരം
ഹോസ്ദുർഗ്ഗ് ഉപജില്ല
കാസർഗോഡ്

# സർവം കീഴടക്കി

സർവം കീഴടക്കിയെന്നഹങ്കരിച്ച
ലോകത്തിനു മുന്നിലായി
കത്തിജ്വലിക്കുന്ന തീ പോലെ
ആളിപ്പടർന്നൊരു നാൾ
വന്നൊരു മഹാമാരിയാണു നീ
പഴമയെ നോക്കി നാം പുച്ഛിച്ചിടുമ്പോഴും
ശാസ്ത്രത്തെ നോക്കി നാം തലപൊക്കിയിടുമ്പോഴും
അറിഞ്ഞിരുന്നില്ല നീ വരുന്നുണ്ടെന്ന്
ശാസ്ത്രവും തോറ്റു മനുഷ്യനും തോറ്റു
കൊറോണയെന്ന നിന്റെ വിത്ത് പാകിയ നാൾ തൊട്ട്
എങ്കിലും പൊരുതിടും ഞങ്ങൾ
നീ എന്ന വിഷവിത്തിനെ തുടച്ചു നീക്കിടാനായ്
ലോക രക്ഷയ്ക്കായി... നല്ല നാളെക്കായി...

**വൈഗ വിനോദ്**
4 A സെന്റ് ആൻസ് എയുപിഎസ് നീലേശ്വരം
ഹോസ്ദുർഗ്ഗ് ഉപജില്ല, കാസർഗോഡ്

# ജാഗ്രത

തകർക്കണം തകർക്കണം നമ്മളീ കൊറോണതൻ കണ്ണിയെ,
തുരത്തണം തുരത്തണം നമ്മളീ രോഗഭീതിയെ
ഭയപ്പെടേണ്ട കരുതലോടെ ഒരുമയോടെ നീങ്ങിടാം
മാസ്ക് കൊണ്ട് മുഖം മറച്ച്, അണുവിനെ അകറ്റിടാം;
കൈകൾ കഴുകി കൈ തൊടാതെ പകർച്ചയെ മുറിച്ചീടാം.
ഒത്തുകൂടൽ സൊറ പറച്ചിൽ ഒക്കെയും നിർത്തിടാം
വെറുതെയുള്ള ഷോപ്പിംഗുകൾ നമ്മൾ നിർത്തിടും
തകർക്കണം തുരത്തണം,നമ്മളി കൊറോണയെ
ഒരുമയോടെ കരുതലോടെ നാടിനായി നീങ്ങിടാം
തകർത്തിടാം നമ്മിൽ നിന്നും ഈ മാരി തൻ കണ്ണിയെ:
തുരത്തിടാം നാട്ടിൽ നിന്നും ഈ മരണഭീതിയെ.

**ആൻസി .എസ്**
7 സെയിന്റ് എഫ്രേംസ് യു.പി.എസ്
തിരുവനന്തപുരം നോർത്ത് ഉപജില്ല

# കോവിഡ് 19

നമ്മുടെ നാടിനെ കൊല്ലാനായി
എത്തി കൊറോണ വൈറസ്
ഒരുപാടു ജീവൻ പൊലിഞ്ഞു
നരകത്തിലായി മനുഷ്യർ
ചെറിയൊരു വിത്തു മുളച്ചു
വടവൃക്ഷമായി പടർന്നു രോഗം
ഒന്നിച്ചു നമ്മൾ പോരാടും
അതിജീവിക്കും ഈ രോഗത്തെ
നമ്മുടെ നാടിൻ നന്മക്കായി
തുരത്തും നാം ഒന്നായി
കൈയും മൂക്കും മറച്ചുവെച്ചും
കൈകൾ കഴുകി വൃത്തിയാക്കി
അകലം നമ്മൾ പാലിച്ചും
നേരിടും നമ്മൾ കോറോണയെ.

**ശില്പ സുഭാഷ്**
4 A സെയിന്റ് ഗൊരേറ്റിസ് എൽ.പി.എസ്
തിരുവനന്തപുരം നോർത്ത് ഉപജില്ല
തിരുവനന്തപുരം

# രോഗപ്രതിരോധം

കൈകൾ ഇടയ്ക്കിടെ കഴുകിടേണം
വ്യക്തി ശുചിത്വവും പാലിക്കേണം
ലോകം മുഴുവനും ഭീതിയിലാണേ
കൊറോണ എന്നൊരു രോഗത്താൽ
കൊറോണ എന്നൊരു രോഗത്താൽ
എത്ര ജീവനുകൾ എത്ര ജീവനുകൾ
ഈ രോഗം കാരണം മാഞ്ഞു പോയി
പ്രതിരോധിച്ചീടാം നമുക്കൊരുമിച്ച്
ഈ വ്യാധി ഭൂമിയിൽ നിന്നകലാൻ
കരുതലും പ്രതിരോധവുമത്രേ പ്രതിവിധി
നമുക്കു മുന്നിലായ് തെളിഞ്ഞു കാൺമു
യാത്രകൾ ഒഴിവാക്കി വീട്ടിലിരുന്നിടാം
പ്രതിരോധിച്ചീടാം നമുക്കൊന്നിച്ച്
കൈകൾ ഇടയ്ക്കിടെ കഴുകാൻ മറക്കല്ലേ
വ്യക്തി ശുചിത്വവും പാലിക്കേണം
വ്യക്തി ശുചിത്വവും പാലിക്കേണം

**ദയ ജെ.എസ്**
3 C സെന്റ് ഗൊരേറ്റീസ് എൽ.പി.സ്കൂൾ, നാലാഞ്ചിറ
തിരുവനന്തപുരം നോർത്ത് ഉപജില്ല
തിരുവനന്തപുരം

# ശുചിത്വവും ഉണ്ണിക്കുട്ടിയും

ഇല്ലത്തുണ്ടൊരു ഉണ്ണിക്കുട്ടി
തേനൂറും പൊൻ ചിരിതൂകി
ശുചിയാക്കീടും വീടും പുറവും
ശുചിയായ് മാറ്റും മനസിനെയും
ഉണ്ണുന്നതിന് മുൻപും പിൻപും
കൈയും വായും കഴുകീടും
കുട്ടിക്കാലത്തുള്ളൊരു ശീലം
ആവർത്തിക്കുന്നീ സമയം
കൊറോണ എന്നൊരു ഭീകരൻ വന്ന്
ഭീതി പരത്തും നേരത്ത്
ശുചിത്വ ശീലം കൈമുതലാക്കാം
സോപ്പിട്ടവനെ തുരത്തീടാം
പുറത്ത് പോകും നേരത്ത്
മാസ്ക്ക് വാങ്ങി ധരിച്ചീടാം
ശുചിത്വ ശീലം പാലിച്ച്
കൊറോണയെ തുരത്തീടാം
കൊറോണയെ തുരത്തീടാം

**ഫെർണാണ്ടോ ജസ്റ്റിൻ**
3 C സെന്റ് ഗൊരേറ്റീസ് എൽ.പി.സ്കൂൾ, നാലാഞ്ചിറ
തിരുവനന്തപുരം നോർത്ത് ഉപജില്ല
തിരുവനന്തപുരം

# കൊറോണക്കാലം

തിക്കില്ല, തിരക്കില്ല
നെട്ടോട്ടമാർക്കുമില്ല.
പിസ വേണ്ട, ബർഗർ വേണ്ട.
കൊച്ചമ്മമാർക്ക് ഷോപ്പിംഗ് വേണ്ട.
ഒളിച്ചോട്ടമില്ല, തട്ടിക്കൊണ്ടു പോകൽ ഇല്ല.
കള്ളുകുടിയന്മാരും തെരുവിൽ ഉറങ്ങുന്നില്ല.
യാചകരില്ല, തീർത്ഥാടകരില്ല.
പോക്സോ കേസുകൾ വിരലിലെണ്ണാം
വീട്ടിൽ സന്തോഷം,
സന്ധ്യാപ്രാർത്ഥന ഉള്ളതുകൊണ്ട്
ഒന്നിച്ചൊരോണം പോലെ
അയൽക്കാരെ അറിയാമിപ്പോൾ,.
സുഖവിവരങ്ങൾക്ക് സമയമുണ്ട്.
ഹുങ്ക് കാട്ടി ആരും നടക്കാറില്ല.
വൻപു പറയാനും നോക്കാറില്ല.
വെറുതെ പുറത്തിറങ്ങാൻ ഭയമായി.
എന്തിനു വെറുതെ തല്ലുകൊള്ളുന്നു.
ഒന്നായ് ഇപ്പോൾ നിയമപാലകർ.
ഒന്നിച്ചൊന്നായ് നിലകൊള്ളുന്നു.
മുഖാവരണം ഉപയോഗിക്കാനും.
വ്യക്തി ശുചിത്വം പാലിക്കാനും.
ആരോഗ്യപ്രവർത്തകരെ ഈശ്വരതുല്യം.
കാണാനും നമ്മോടാരും പറയണ്ടിപ്പോൾ.
ഒന്നുണ്ട് ഇപ്പഴും വാറ്റുവാൻ മിനക്കെടുന്നവർ
നന്നാകാൻ ഈ കൊറോണക്കാലത്തല്ലേൽ
പിന്നെ....................????

**റ്റോബി തോമസ്**
8 A സെന്റ് ജോസഫ്സ് എച്ച് എസ് എസ് പുളിങ്കുന്ന്
മങ്കൊമ്പ് ഉപജില്ല, ആലപ്പുഴ